Malayalanadu Weekly, Quilon
15 August 1976
Phones: 2825, 3362

മലയാളനാട്
വാരിക

പത്രാധിപർ
എസ്. കെ. നായർ

താളുകൾ മറിക്കുമ്പോൾ

ലേഖനം:

ഏററുപറച്ചിലുകളെപ്പററിയും ആത്മകഥാകഥനത്തെപ്പററിയും ചില ചിന്തകൾ
— ജോൺമാർക്ക് ചക്കാലക്കൽ 2
ഇരട്ടകൾ
— ഡാ: ശങ്കരപ്പിള്ള, കാനം 12
അനുഭൂതിയുടെ ആഴങ്ങളിൽ എന്തുസംഭവിക്കുന്നു?
— നരേന്ദ്രപ്രസാദ് 46

കവിത:

പ്രശ്നം
— വി. എസ്. ശർമ്മ 16
ശ്രീചക്രഗീത
— നെല്ലിക്കൽ മുരളീധരൻ 56

കഥ:

അണ
— പുനത്തിൽ കുഞ്ഞബ്ദുള്ള 8
മാംസം
— കമലേശ്വർ 26

നോവൽ:

അർച്ചന
— സാറാതോമസ് 20
പ്രേയസി
— സി. രാധാകൃഷ്ണൻ 31
പിതാമഹൻ II
— വി. കെ. എൻ 34

സ്ഥിരം പംക്തികൾ:

സാഹിത്യവാരഫലം
— എം. കൃഷ്ണൻനായർ 17
കണ്ടതും കേൾക്കാത്തതും
— കാനായിശ്ശേരി 54
സിനിമ
— മംഗലശ്ശേരി 57

മുഖചിത്രം:

ഫോട്ടോ രാജൻ കല്ലായി

പുസ്തകം എട്ട് — ☐ ലക്കം പതിമൂന്ന് ☐ 1151 കർക്കടകം 31

ഏററുപറച്ചിലുകളെപ്പററിയും ആത്മകഥാകഥനത്തെപ്പററിയും ചില ചിന്തകൾ

ജോൺ മാർക്കു് ചക്കാലക്കൽ.

ആത്മകഥയെഴുതാൻ തുനിയുന്ന ഏതൊരാളെയും വിഷമിപ്പിക്കുന്ന ഒരു പ്രശ്നമുണ്ടു്. തന്നിൽനിന്നകന്നുനിന്നു്, തന്റെ സാമൂഹികവും ചരിത്രപരവുമായ വ്യക്തിത്വത്തെ, അതിന്റെ നേട്ടങ്ങളേയും പരാജയങ്ങളേയും മനുഷ്യബന്ധങ്ങളേയും ഒന്നൊഴിയാതെ പരിഗണനയിലുൾപ്പെടുത്തി വസ്തുനിഷ്ഠമായി പ്രതിപാദിക്കണമോ? അതോ, എല്ലാവർക്കും അജ്ഞാതനായ, ബാഹ്യമായ എല്ലാ വിലയിരുത്തലുകൾക്കും അതീതനായ തനിക്കു മാത്രം കാണാനാവുന്ന തന്നിലെ ആന്തരികമനുഷ്യന്റെ ഏററവും നിഗൂഢമായ കഥ പറയണമോ? ചരിത്രപഠിതാവിനു് വ്യക്തിയുടെ ആന്തരികജീവിതത്തിലെ വികാരസമ്മർദ്ദങ്ങളേയോ, സ്വപ്നങ്ങളേയോ, വിഹ്വലതകളേയോ സ്പർശിക്കാൻ താല്പര്യം കാണില്ല. ആ വശത്തെ അയാൾ മനഃപൂർവ്വം അവഗണിക്കേണ്ടതായും വരും.

നാമോരോരുത്തരും ഏകരാണു്. എത്ര വലിയ ആൾക്കൂട്ടത്തിലായാലും തനിയെ ആണെന്ന ബോധം നമ്മെ എല്ലായിടത്തും പിന്തുടരുന്നു. ഈ ഏകാകിതാബോധത്തോടൊപ്പംതന്നെ തനിക്കുചുററും ഇരമ്പുന്ന ജീവിതത്തിൽ അനുനിമിഷം അനുഭവവേദ്യമാകുന്ന നവീനതയും ഭയാനകതയും എഴുത്തുകാരന്റെ ആത്മവത്തയുടെ അനിഷേദ്ധ്യഭാഗമാണു്. ഏതുസമയത്തായാലും സ്ഥലത്തായാലും ഓരോ അനുഭവവും അന്യാദൃശമാണെന്നും ഒരിക്കലും ആവർത്തിക്കപ്പെടുകയില്ലാത്ത സംഭവങ്ങളാണെന്നും അറിയുന്നവനാണു് സാഹിത്യകാരൻ.

ആത്മകഥാകഥനത്തോളം ആയാസരഹിതമായ ഒരു സാഹിത്യരൂപം വേറെയില്ലെന്നു തോന്നാം. അനുഭവങ്ങളുടെ അക്ഷയഖനിയല്ലെ എഴുത്തുകാരന്റെ മനസ്സു്? ജീവിതസമസ്യകളുടെ അന്തരാളങ്ങളിലേക്കു് കടന്നുചെല്ലാനുള്ള കരുത്തും ഉൾക്കാഴ്ചയും വായനക്കാരനു ലഭിക്കണമെങ്കിൽ, അന്യാദൃശമായ തന്റെ അനുഭവത്തെ മററുള്ളവർക്കും അനുഭവവേദ്യമാക്കണമെങ്കിൽ, ദീപ്തിമത്തായ തന്റെ അനുഭവത്തിൽനിന്നു് സാഹിത്യകാരൻ കുറച്ചൊരകലം പാലിക്കേണ്ടിയിരിക്കുന്നു. താൻ ജീവിക്കുന്ന പരിസരങ്ങളിലെ സംഭവങ്ങളോടും വ്യക്തികളോടും താൻ എങ്ങനെ പ്രതികരിക്കുന്നു എന്നതാണല്ലോ വാസ്തവത്തിൽ സാഹിത്യകാരന്റെ വിഷയം. തന്റെ സർഗ്ഗപ്രതിഭയുടെ മൂശയിലേക്കു് ഉരുക്കിയൊഴിക്കാനുള്ള അസംസ്കൃതവിഭവം മനുഷ്യന്റെ വികാരവിചാരങ്ങൾതന്നെയാണല്ലോ. ഏറെ വ്യക്തിനിഷ്ഠമെങ്കിലും വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളുടേയും അന്വേഷണപ്രേരണകളുടേയും മേഖലകൾക്കപ്പുറത്തുനിന്നു് വീക്ഷിച്ചാലേ സാഹിത്യത്തിലെ വസ്തുനിഷ്ഠത സാദ്ധ്യമാവൂ. സാഹിത്യകൃതിയിൽ എഴുത്തുകാരന്റെ ആത്മകഥാംശത്തിനു് ഒരു രൂപാന്തരംതന്നെ സംഭവിക്കുന്നു. എല്ലാവരും കണ്ടതും എല്ലാവർക്കും സുപരിചിതവുമായ ജീവിതാനുഭവങ്ങൾക്കു പിന്നിലുള്ള ജീവിതസത്യത്തെ കാണുന്നവനാണു് സാഹിത്യകാരൻ. സമൂഹത്തിൽ താഴ്ന്നോടിയ വേരുകളില്ലാതെ ആർക്കും യഥാർത്ഥമായ സാഹിത്യസൃഷ്ടി നടത്താൻ കഴിയില്ലെങ്കിലും, ജീവിതത്തിൽ താൻ കണ്ടുമുട്ടിയ മനുഷ്യരിൽനിന്നും തീർത്തും സ്വതന്ത്രരായി സാഹിത്യകൃതിയുടേതായ ലോകത്തിൽ ചരിക്കുന്ന മനുഷ്യരെ സാഹിത്യകാരൻ "കണ്ടുപിടിക്കുക"കൂടി ചെയ്യണം. അപ്പോൾമാത്രമേ അവർ ശരിക്കും "ജീവിക്കുന്ന' കഥാപാത്രങ്ങളായിത്തീരൂ. ഒരു പത്രപ്രവർത്തകന്റെ യഥാതഥമായ റിപ്പോർട്ടുമാത്രമായാൽപ്പോരാ എന്നു സാരം.

ആത്മകഥയെഴുതുന്നയാളിന്റെ പ്രശ്നം ഇവിടെയാണു്. എഴുതാനുള്ളതു തന്നെപ്പററിത്തന്നെയാണു്. വേറൊരു മനുഷ്യനെപ്പററി എഴുതുമ്പോഴത്തെ വസ്തുനിഷ്ഠതയോടെ തന്നെപ്പററി എഴുതാൻ തുടങ്ങിയാൽ നഷ്ടപ്പെടുന്നതു് ആത്മകഥയുടെ കാതലായ അംശമാണു്. ഈ പ്രപഞ്ചത്തിൽ ഏകാകിയും അന്യാദൃശനും ആയ സ്വന്തം വ്യക്തിത്വത്തിന്റെ ആഴത്തിലേക്കിറങ്ങിച്ചെല്ലാതെ ഒരുതരം വസ്തുനിഷ്ഠതയെ ലക്ഷ്യമാക്കി എഴുതപ്പെട്ടവയാണു് ആത്മകഥകളിലധികവും. ചരിത്രത്തിൽ നിർണ്ണായകമായ ഒരു പങ്കു വഹിച്ചവരാണു് തങ്ങളെന്നും മൗലികചിന്തയുടെയോ രാഷ്ട്രതന്ത്രജ്ഞതയുടെയോ മണ്ഡലങ്ങളിൽ തങ്ങൾ നൽകിയ കനപ്പെട്ട സംഭാവനകളെപ്പററി എഴുതാൻ ഏററവും യോഗ്യർ തങ്ങൾതന്നെയാണെന്ന നിശ്ചയത്തിൽനിന്നുടലെടുക്കുന്നവയാണു് അത്തരം ആത്മകഥകൾ. ആന്ദ്രേമാൽറോ (Andre Malraux) കോയ്സ്ലർ, (Koestler ആൽബെർട്ട് ഷ്വൈററ്സർ, ഫ്രോയ്ഡ്, ക്രോച്ചെ എന്നിവരുടെ ആത്മകഥകൾ ഓർക്കുക. തങ്ങളുടെ ആത്മകഥ അവർ ജീവിച്ച കാലഘട്ടത്തിന്റെ ചരിത്രമാണു് എന്നു കരുതത്തക്കവിധം ചരിത്രത്തിന്റെ ഗതിവിഗതികളുമായി താദാത്മ്യം പ്രാപിച്ച ചരിത്രപുരുഷന്മാരും തങ്ങളിലെ ആന്തരികമനുഷ്യനെ മാററിനിർത്തിക്കൊണ്ടാണു് ആത്മകഥയെഴുതാറു്. സർ ഓസ്ബെർട്ട് സിററ്വെല്ലിന്റെ നീണ്ട ആത്മകഥയിൽനിന്നു് അദ്ദേഹത്തിന്റെ വലിയ കുടുംബത്തിന്റെ മിഴിവാർന്ന ഒരു ചിത്രം ലഭിക്കുന്നുണ്ടെങ്കിലും ഓസ്ബെർട്ടെന്ന വ്യക്തിയിലെ ആന്തരികമനുഷ്യനെപ്പററി കാര്യമായൊന്നും നമുക്കറിയാൻ കഴിയുന്നില്ല.

മേൽപ്പറഞ്ഞ കാര്യങ്ങളോടു് അധികമാരും വിയോജിപ്പു് പ്രകടിപ്പിക്കുമെന്നു തോന്നുന്നില്ല. തന്റെ സ്വകാര്യജീവിതത്തിന്റെ ഉള്ളറകൾ തുറന്നുകാണിക്കുന്ന സാഹിത്യകാരന്റെ ആത്മകഥ പുറത്തിറങ്ങുമ്പോഴാണു് നിരൂപകരിലും വായനക്കാരിലും ഒരുപോലെ ചേരിതിരിവുണ്ടാകുന്നതു്, അസാമാന്യധൈര്യം കൈമുതലായുള്ളവരെ ഇപ്പണിക്കു തുനിയൂ. അത്തരം ആത്മകഥകളെഴുതുന്നവർ മര്യാദകെട്ട

> തന്റെ സ്വകാര്യജീവിതത്തിന്റെ ഉള്ളറകൾ തുറന്നു കാണിക്കുന്ന സാഹിത്യകാരന്റെ ആത്മകഥ പുറത്തിറങ്ങുമ്പോഴാണു് നിരൂപകരിലും വായനക്കാരിലും ഒരേപോലെ ചേരിതിരിവുണ്ടാകുന്നതു്. അസാമാന്യധൈര്യം കൈമുതലായുള്ളവരേ ഇപ്പണിയ്ക്കു തുനിയൂ. അത്തരം ആത്മകഥകളെഴുതുന്നവർ മര്യാദകെട്ടവരും സഭ്യതയെപ്പററി വിവരമില്ലാത്തവരും തൻപോരിമയുടെ മൂർത്തീഭാവങ്ങളും അസാൻമാർഗ്ഗികളും എക്സിബിഷനിസ്റ്റുകളും അശ്ലീലാഭാസത്തിൽ ഉരുണ്ടു കളിക്കുന്നവരും ഒക്കെയായി ചിത്രീകരിക്കപ്പെടും.

> സമൂഹം ചിത്തയായിരിക്കാം. പക്ഷേ, എല്ലാവരും ചിത്തയാണെന്നു സ്ഥാപിക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്നവരുടെ ഗൂഢാലോചനാസംഘമാണ് സമൂഹം എന്നു പറയുന്നതു ശരിയല്ല. ഇതിനെക്കാൾ ഭേദം കത്തോലിക്കരുടെ കുമ്പസാരക്കൂട്ടിലെ നിഗൂഢതയിൽ പൊതിഞ്ഞ ഏററുപറച്ചിൽ തന്നെയാണു്. അവിടെ ഓരോരുത്തനും അവനവന്റെ കുററം ഏററുപറയുന്നു. സദാചാരത്തിന്റെയും മാന്യതയുടെയും മൂടുപടമണിഞ്ഞ സമൂഹത്തിന്റെ കപടനാട്യത്തെ വെല്ലുവിളിക്കാതെതന്നെ അതു നടക്കുന്നു.

വരും, സഭ്യതയെപ്പററി വിവരമില്ലാത്തവരും, തൻപോരിമയുടെ മൂർത്തീഭാവങ്ങളും അസാന്മാർഗ്ഗികളും എക്സിബിഷനിസ്റ്റുകളും അശ്ലീലാഭാസതയിൽ ഉരുണ്ടുകളിക്കുന്നവരുംഒക്കെയായി ചിത്രീകരിക്കപ്പെട്ടു. അത്തരം ഒരാത്മകഥയിൽ എന്തെങ്കിലും നല്ല അംശം കണ്ടെത്താൻ ശ്രമിക്കുന്നവരും അതേ വിശേഷണങ്ങളാൽ അറിയപ്പെട്ടു. സംസ്കാരത്തിന്റെ നെടുംതൂണുകളായ സാമൂഹ്യസ്ഥാപനങ്ങളെ ആദരിക്കാത്തവയാണ് സംസ്കാരസമ്പന്നരെന്നു ഭാവിക്കുന്നവരുടെപോലും ആന്തരികഭാവങ്ങൾ എന്നു് ഫ്രോയിഡും കൂട്ടരും എന്നേ തെളിയിച്ചതാണ്! ആൾഡസ് ഹക്സ്‌ലി അഭിപ്രായപ്പെട്ടതുപോലെ ഒരുപക്ഷേ സ്വന്തം ജീവിതത്തെക്കുറിച്ചു തോന്നുന്ന ഈ അസാധാരണ താൽപര്യമായിരിക്കാം വലിയ തെററ്. ആന്തരികജീവിതം തുറന്നുകാട്ടുന്ന ഏർപ്പാട് ഒരു വൃത്തികെട്ട സ്വഭാവമായി പലരും കരുതുന്നു. അനാരോഗ്യകരമാണ് അതിൽനിന്നു വമിക്കുന്ന ദുർഗന്ധമെന്നും, അതു് സദാചാരത്തെ അപകടപ്പെടുത്തുമെന്നും സമുദായാചാര്യന്മാർ ഭയപ്പെടുന്നു. കർക്കശമായ ഒരു ധാർമ്മികവീക്ഷണത്തിന്മേൽ തങ്ങളുടെ നിരൂപകധർമ്മത്തെ തളച്ചിട്ടുള്ളവരും അവരെ കടന്നാക്രമിക്കും. പക്ഷേ നിഷ്പക്ഷമതിയായ ഏതൊരുവനും സമ്മതിക്കേണ്ട ഒരു വാസ്തവമുണ്ട്. സത്യത്തിന്റെ ഏററവും എളിയ ദാസരാണ് ആത്മകഥാകൃത്തുക്കൾ. സത്യത്തിന്റെ അസുഖകരങ്ങളായ മുഖങ്ങൾ കാണാനുള്ള കരുത്തില്ലാത്തവർ അതിനുള്ള മാനസികപക്വതനേടേണ്ടിയിരിക്കുന്നു. സാമൂഹ്യശാസ്ത്രജ്ഞന്മാരും മനഃശ്ശാസ്ത്രജ്ഞന്മാരും മനുഷ്യരുടെ ചെയ്തികളെ അളന്നു തിട്ടപ്പെടുത്തി മനുഷ്യനെപ്പററിയുള്ള "ശാസ്ത്രം" നിർമ്മിക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന ഇക്കാലത്തു് ഇത്തരം Pseudo-Scientis's കാണിച്ചുതരുന്ന മനുഷ്യൻ എത്ര ശുഷ്കനാണെന്നും, ചോരയും നീരുമുള്ള മനുഷ്യൻ, "ഇച്ഛിക്കുന്ന നന്മചെയ്യാൻ കഴിയാതെ ഇച്ഛിക്കാത്ത തിന്മതന്നെ ചെയ്യുന്ന" മനുഷ്യൻ അതിൽനിന്നെത്രയോ വ്യത്യസ്തനാണെന്നും കാണിച്ചുതരുന്ന ആത്മകഥാകൃത്തുക്കളോടു നാം ഏറെ കടപ്പെട്ടിരിക്കുന്നു. ഭാഷയിലെ സഭ്യതയെക്കുറിച്ചുള്ള ധാരണകളെ തകർക്കാൻ പോരുന്നവയാകാം ആത്മകഥാകഥനം. സാധാരണ മനുഷ്യൻ ഉപയോഗിക്കുന്ന ഭാഷയുടെ പരിമിതികളെക്കുറിച്ച് ആത്മകഥാകഥനം നമ്മെ ബോധവാന്മാരാക്കുന്നു. രാത്രിയുടെ നിശ്ശബ്ദയാമങ്ങളിൽ പതിഞ്ഞ സ്വരത്തിൽ മന്ത്രിക്കേണ്ട രാഗരഹസ്യങ്ങൾ പുരപ്പുറത്തുനിന്നു് വിളിച്ചുകൂവാനോ ചന്തസ്ഥലത്തു് കൊട്ടിഘോഷിക്കാനോ പാശ്ചാത്യരാജ്യങ്ങളിലെ അശ്ലീല പ്രസിദ്ധീകരണങ്ങൾ വഴി കൺസ്യൂമർ സംസ്കാരംചെയ്യുന്ന പ്രയത്നങ്ങൾക്കു് പുതിയൊരു ഭാഷ്യം നിർമ്മിക്കുകയല്ല ഇപ്പറഞ്ഞതിനർത്ഥം. മനുഷ്യരുടെ സ്വപ്നങ്ങൾപോലും മൊത്തമായും ചില്ലറയായും വിററഴിയ്ക്കാനുള്ള കഴുത്തറുപ്പൻ മത്സരത്തിൽ അശ്ലീലതയുടെയും ആഭാസത്തരങ്ങളുടെയും ചെളിക്കുണ്ടുകളിൽനിന്നു് പുറത്തേക്കു് കൊണ്ടുവരാത്തതൊന്നുമില്ലെന്നു് അവിടങ്ങളിലെ ന്യൂസ് സ്റ്റാൻറുകളുടെ മുമ്പിൽ പ്രദർശിപ്പിച്ചിരിക്കുന്ന വർണ്ണക്കവർ ചിത്രങ്ങൾ കണ്ടാൽ മനസ്സിലാവും. അശ്ലീലതയുടെ ഈ പ്രളയം ഭാഷയ്ക്കു വരുത്തിവച്ചിരിക്കുന്ന അപകടങ്ങളെപ്പററി പ്രസിദ്ധനിരൂപകൻ ജോർജ്ജ് ഷ്റൈറനർ (George Steiner) തന്റെ Night Words എന്ന പ്രബന്ധത്തിൽ വിവരിച്ചിട്ടുണ്ട്. മനുഷ്യന്റെ സ്വകാര്യതയുടെമേൽ അശ്ലീലപ്രസിദ്ധീകരണങ്ങൾ നടത്തുന്ന ഈ കടന്നാക്രമണത്തിന്റെ ഭവിഷ്യത്തുകളെപ്പററി ഗൗരവപൂർവ്വം ചിന്തിക്കണമെന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു. അനേകായിരം മില്യൺ ഡോളർ മുതൽമുടക്കുള്ള Porno Industry യുടെ ആക്രമണത്തിന്റെ ദുരന്തഫലങ്ങൾ ലോകമെങ്ങുമുള്ള ഭാഷകൾക്കു് അനുഭവപ്പെടുന്നുണ്ടെന്നതു് ഒരു വാസ്തവം മാത്രമാണ്. പക്ഷേ ഈ യാഥാർത്ഥ്യങ്ങൾ വിസ്മരിക്കാതെതന്നെ ആത്മകഥാകഥനത്തിലെ ധീരമായ പ്രസ്താവനകളെ അവയുടെ മുഖവിലയ്ക്കെടുക്കുവാൻ നാം പരിശ്രമിക്കണം.

ലോകസാഹിത്യത്തിലെ പേരുകേട്ട രണ്ടു് ആത്മകഥകളാണല്ലോ റൂസ്സോയുടെയും സെൻറഗസ്റ്റിന്റെയും Confessions രണ്ടിലും ചരിത്രപരമായ വസ്തുനിഷ്ഠതയ്ക്കൊരുമ്പെടാതെ അവരവർക്കു് പ്രധാന

പ്രശസ്തസാഹിത്യകാരിയായ
മാധവിക്കുട്ടി
ഒരു നീണ്ട കഥയെഴുതുന്നു
'രോഹിണി'

⁂

എഴുത്തുകാരുടെ മനസ്സിന്റെ അറകൾ
മലർക്കെത്തുറന്നു്, ചിരിയുടേയും
ചിന്തയുടേയും കണ്ണീരിന്റേയും
നെടുവീർപ്പുകളുടേയും
അത്ഭുതലോകങ്ങൾകാട്ടിത്തരുന്ന
വി. ബി. സി. നായർ
'പൂർണ്ണതതേടുന്ന
അപൂർണ്ണബിന്ദുക്കൾ'
ഫീച്ചർ മൂന്നാംഭാഗം!

⁂

ഏഴ കഥകൾ
ഏഴ കവിതകൾ

⁂

മലയാളത്തിലെ ഏററവുമധികം
ചർച്ചചെയ്യപ്പെടുന്ന
ഏകവിശേഷാൽപ്രതി

മലയാളനാട്
ഓണപ്പതിപ്പ്
1976

ഒററപ്രതി
1 രൂപാ 50 പൈസ

ങ്ങളെന്നു തോന്നിയ കാര്യങ്ങളെക്കുറിച്ചാണ് തൽകർത്താക്കൾ എഴുതിയിരിക്കുന്നത്. ഏററവും അടുത്തറിയുന്ന വ്യക്തിയെപ്പററി—തന്നെപ്പററിത്തന്നെ—യാണ് അവരെല്ലാവരും പറയുന്നത്. നഗ്നസത്യമാണ് അവരുടെ അളവുകോൽ. റൂസ്സോയും, സിമോൺ ദി ബുവ്വായും, ഹെൻറിമില്ലറും അവരുടെ ആത്മകഥകൾ എഴുതിയില്ലെന്നു കരുതുക. ആരും സംശയിക്കുക പോലുമില്ല ആത്മകഥയിൽ അനാവരണം ചെയ്യപ്പെടുന്ന അവരുടെ വ്യക്തിത്വത്തെപ്പററി. വസ്തുനിഷ്ഠത ലക്ഷ്യമാക്കി ചരിത്രം എഴുതുന്ന ചരിത്രകാരന്മാക്ക് അവഗണിക്കാൻ വയ്യാത്തവിധം, അവർ തുറന്നു കാട്ടുന്ന ആത്മനിഷ്ഠമായ വ്യക്തിത്വം ചരിത്രത്തിൻെറ ഒരു ഭാഗമായിത്തീരുന്നു. റൂസ്സോയുടെ ആത്മകഥയുടെ കാര്യത്തിലാണെങ്കിൽ ലോകചരിത്രത്തിൽ വിപ്ലവകരമായ ഒരു സ്ഥാനമാണല്ലോ അതു നേടിയെടുത്തിരിക്കുന്നത്. സമൂഹത്തിൽ പൊതുപ്രവർത്തനത്തിലേർപ്പെടുന്ന മനുഷ്യൻെറ പൊതുജീവിതത്തിന് വസ്തുനിഷ്ഠമായ ഒരു ചരിത്രം ഉണ്ടെന്നത് വാസ്തവമാണ്: റൂസ്സോയെ ഒരു ചിന്തകനെന്നോ സിമോൺ ദി ബുവ്വായെ ഒരെഴുത്തുകാരിയെന്നോ സമൂഹം ലേബലൊട്ടിക്കുമ്പോൾ ആത്മകഥാകൃത്തു പറയുന്നു: "ഇതാ ഞാൻ, നിങ്ങൾക്കജ്ഞാതനും അന്യാദൃശനും ആയ ഞാൻ ആരാണെന്ന് നിങ്ങൾക്കറിയണോ?" ചരിത്രകാരന്മാർ നൽകുന്ന വിവരണങ്ങളുടെ സത്യസന്ധതയെ ഒട്ടൊക്കെ സംശയത്തോടെയേ നമുക്ക് സ്വീകരിക്കാനാവൂ. ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റൻറ് നവീകരണത്തിൻെറ പിന്നിലെ പ്രധാനകാരണം ഊർജ്ജസ്വലനും എടുത്തുചാട്ടക്കാരനുമായ ഹെൻറി എട്ടാമന് കൊട്ടാരം പരിചാരികയായിരുന്ന ആനിബോളിനോട് തോന്നിയ അതിരു കടന്ന ഭ്രമമാണെന്ന് പറയുന്ന ചരിത്രകാരൻ എളുപ്പം തെററി വീഴാവുന്ന ഒരു തലത്തിലാണ് സഞ്ചരിക്കുന്നത്. ഹെൻറി എട്ടാമൻെറ കാലത്ത് ജീവിച്ചിരുന്ന മററു മനുഷ്യരുടേയും പ്രവൃത്തികൾക്കു പിന്നിലെ പ്രേരകശക്തികളെപ്പററി ചരിത്രകാരൻ സംസാരിക്കേണ്ടിയിരിക്കുന്നു. മാർപ്പാപ്പായുടെ വശത്തു ചേർന്ന് രക്തസാക്ഷിത്വം വരിച്ച തോമസ് മൂർ, ബിഷപ്പ് ഫിഷർ, മാർപ്പാപ്പായുടെ പ്രതിനിധിയും ലോർഡ് ചാൻസലറുമായിരുന്ന കാർഡിനൽ വൂൾസി, തോമസ് ക്രാൻമർ, തോമസ് ക്രോംവെൽ, രാജ്ഞിയായിരുന്ന കാഥറീൻ, ക്ളെമൻറ് ഏഴാമൻ മാർപ്പാപ്പാ എന്നുവേണ്ട ആ നാടകീയസംഭവങ്ങളിൽ പങ്കെടുത്ത എല്ലാവരുടേയും വ്യക്തിനിഷ്ഠമായ കാഴ്ചപ്പാടുകളെപ്പററി ആർക്കറിയാം? ചരിത്രകാരൻെറ മേഖലയല്ലെന്നു പറയുമായിരിക്കും. അത്രയ്ക്ക് പരിമിതമാണ് യാഥാർത്ഥ്യചിത്രീകരണത്തിൽ ചരിത്രത്തിൻെറ കാഴ്ചപ്പാട്. എല്ലാവർക്കും തങ്ങളുടെ ഉള്ളിൽ നിലയുറപ്പിച്ചു കൊണ്ട് ബാഹ്യലോകത്തെ നോക്കിക്കാണുന്ന ഒരു വീക്ഷണകോണമുണ്ടായിരുന്നെങ്കിൽ അവയുടെയെല്ലാം ആകത്തുകയായിരുന്നേനെ യഥാർത്ഥലോകചരിത്രം.

എല്ലാ ഏററുപറച്ചിലുകളിലും വ്യക്തി സമൂഹത്തോട് സംസാരിക്കുകയാണ്. സദാചാരത്തിൻെറ തൊലിയുരിക്കുന്ന തരത്തിലുള്ള ആത്മകഥാകഥനത്തിൽ പോലും വസ്തുനിഷ്ഠമായ ഒരു ധാർമ്മികന്യായാസനത്തിൻ മുമ്പാകെയാണ് വ്യക്തി തൻെറ ഭാഗം വാദിക്കുന്നത്. ഏതു ആത്മകഥയിലും ഇതു തെളിഞ്ഞു കാണാം. തീർത്തും ഏകനായിരിക്കാൻ ആത്മകഥാകൃത്ത് ഇഷ്ടപ്പെടുന്നില്ല. സ്വന്തം ആത്മാവിൻെറ പേടിപ്പെടുത്തുന്ന ഏകാന്തതയിൽ നിന്ന് രക്ഷപ്പെട്ട്, തന്നെക്കാൾ വലുതായ ഒരു പൂർണ്ണതയുമായി സ്വയം ബന്ധിക്കാനുള്ള അടക്കിനിർത്താനാവാത്ത ഒരു വെമ്പലാണ് ആത്മകഥാകഥനങ്ങൾ. തന്നോടു പൊറുക്കണമെന്നും, അതിനിശിതമായിത്തന്നെ ആക്ഷേപിച്ചുകൊള്ളാനും, അങ്ങനെ സമൂഹമദ്ധ്യത്തിൽനിന്ന് തന്നെ പുറംതള്ളരുതെന്നും ഉള്ള ഒരഭ്യർത്ഥനയാണ് ഏതു ആത്മകഥയിലും അടങ്ങിയിരിക്കുന്നത്, പരോക്ഷമായെങ്കിലും.


ഒരു ആത്മകഥയിലോ ഹെൻറി മില്ലറോ, സിമോൺ ദി ബുവ്വായോ മാധവിക്കുട്ടിയോ 'ഇതാണു ഞാൻ; പറയരുതാത്ത ചിന്തകൾ എന്നിലുണ്ടായിട്ടുണ്ട്, ചെയ്യരുതാത്തതു ചെയ്യാൻ ആഗ്രഹിച്ചിട്ടുണ്ട്' എന്നൊക്കെ പറയുമ്പോൾ അതു വെറും പ്രസിദ്ധി നേടാനുള്ള ട്രിക്ക് മാത്രമായി കാണണം എന്നു നിർബന്ധം മര്യാദയ്ക്കു ചേർന്നതാണോ? മനുഷ്യനു അവനെപ്പററിത്തന്നെയുള്ള സത്യം മററുള്ളവരോടു പറയാനുള്ള സ്വാതന്ത്ര്യത്തിനു [illegible] [illegible] യഥാർത്ഥ [illegible] കത.



മനുഷ്യഹൃദയങ്ങളിലൊളിച്ചിരിക്കുന്ന നിഗൂഢമായ ഈ ആഗ്രഹത്തിൻെറ ഏററവും നല്ല ഒരു ഉദാഹരണമാണ് റൂസ്സോയുടെ Confessions ൻെറ ആദ്യപേജുകളിൽ കാണുന്നത്. നാളിതുവരെ ആരും ചെയ്യാൻ തുനിയാത്ത ഒരു കാര്യമാണ് താൻ ചെയ്യാൻ തുടങ്ങുന്നതെന്ന് പറഞ്ഞുകൊണ്ടാണ് റൂസ്സോ തൻെറ ആത്മകഥ തുടങ്ങുന്നതു തന്നെ. തന്നെക്കുറിച്ചുള്ള സമ്പൂർണ്ണസത്യം വെളിപ്പെടുത്തുകയാണ് റൂസ്സോയുടെ ലക്ഷ്യം. അവസാനവിധിദിവസം ദൈവത്തിൻെറ വിധിപീഠത്തിനു മുമ്പിൽ കൂടിയിരിക്കുന്ന മനുഷ്യകോടികൾക്കു മുമ്പാകെ തൻെറ ആത്മകഥയുമായി താൻ നിൽക്കുന്ന ചിത്രം വിഭാവനം ചെയ്തുകൊണ്ടാണ് റൂസ്സോയുടെ Confessions ആരംഭിക്കുന്നത്. ലോകാരംഭം മുതൽ ജീവിച്ചിട്ടുള്ള മനുഷ്യരെല്ലാവരുടേയും മുമ്പിൽ വച്ച് റൂസ്സോ തൻെറ കഥ വായിക്കുകയാണ് ഒരററംമുതൽ മറേറ അററം വരെ, നിത്യതയുടെ നിസ്സാരമല്ലാത്ത ഒരു ഭാഗം തന്നെ ആ വായനയെടുത്തു കാണും. തൻെറ കഥ മുഴുവൻ മനുഷ്യരെയും ദൈവത്തേയും വായിച്ചു കേൾപ്പിച്ച ശേഷം റൂസ്സോ ഒരു വെല്ലുവിളി നടത്തുകയാണ്: ആർക്കാണ് താൻ റൂസ്സോയെക്കാൾ നല്ലവനാണെന്ന് പറയാൻ ധൈര്യമുള്ളത്? അങ്ങനെ ആരെങ്കിലും അവകാശപ്പെടുന്നുണ്ടെങ്കിൽ അവൻ ഒരു മഹാനുണയനാണെന്നാണ് ദൈവം വിധിക്കുക അത്രെ. If I am not like others, at least, I am different from others" എന്ന് പറഞ്ഞ റൂസ്സോ വാസ്തവത്തിൽ ഇവിടെ മററുള്ളവരെപ്പോലെയാണ് താനെന്ന് സ്ഥാപിക്കാനുള്ള ശ്രമമല്ലേ നടത്തുന്നത്? മനുഷ്യരെല്ലാവരും ഒരു പോലെ കൊള്ളരുതാത്തവരാണെന്ന് ദൈവവും മനുഷ്യരും സമ്മതിക്കണമെന്നാണ് റൂസ്സോയുടെ വാശി. മനുഷ്യരെയെല്ലാവരേയും തൻെറ തലത്തിലേക്ക് താഴ്ത്തിക്കെട്ടാനുള്ള ഈ വ്യഗ്രതയുടെ ന്യായാന്യായതയെപ്പററി ഒരു വിധി പറഞ്ഞില്ലെങ്കിൽ പോലും തന്നെക്കാൾ നല്ലവരാണെന്ന് നെഞ്ഞത്ത് കൈവെച്ചു പറയാൻ ധൈര്യമുണ്ടോ എന്നു വെല്ലുവിളിക്കുന്നതിലെ ഔദ്ധത്യം ഗർഹണീയമാണെന്നുപറയാതെ തരമില്ല. അതുകൊണ്ടുതന്നെയല്ലേ റൂസ്സോയെന്ന പേരു കേൾക്കുമ്പോഴേക്കും നെററി ചുളിയുന്നത്? സമൂഹം ചീത്തയായിരിക്കാം. പക്ഷെ, എല്ലാവരും ചീത്തയാണെന്ന് സ്ഥാപിക്കാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്നവരുടെ ഗൂഢാലോചനാസംഘമാണ് സമൂഹം എന്ന് പറയുന്നത് ശരിയല്ല. ഇതിനേക്കാൾ ഭേദം കത്തോലിക്കരുടെ കുമ്പസാരക്കൂട്ടിലെ നിഗൂഢതയിൽ പൊതിഞ്ഞ ഏററുപറച്ചിൽ തന്നെയാണ്. അവിടെ ഓരോരുത്തനും അവനവൻെറ കുററം ഏററുപറയുന്നു. സദാചാരത്തിൻെറയും മാന്യതയുടെയും മൂടുപടമണിഞ്ഞ സമൂഹത്തിൻെറ കപടനാട്യത്തെ വെല്ലുവിളിക്കാതെതന്നെ അതു നടക്കുന്നു. തന്നെപ്പററിയുള്ള സമ്പൂർണ്ണസത്യം വെളിപ്പെടുത്തുകയാണ് തൻെറ ഏററുപറച്ചിലിൻെറ ലക്ഷ്യം എന്നു പറയുന്നുണ്ടെങ്കിലും റൂസ്സോ ആ ശ്രമത്തിൽ വിജയിക്കുന്നില്ല. (തുടരും)

—o—

ആൺ

കഥാമാലിക—രണ്ടു്

പുനത്തിൽ കുഞ്ഞബ്ദുള്ള

കാണണമെങ്കിൽ രണ്ടുറുപ്പികയുടെ ഒരു ടിക്കറ്റെടുക്കണം. തർക്കിക്കാനും കാത്തുനിൽക്കാനും ഞങ്ങൾക്ക് സമയമില്ലായിരുന്നു: വൈകുന്നേരം ഏഴുമണിക്ക് ബസ്സ് പുറപ്പെടും. രണ്ടുമണിക്കൂർകൊണ്ട് മറ്റൊരു തെരുവുതേടി നടക്കാൻ അപരിചിതമായ ആ പട്ടണത്തിൽ ഞങ്ങൾ മൂന്നു മലയാളികൾക്കെങ്ങിനെ സാദ്ധ്യമാവും.

ആറുറുപ്പിക ഞാനാണ് കൊടുത്തതു്. പ്രവേശനം എന്റെവക തന്നെയാവട്ടെ.

ആറുറുപ്പിക കയ്യിൽ കിട്ടിയപ്പോൾ ബ്രാണ്ടി മണക്കുന്ന കൊമ്പൻ മീശക്കാരൻ അതു വലിപ്പിലിട്ടു പൂട്ടിയശേഷം ഞങ്ങളെ രൂക്ഷമായി നോക്കി. അവന്റെ കണ്ണുകളിലെ സൂക്ഷ്മങ്ങളായ ഞരമ്പുകൾ പോലും ചുവന്നിരുന്നു. അവന്റെ ഇടതു ചെവിയിൽനിന്നും മഞ്ഞച്ച ചലം ഒലിക്കാനായി കാത്തുനില്ക്കുന്നുണ്ട്. വലത്തെ ചെവിയിൻ ഒരു ഇയർഫോണും. ഞങ്ങൾ എന്തു ചോദിക്കുമ്പോഴും അവൻ ഞങ്ങളോടടുക്കും. അന്നേരം ചലത്തിന്റെ ഗന്ധവും ബ്രാണ്ടിയുടെ മണവും സമ്മിശ്രമായ ഒരു വികാരം ഞങ്ങളിൽ ഉണത്തി.

കുപ്പിച്ചില്ലുകൾ കൊണ്ടുണ്ടാക്കിയ വിരി നെടുകെ പിളരുമ്പോൾ ചിഞ്ചിലാരവമുണ്ടായി. അവനാണ് അതു പിളത്തിയതു്. ഞങ്ങൾ അകത്തുകടന്നു.

തടിച്ച ഒരു മദ്ധ്യവയസ്ക ഒരു സ്റ്റൂളിലിരുന്ന് നിലക്കടല പൊട്ടിച്ചുതിന്നുകയാണ്: അവരുടെ ചന്തി സ്റ്റൂളിനു ചുറ്റും പരന്നിട്ടുണ്ട്. താഴെ കടലത്തോടിന്റെ കൂമ്പാരം. ഇടതുകയ്യിൽ കത്തിച്ചു നിത്തിയ ചാർമിനാർ സിഗരറ്റ്. ലിപ്സ്റ്റിക്കിട്ട തടിച്ച അണുപ്രസരമുള്ള ചുണ്ടിൽ ചാർമിനാർവെച്ച് പുക അകത്തേക്കാവഹിച്ചശേഷം അവർ ഞങ്ങളെ നോക്കി.

ഒരായിരം ആണുങ്ങളുടെ (വൃത്തികെട്ട) കഥ പറയാനുണ്ടായിരുന്ന അവരുടെ കണ്ണുകൾ, [illegible] കെട്ടാൻ തുടങ്ങിയ ആ കണ്ണുകളുടെ ആഴത്തിൽ [illegible] ചരിത്രത്തിന്റെ താളിയോലകൾ ഒളിച്ചുവെച്ച പോലെ തോന്നി.

കുറേനേരം അവർ ഞങ്ങളെ നോക്കിക്കൊണ്ട് എന്തോ മണം പിടിച്ചുനിന്നു. പിന്നെ ബ്രാണ്ടികുടിച്ച മീശക്കാരനെ അടുത്തുവിളിച്ച് അവന്റെ ചെവിയിൽ എന്തോ പറയുകയോ ചോദിക്കുകയോ ചെയ്തു. ഞങ്ങളേക്കുറിച്ച് എന്തോ സംശയം തോന്നിയിരിക്കണം.

“ഛേ, “അവൻ പറഞ്ഞു.” മലയാളികളാ. ഈ മാസം ആ നാട്ടിൽനിന്നും ഒരൊറ്റ സി. ഐ. ഡിയും ഇവിടെ ഇറങ്ങിയിട്ടില്ല.”

“തീർച്ചയാണോ?”

“ഇന്നലെയല്ലെ ഇൻസ്പെക്ടർ ശർമ്മ ഇവിടെ വന്നതു്? ലക്ഷ്മീഭായിക്ക് എന്തു മറവിയാണ് പറ്റിയതു്.”

അവർ എഴുന്നേറ്റു. നൈറ്റ് ഗൌണിന്റെ കീശയിൽനിന്നും കടലയെടുത്തു പൊട്ടിച്ചു തിന്നുകൊണ്ട് അവർ വിളിച്ചു.

“മക്കളേ.”

കേൾക്കേണ്ട താമസം, ഒരു സംഘനൃത്തത്തിന്റെ പശ്ചാത്തലസംഗീതം ഉയരുന്നപോലെ തോന്നി, ആദ്യം. പിന്നെ പൊട്ടിച്ചിരികളും കാലടിയൊച്ചകളും.

പത്തു പതിനാറു സുന്ദരികൾ ഞങ്ങൾക്കു മുന്നിൽ വെറും ഷഡ്ഡിയും ബ്രായുമായി വന്നുനിന്നു.

ചാർമിനാർ വലിച്ചു കുറ്റിയെറിഞ്ഞ ശേഷം തള്ള എന്റെ ചുമലിൽ തട്ടിക്കൊണ്ടു ചോദിച്ചു.

“നിനക്കേതിനെ വേണം?”

വലിയ പ്രയാസത്തിലായി ഞാൻ, എല്ലാം ഒരുപോലെ-സുന്ദരികൾ. ഒന്നിന്റെ കണ്ണ് ഭയങ്കരം. ഒന്നിന്റെ പുഞ്ചിരി അസാദ്ധ്യം. ഒന്നിന്റെ മാറിൽ ഇരുമ്പുരുക്ക്. ഞാൻ വലിയ കൺഫ്യൂഷനിലായി.

“വേഗം പറ.”

എനിക്കു സമയമില്ലായിരുന്നു.

ഇളം കറുപ്പുനിറത്തിൽ, ഒത്ത ഉയരവും നീലകണ്ണുകളുമുള്ള ഒരു സുന്ദരിയെ ചൂണ്ടി ഞാൻ പറഞ്ഞു.

“ഇതു മതി.”

അതു കേൾക്കേണ്ട താമസം ഒരു ഇരയെ സമീപിക്കുമ്പോലെ അവൾ മെല്ലെ മെല്ലെ എന്റെ അടുത്തേക്കു നീങ്ങാൻ തുടങ്ങി. അപ്പോൾ അവളുടെ തടിച്ച തുടകൾ കൂട്ടിയുരുമ്മിക്കൊണ്ടിരുന്നു.

“ഇരുപതുറുപ്പിക.” അപ്പോൾ നിലക്കടല പൊട്ടിക്കുന്നതു് അവർ നിത്തിവെച്ചു. ഞാൻ കൊടുത്ത പണത്തിന്റെ രണ്ടു നോട്ടുകൾ അവർ ഗൌണിന്റെ മറ്റേ പോക്കറ്റിലിട്ടു.

ഞാൻ ഇഷ്ടപ്പെട്ട പെൺകുട്ടി എന്നേയുംകൂട്ടി ഒരു മുറിയിൽ കയറി വാതിലടച്ചു.

ഈ പുതിയ വികാസങ്ങൾ ഇത്രയും വലിയ കുഴപ്പങ്ങളുണ്ടാക്കുമെന്നും, എന്റെ ജീവിതം നശിപ്പിക്കുമെന്നും ഞാനറിഞ്ഞിരുന്നില്ല.

ഡോക്ടറുടെ മുഖത്തു് യാതൊരു ഭാവഭേദവുമില്ല. എല്ലാം ചോദിച്ചറിഞ്ഞ ശേഷം അദ്ദേഹം എന്നോട് അണ്ടർവെയർ അഴിക്കാൻ പറഞ്ഞു. തൊടാൻ പാടില്ലാത്ത എല്ലാ സ്ഥലങ്ങളിലും അദ്ദേഹം തൊട്ടു. കാണാൻ പാടില്ലാത്തതെല്ലാം ഡോക്ടർ നോക്കി. കൈവിരൽകൊണ്ട് ഞെക്കി.

ചലം ഒരു സ്ലൈഡിലാക്കി; സൂക്ഷ്മദർശിനിയിൽ പരിശോധിക്കാൻ.

ഡെറ്റോൾ ലോഷനിൽ കൈകഴുകുമ്പോൾ എന്നോടു പറഞ്ഞു.

“നീ ഒരു വിഡ്ഢിയാണ്.”

ഞാനതു് സമ്മതിച്ചു. അല്ലെങ്കിൽ ആരെങ്കിലും ഇതിനെല്ലാം സമ്മതിക്കുമോ?

“ഇരുപത്തിരണ്ടുറുപ്പിക നീ ചിലവാക്കി. അതിന്റെകൂടെ ഒരു പതിനഞ്ചുരൂപകൂടി നീ ചിലവാക്കിയിരുന്നെങ്കിൽ നിനക്കിവിടെ വരേണ്ട ഗതികേടും ഈ വയ്യാവേലിയും ഉണ്ടാകുമായിരുന്നില്ല.”



ഞാൻ അന്തംവിട്ടുനിൽക്കുമ്പോൾ ഇന്ത്യയിലെ പ്രാദേശിക ഭാഷകൾ ഒന്നിനു കീഴെ ഒന്നായി അച്ചടിച്ച ഒരു പേക്കററ് അദ്ദേഹം എന്റെ കയ്യിൽ വെച്ചുതന്നു. അതിന്റെ മുകളിൽ ഭാഷകൾക്കു പുറമെ രണ്ടു ചിത്രങ്ങളുമുണ്ടായിരുന്നു. ഒരു പത്തുപൈസയുടേയും ഒരഞ്ചുപൈസയുടേയും. ഒരു വിവാഹവേദിപോലെ ആ രണ്ടു നാണയങ്ങളും അടുത്തടുത്ത് നിലകൊണ്ടു.

ഡോക്ടറുടെ മുറിയിൽ ചലനങ്ങൾ ആരംഭിച്ചു.

നേഴ്സ് തിളക്കുന്ന സ്റ്റെറിലൈസറിൽ നിന്നും സിറിഞ്ചെടുത്തു.

ഏതോ ഒരിഞ്ചക്ഷന്റെ കുപ്പി പൊളിക്കാൻ തുടങ്ങി നേഴ്സ്. അവൾ വെളുത്ത വസ്ത്രമാണ് ധരിച്ചിരിക്കുന്നതു്. അവളുടെ ദേഹത്തിന്റെ നിറവും അതുതന്നെ ഡിസ്റ്റിൽ വാട്ടർ ഉപയോഗിച്ച് കലക്കി തെളിയിച്ച മരുന്നിന്റെ നിറവും അതുതന്നെ. കൂവപ്പൊടി കട്ടിയിൽ കലക്കിയതുപോലെ.

ഡോക്ടർ എന്നോട് കമഴ്ന്ന് കിടക്കാൻ പറഞ്ഞു.

എന്റെ മുണ്ട് അഴിച്ചതു് ഡോക്ടർ തന്നെ. രണ്ടു ചന്തിയിലും തുടസ്സുമ്പോൾ സ്പിരിററിന്റെ ഗന്ധമുയന്നു.

സൂചി ചന്തിക്കകത്ത് കയറിയപ്പോൾ വേദന ഞാനറിഞ്ഞില്ല. പക്ഷേ സിറിഞ്ചിന്റെ പിസ്റ്റൺ ഡോക്ടർ അമർത്താൻ തുടങ്ങിയപ്പോൾ ഈരേഴുലോകവും ഞാൻ കണ്ടു.

ഏറെനേരം ഞാൻ കിടന്നു.

വേദന മാറിയപ്പോൾ എക്സാമിനേഷൻ റൂമിനടുത്തുള്ള ഡോക്ടറുടെ കൺസൾട്ടിംഗ് റൂമിലേക്ക് എന്നെ വിളിപ്പിച്ചു.

ഡോക്ടർ കുഴൽ കഴുത്തിലിട്ട് പുഞ്ചിരിച്ച് എന്നോട് ഇരിക്കാൻ പറഞ്ഞു.

എന്റെ അച്ഛൻ എനിക്ക് മൂന്നു മാസമായപ്പോൾ തന്നെ കോളറ പിടിപെട്ടു പെട്ടെന്നു മരിച്ചുപോയിരുന്നു എന്നെ ഇതുവരെ പോററി വളത്തിയതും ശാസിച്ച് നിലക്കുനിർത്തിയതും എന്റെ അമ്മയാണ് അച്ഛനില്ലാത്ത സങ്കടം ഞാനറിഞ്ഞിട്ടില്ല എനിക്കു വേണ്ടതെല്ലാം എന്റെ അമ്മ ചെയ്തു തന്നു.

അധികം വരവൊന്നുമില്ലാത്ത, ഒരു സ്കൂൾടീച്ചറാണ് എന്റെ അമ്മ. എന്നെ സിഗരററു വലിക്കാനും ഇഷ്ടപ്പെട്ട പെൺകുട്ടിയെ പ്രേമിക്കാനും എന്റെ അമ്മ അനുവദിച്ചു.

കോളേജിൽ ചേരാൻ പോകുമ്പോൾ എന്നെ എന്റെ അമ്മ ഉപദേശിച്ചു.

നീ കളവുപറഞ്ഞാലും തരക്കേടില്ല. കട്ടാലും തരക്കേടില്ല. പരീക്ഷയിൽ തോററാലും തരക്കേടില്ല. പക്ഷെ ചീട്ടുകളിക്കരുത്. കള്ളുകുടിക്കരുത്. വ്യഭിചരിക്കരുത്. എന്നാൽ ചീട്ടുകളിച്ചാലും തരക്കേടില്ല. കള്ളുകുടിച്ചാലും തരക്കേടില്ല. പക്ഷെ നീ ഒരിക്കലും വ്യഭിചരിക്കരുത്.

സത്യം ചെയ്ത് അമ്മയുടെ കാല്ക്കീഴിൽ ഞാൻ വീണു,

ആ അമ്മയാണ് ഡോക്ടറുടെ തൊട്ടടുത്തുള്ള മറെറ കസേരയിൽ.

ഡോക്ടർ എന്റെ അമ്മയോടു പറഞ്ഞു.

“ഇഞ്ചക്ഷൻ ചെയ്ത ചന്തിയിൽ ചൂടുവെള്ളം പിടിച്ചുകൊടുക്കണം. അല്ലെങ്കിൽ ചിലപ്പോൾ അവിടം കുരുവായി മാറും. ഞാൻ തന്നെ അതു് കീറി ചലം പുറത്തെടുക്കേണ്ടിയും വരും.”

അമ്മ തന്റെ പഴയ തോൽ ബേഗിൽ നിന്നും ശമ്പളം വാങ്ങിയ പുതിയ നോട്ടുകൾ എടുത്തു ഡോക്ടർക്ക് കൊടുത്തു.

“ശരി.” ഡോക്ടർ പണം എണ്ണിനോക്കിക്കൊണ്ടു പറഞ്ഞു:

ഇറങ്ങാൻനേരം അമ്മ ചോദിച്ചു.

(ശേഷം 53-ൽ)

ഡാ: ശങ്കരപ്പിള്ള, കാനം

ഇരട്ടകൾ



മനുഷ്യനെ സംബന്ധിച്ചിടത്തോളം ഒരു പ്രസവത്തിൽ ഒരു ശിശു എന്നതാണു സാധാരണസംഭവം. എന്നാൽ ചില ജന്തുവർഗ്ഗങ്ങളിൽ രണ്ടോ അതിലധികമോ ശിശുക്കൾ ഒരു പ്രസവത്തിൽ തന്നെ ജനിക്കുന്നതു് അസാധാരണമല്ല. ജന്തുവർഗ്ഗത്തിന്റെ സ്വഭാവമനുസരിച്ചു് പാരമ്പര്യമായി നിശ്ചയിക്കപ്പെടുന്നതാണു് ശിശുക്കളുടെ എണ്ണം. പശുക്കൾ സാധാരണ ഒരു കിടാവിനു മാത്രം ജന്മം നൽകുമ്പോൾ പട്ടികൾ നിരവധി കുട്ടികൾക്കു ജന്മം കൊടുക്കുന്നു. പ്രായപൂർത്തിയായ ജീവിയുടെ വലിപ്പവും പ്രസവത്തിലുണ്ടാകുന്ന ശിശുക്കളുടെ എണ്ണവും തമ്മിൽ ബന്ധമുണ്ടു്. വലിപ്പം കൂടുന്തോറും ശിശുക്കളുടെ എണ്ണം കുറയുന്നു. ഗർഭകാലം 150 ദിവസത്തിൽ കൂടുതലാണെങ്കിൽ ശിശുവിന്റെ എണ്ണം ഒന്നുമാത്രമായിരിക്കും. രണ്ടു സ്തനങ്ങൾ മാത്രമുള്ള ജന്തുക്കൾ സാധാരണ ഒരു ശിശുവിനു മാത്രം ജന്മം നൽകുന്നു. കൂടുതൽ ആയുസ്സുള്ള ജീവികളും ഒററ ശിശുക്കളെയാണു പ്രസവിക്കാറുള്ളതു്.

ഇത്തിരിചരിത്രം

ഇരട്ടകൾ പുരാതനകാലം മുതല്ക്കുതന്നെ ഉണ്ടായിക്കൊണ്ടിരുന്നിരിക്കണം. നിരവധി ശിശുക്കൾക്കു ജന്മം നൽകിയ രേഖപ്പെടുത്തപ്പെട്ട ആദ്യത്തെ പ്രസവം നടന്നതു് ഏ. ഡി. 1600 ലാണു്. പ്രസ്തുതവർഷം ജനുവരി 9-ാം തീയതി ഒരു സ്ത്രീ രണ്ടു ആൺകുട്ടികളേയും അഞ്ചു പെൺകുട്ടികളേയും അടക്കം മൊത്തം ഏഴു കുഞ്ഞുങ്ങളെ ഒന്നിച്ചു പ്രസവിച്ചു. 1903 ൽ ദക്ഷിണആഫ്രിക്കയിൽ ഒരുസ്ത്രീ ആറു ശിശുക്കളെ ഒന്നിച്ചു പ്രസവിച്ചു. ഒരു ഇംഗ്ലീഷ് സൂതിശാസ്ത്രജ്ഞനു് ഈ ശിശുക്കളുടെ ഫോട്ടോ എടുക്കുവാൻ കഴിഞ്ഞു. 1934 മേയിൽ ഒരു സ്ത്രീ അഞ്ചു കുട്ടികളെ ഒന്നിച്ചു പ്രസവിച്ചു "ഡയോൺ സഹോദരികൾ" എന്നപേരിലറിയപ്പെട്ടിരുന്ന ഈകുട്ടികൾവളരെ പ്രശസ്തിആർജ്ജിച്ചു. 1694—1936 കാലഘട്ടത്തിൽ 45 സ്ത്രീകൾ 5 കുട്ടികളെ വീതം പ്രസവിച്ചതായി കണക്കുകൾ കാണിക്കുന്നു.

സംഭവ്യത

89 പ്രസവങ്ങളിൽ ഒന്നു് ഇരട്ടപ്രസവമായിരിക്കും. 89 × 89 പ്രസവങ്ങളിൽ ഒരെണ്ണത്തിൽ മൂന്നു കുട്ടികൾ കാണും. 89 × 89 × 89 പ്രസവങ്ങളിൽ ഒരെണ്ണത്തിൽ നാലു കുട്ടികൾ കാണും. വിചിത്രമായ ഈ അനുപാതം കണ്ടുപിടിച്ചതു് ഹെല്ലിൻ എന്ന സൂതിശാസ്ത്രജ്ഞനാണു്.

കാരണം

ഒററ സ്ത്രീബീജത്തിൽ നിന്നോ രണ്ടുസ്ത്രീബീജങ്ങളിൽ നിന്നോ ഇരട്ടകൾ രൂപമെടുക്കാം: ഒരേ ബീജത്തിൽ നിന്നാണെങ്കിൽ ഇരട്ടകൾ ഒരേ ലിംഗത്തിൽ പെട്ടവരും സാദൃശ്യമുള്ളവരുമായിരിക്കും ഇവരെ "സജാതീയഇരട്ടകൾ" Mono—Ovular അഥവാ Monochorionic Twins) എന്നു വിളിക്കുന്നു. രണ്ടു ബീജങ്ങളിൽ നിന്നാണെങ്കിൽ ശിശുക്കൾ ഒരേ ലിംഗത്തിൽ പെട്ടവരായിരിക്കണമെന്നില്ല: ഇവരെ "വിജാതീയ ഇരട്ടകൾ" (Binovular അഥവാ Dichorionic Twins)എന്നുവിളിക്കുന്നു. ചിലകുടുംബങ്ങളിൽ ഇരട്ടകൾ ജനിക്കാനുള്ള സാധ്യത കൂടുതലാണു്. മാതാവിന്റെ പ്രായം കൂടുംതോറും ഇരട്ട ജനനത്തിനുള്ള സാധ്യത കൂടുന്നു കൂടുതൽ പ്രസവിക്കുന്നവരിലും ഇരട്ടപ്രസവത്തിനുള്ള സാധ്യത കൂടുതലാണു്.

പുംബീജസങ്കലനത്തിനു ശേഷമുള്ള സ്ത്രീബീജത്തിന്റെ വളർച്ച ചിലപ്പോൾ താല്ക്കാലികമായി കുറെസമയത്തേക്കു നിന്നുപോയെന്നു വരാം. അമിതമായ തണുപ്പ് ഓക്സിജൻ ദൗർലഭ്യം എന്നിവയാൽ ഇങ്ങനെ സംഭവിക്കാം. കുമ്പുനുള്ളിക്കളഞ്ഞ ചെടിയിൽ നിന്നും രണ്ടോ മൂന്നോ കിളുപ്പുകൾ ഒന്നിച്ചു മുളച്ചു വരുന്നതു പോലെ അനുകൂലമായ സാഹചര്യം കിട്ടിയാലും സ്ത്രീബീജത്തിൽ നിന്നും രണ്ടോ അതിലധികമോ "എംബ്ര്യോണിക്ക് ഏരിയാ"കൾ മുളച്ചുവന്നുവെന്നു വരാം. അവ തമ്മിൽ അകന്നാണു സ്ഥിതി ചെയ്യുന്നതെങ്കിൽ ഇരട്ടകൾ രൂപമെടുക്കുന്നു. അവ അടുത്തടുത്താണു സ്ഥിതി ചെയ്യുന്നതെങ്കിൽ "ഒട്ടി ചേർന്നഇരട്ടകൾ" (ഉദാ. സയാമീസ് ഇരട്ടകൾ) രൂപമെടുക്കുന്നു. മൂന്നു കുട്ടികൾ രൂപമെടുക്കുന്നതു് ഒന്നോ രണ്ടോ മൂന്നോ സ്ത്രീ ബീജങ്ങളിൽ നിന്നാവാം.

ഔഷധസേവ

ചില സ്ത്രീകൾ വന്ധ്യകളായിരിക്കുവാൻ കാരണം അവരിൽ അണ്ഡോല്പാദനം നടക്കാറില്ല എന്നതാണു്. ചില ഔഷധങ്ങൾ നൽകിയാൽ ഇത്തരം സ്ത്രീകളിൽ അണ്ഡോല്പാദനം നടക്കും. സ്വീഡനിലെ ജംസൽ (Gemzell) എന്ന സൂതിശാസ്ത്രജ്ഞൻ "ഗൊണാഡോട്രോഫിൻ" ഹോർമോണുകൾ നൽകിയാൽ ഇത്തരം സ്ത്രീകളിൽ അണ്ഡോല്പാദനം നടത്താം എന്നു സ്ഥാപിച്ചു. എന്നാൽ ഔഷധമാത്ര കൂടിപ്പോയാൽ നിരവധി കുട്ടികൾ ഒന്നിച്ചു ജനിച്ചുവെന്നുവരാം. ആദ്യം ഔഷധം നൽകിയ 100 പേരിൽ 50 പേർ ഗർഭിണികളായി. 43 പേർ പ്രസവിച്ചു. 20 എണ്ണത്തിൽ ഒരു കുട്ടി മാത്രമുണ്ടായപ്പോൾ 14 എണ്ണത്തിൽ ഇരട്ട

NBS NEWS

വീണപൂവ്

എൻ. കുമാരനാശാൻ

മഹാകവിയുടെ പ്രസിദ്ധ കൃതികളിലൊന്നു്. പ്രൊഫ: എൻ. കൃഷ്ണപിള്ളയുടെ അവതാരിക. എസ്. പി. ബി.എസ്.പതിപ്പ്. വില 1-50ക.

വിലപ്പനക്കാരൻ

പി. കേശവദേവ്

സമൂഹത്തിന്റെ നേർക്കുള്ള ചീറിപ്പാഞ്ഞുവരുന്ന മൂർച്ചയേറിയ അസ്ത്രങ്ങളുടെ ആവനാഴിയാണു് ഈ കൃതി. ദേവിന്റെ ഏററവും പുതിയ നോവൽ. വില 3 ക.

ക്ഷേത്ര പ്രദക്ഷിണം

നാലാങ്കൽ

ക്ഷേത്രങ്ങളെക്കുറിച്ചുള്ള പതിനെട്ടു പ്രബന്ധങ്ങളുടെ സമാഹാരം. നാലാങ്കലിന്റെ മറെറാരു സംഭാവന. വില 8 ക,

മറിയാമ്മ

കൊച്ചീപ്പൻതരകൻ

നൂറുവർഷം പഴക്കമുള്ള മറിയാമ്മ നാടകത്തിന്റെ പുതിയ പതിപ്പ്. വില 5 ക.

അറിയപ്പെടാത്ത അയല്ക്കാർ

ബാലകൃഷ്ണൻമാങ്ങാടു്

തുളുനാടൻ ആദിവാസികളുടെ ജീവിത വൈചിത്ര്യങ്ങളെക്കുറിച്ചുള്ള ഒരു പഠനം വില 4 ക.

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം.

കളുണ്ടായി. 9 എണ്ണത്തിൽ മൂന്നോ അതിലധികമോ കുട്ടികളുണ്ടായി. "ക്ലോമിഫെൻ" എന്ന ഔഷധം നൽകിയവരിൽ 10 ശതമാനത്തിനും ഇരട്ടകൾ ഉണ്ടായതായി കണ്ടു.

മുതലിയാർ സഹോദരൻമാർ

പ്രസിദ്ധരായ നിരവധി ഇരട്ടകളുണ്ട്. മദ്രാസിലെ മുതലിയാർ സഹോദരന്മാർ ഇവരിൽ വളരെ പ്രസിദ്ധരാണ്. സൂതിശാസ്ത്രജ്ഞനായ ലക്ഷ്മണസ്വാമി[1] മുതലിയാർ കുറെ വർഷങ്ങൾക്കു മുമ്പ് മരണമടഞ്ഞു. വിദ്യാഭ്യാസവിദഗ്ദ്ധനായ രാമസ്വാമി മുതലിയാർ ഈയിടെയും മരണമടഞ്ഞു. സജാതീയ ഇരട്ടകളായിരുന്ന ഇവരെ തെററിദ്ധരിച്ച നിരവധി സംഭവങ്ങൾ കേട്ടിട്ടുണ്ട്. ഗായകരായ ജയവിജയന്മാർ കേരളത്തിലെ അറിയപ്പെടുന്ന സജാതീയ ഇരട്ടകളാണ്. സജാതീയ ഇരട്ടകളുടെ രക്തഗ്രൂപ്പുകൾ ഒന്നുതന്നെയായിരിക്കും. ഇവരുടെ കൈവെള്ളയിലേയും കാൽവെള്ളയിലേയും രേഖകൾ ഒരുപോലിരിക്കും. ചില രോഗങ്ങൾ ബാധിക്കാനുള്ള സാധ്യത ഇരുവരിലും ഒന്നുപോലായിരിക്കും.

വിചിത്രഇരട്ടകൾ

ഒരണ്ഡത്തിൽ നിന്നാണ് ഇരട്ടകൾ രൂപം കൊള്ളുന്നതെങ്കിൽ അവരുടെ രക്തചംക്രമണവ്യൂഹങ്ങൾ തമ്മിൽ ബന്ധപ്പെട്ടുവെന്നു വരും. ഒരു ഭ്രൂണത്തിന്റെ ഹൃദയം മറേറതിനെക്കാൾ ശക്തികൂടിയതാണെങ്കിൽ രക്തത്തിലേറിയപങ്കും പ്രസ്തുത ഭ്രൂണം വലിച്ചെടുക്കും. അതിനാൽ മറേറ ഭ്രൂണത്തിനു ശരിക്കു വളരുവാൻ കഴിയാതെ മുരടിച്ചു പോകും. ചിലപ്പോൾ ഒരു ഭ്രൂണത്തിന്റെ അരയ്ക്കു കീഴ്പോട്ടുള്ള ഭാഗത്തിനു മാത്രമേ രക്തം കിട്ടുകയുള്ളു. അതിനാൽ ശിശുവിന്റെ അരയ്ക്കു മുകളിൽ ഒന്നും കാണുകയില്ല. "അക്കാർഡിയസ് അമോർഫസ്"" (Acardius Amorphus) എന്ന വിചിത്രവസ്തു ഇങ്ങനെ ഉണ്ടാകുന്നതാണ്. ചിലപ്പോൾ കൂടുതൽ രക്തം കിട്ടുന്നതിനാൽ ഒരു ശിശു ചെമന്നു തുടുത്തും മറേറതു വിളറിവെളുത്തും ഇരുന്നെന്നു വരാം. ഇരട്ടകൾ തമ്മിൽ വലിപ്പത്തിലും തൂക്കത്തിലും വ്യത്യാസം കാണും. ചിലപ്പോൾ ഒരു ശിശു നേരത്തെ തന്നെ മരിച്ചുപോയെന്നു വരാം. മറേറ ശിശു വളർന്നുവരുമ്പോൾ മരിച്ച ശിശുവിന്റെ ശരീരം ഞെങ്ങി ഞെരുങ്ങി കടലാസു പരുവമായെന്നു വരാം "ഫീററസ് പപ്പൈറേഷ്യസ്"" (Foetus Papyraceus) എന്ന വസ്തു ഇങ്ങനെ ഉടലെടുക്കുന്നു.

സൂപ്പർ ഫീക്കൻഡേഷൻ

അപൂർവ്വമായി ഒരാർത്തവചക്രത്തിൽതന്നെ രണ്ട് അണ്ഡങ്ങൾ വിസർജ്ജിക്കപ്പെട്ടുവെന്നുവരാം. വ്യത്യസ്ത സംഭോഗങ്ങളാൽ നിപതിക്കപ്പെടുന്ന പുംബീജങ്ങളുമായി ഇവ ചേർന്നുവെന്നുവരാം. ചില ജന്തുക്കളിൽ ഇത്തരം പ്രതിഭാസം സാധാരണമാണ്. മനുഷ്യരിലും ഇങ്ങനെ സംഭവിക്കുന്നുണ്ടാവാം. വിജാതീയ ഇരട്ടകളുടെ കാരണം പലപ്പോഴും ഇതായിരിക്കാം. പക്ഷേ, അതു സ്ഥാപിക്കുവാൻ സാധിക്കാതെയാണിരിക്കുന്നതു്. 1810–ൽ ജോൺ ആർച്ചർ എന്ന അമേരിക്കൻ സൂതിശാസ്ത്രജ്ഞൻ (ആധുനിക വൈദ്യശാസ്ത്രത്തിൽ ബിരുദംനേടിയ ആദ്യത്തെ അമേരിക്കക്കാരനാണ് ഇദ്ദേഹം.) ഇത്തരം ഒരു പ്രസവം റിപ്പോർട്ടുചെയ്തിട്ടുണ്ട്. ഒരു വെള്ളക്കാരി യുവതി ഇരട്ടകളെ പ്രസവിച്ചതിൽ ഒന്നു വെളുത്തതും ഒന്നു കറുത്തതുമായിരുന്നു, വിശകലനത്തിൽ വെള്ളക്കാരി അടുത്തടുത്ത സമയങ്ങളിൽ വെള്ളക്കാരനായ ഭർത്താവുമായും ഒരു നീഗ്രോയുമായും സംഭോഗത്തിലേർപ്പെട്ടിരുന്നതായി തെളിഞ്ഞു. പുനരുല്പാദനശാസ്ത്രത്തിൽ വിപുലമായ ഗവേഷണങ്ങൾ നടത്തിയ റോബർട്ട്സൺ എന്ന ജീവശാസ്ത്രജ്ഞനും ഈ പ്രതിഭാസത്തെ തെളിയിക്കുകയുണ്ടായി. ആൺകഴുതയുമായി ഇണചേർന്നു പത്തുമിനിട്ടുകൾക്കുശേഷം ഒരു പെൺ കോവർകഴുതയെ ഒരു കുതിരയുമായി ഇണചേർത്തു. പെൺകോവർകഴുത പ്രസവിച്ച ഇരട്ടകളിൽ ഒന്ന് കുതിരക്കുട്ടിയും മറേറതു് കഴുതക്കുട്ടിയുമായിരുന്നു!

സൂപ്പർ ഫീറേറഷൻ

ഗർഭധാരണത്തിനുശേഷം വീണ്ടും അണ്ഡവിസർജ്ജനം നടക്കുകയും ആ സമയത്തോടടുപ്പിച്ച് സംഭോഗംനടക്കുകയും ചെയ്താൽ ഇപ്രകാരം സംഭവിക്കാം. രണ്ടാർത്തവചക്രങ്ങളിൽ ഉണ്ടാകുന്ന അണ്ഡങ്ങൾ പും:ബീജങ്ങളുമായി യോജിച്ചുണ്ടാകുന്ന ഇരട്ടകളാണിവ. ഗർഭധാരണത്തിനു ശേഷമുള്ള 12 ആഴ്ചകൾക്കുള്ളിൽ വീണ്ടും ഗർഭധാരണം സംഭവിച്ചെന്നുംവരാം:

ഒന്നുചേർന്ന ഇരട്ടകൾ

ഒന്നുചേർന്ന ഇരട്ടകളെ "സയാമീസ് ഇരട്ടകൾ" എന്നാണ് വിളിക്കാറ്. പി. ററി. ബാർണം എന്നയാൾ പത്തുമുപ്പതു കൊല്ലക്കാലം ലോകമെമ്പാടും കൊണ്ടുനടന്നു പ്രദർശിപ്പിച്ചിരുന്ന ചാങ്, എങ് ബങ്കർ ഇരട്ടകളാണ് ഏററവും പ്രസിദ്ധിയാർജ്ജിച്ച സയാമീസ് ഇരട്ടകൾ. ശരിക്കുപറഞ്ഞാൽ അവർ പൂർണ്ണമായും സയാമീസ് ആയിരുന്നില്ല. നാലിൽ മൂന്നു ചൈനീസും നാലിലൊന്ന് സയാമീസും മാത്രം: ഒന്നുചേർന്ന ഇരട്ടകൾ പുരാതനകാലംമുതൽക്കുതന്നെ ഉണ്ടായിരുന്നു. ഗർഭപാത്രത്തിൽവച്ച് ഇരട്ടഭ്രൂണങ്ങൾ ഒന്നുചേരുന്നതാണ് ഇത്തരം പ്രതിഭാസത്തിനു കാരണം എന്നായിരുന്നു ഒരുകാലത്തെ ധാരണ. ഭ്രൂണത്തിലെ "ജംഡിസ്ക്"" (Germ Disc) എന്ന ഭാഗം പൂർണ്ണമായി വിഭജിക്കാത്തതാണ് ഇത്തരം ഇരട്ടകൾക്കു കാരണം എന്നാണ് ആധുനികമതം. ജഘനങ്ങൾ തമ്മിൽ ഒന്നുചേർന്ന ഇരട്ടകളെ "പൈഗോഫാഗസ്"" എന്നു പറയുന്നു. ഇരട്ടകൾ പെണ്ണാണെങ്കിൽ യോനീനാളം ഒന്നാണെന്നുവരും. ഗർഭപാത്രം രണ്ടും ഇത്തരം സഹോദരികളിൽ ഒരെണ്ണം ഗർഭിണിയാവുകയും പ്രസവിക്കുകയുംചെയ്തിട്ടുണ്ട്. ഉദരങ്ങൾ തമ്മിൽ ചേർന്നിരിക്കുന്ന ഇരട്ടകളെ "ഓംഫാലോ ഫാഗസ്"" എന്നും നെഞ്ചു തമ്മിൽ ചേർന്നിരിക്കുന്നവരെ "തൊറാക്കോ ഫാഗസ്"" എന്നും പറയുന്നു. തല തമ്മിൽ ചേർന്നിരിക്കുന്നവരെ "ക്രേനിയോ ഫാഗസ്"" എന്നും പറയുന്നു.

പെണ്ണാൺ

വിജാതീയ ഇരട്ടകളിൽ പെൺശിശു വളർന്നുവരുമ്പോൾ പൂർണ്ണമായും സ്ത്രൈണസ്വഭാവം കാണിക്കുകയില്ല എന്നു വാദിക്കുന്നവരുണ്ട്. ഇത്തരം പെൺകുട്ടികൾക്ക് ഗർഭധാരണസാദ്ധ്യതയും കുറവാണെന്ന് ചിലർ വാദിക്കുന്നു. പശുക്കളുടെ കാര്യത്തിൽ ഇതു ശരിയാണ്. പശുക്കുട്ടികളുടെ രക്തവ്യൂഹങ്ങൾ തമ്മിൽ ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ മൂരിക്കിടാവിലെ പുരുഷ ഹോർമോണുകൾ പശുക്കിടാവിൽ കടന്നുകൂടും. പശുക്കിടാവ് "മച്ചി"യായിത്തീർന്നെന്നുവരാം. എന്നാൽ മനുഷ്യരിൽ ഇപ്രകാരം സംഭവിക്കാറില്ല.

എങ്ങിനെ മനസ്സിലാക്കാം

ഇരട്ടകളെ വഹിക്കുന്ന ഗർഭിണിയുടെ വയർ അമിതമായി വീർത്തിരിക്കും. പലതവണ ഗർഭംധരിച്ചിട്ടുള്ളവർക്ക് വ്യത്യാസം സ്വയം മനസ്സിലാകും. ഇത്തരം സ്ത്രീകളിൽ ഛർദ്ദിൽ കൂടുതലായിക്കാണും. ഉദരത്തിനുള്ളിലെ സമ്മർദ്ദം കൂടുന്നതിനാൽ വിമ്മിഷ്ടവും ഉണ്ടാകും. കൈകാലുകളിൽ നീർക്കോൾ, മൂത്രത്തിൽ ആൽബുമിൻ, രക്താതിമർദ്ദം എന്നീ ലക്ഷണങ്ങളോടുകൂടി "പ്രീ എക്ലാംപ്സിയ" (Pre-Eclamsia) എന്ന രോഗത്തിനുള്ള സാദ്ധ്യത ഇത്തരം ഗർഭിണികളിൽ കൂടുതലാണ്, ഭ്രൂണാവരണത്തിനുള്ളിലെ ദ്രവത്തിന്റെ അളവ് അമിതമായി കൂടുന്ന "ഹൈഡ്രാമ്നിയോസ്"" (Hydramnios) എന്ന സ്ഥിതിവിശേഷവും രൂപപ്പെട്ടേക്കാം. ഇത്തരം ഗർഭിണികൾ കൂടുതലായി വിളറിയിരിക്കും. സമയമാകുന്നതിനു മുമ്പുതന്നെ പ്രസവിക്കാനുള്ള സാദ്ധ്യതയും കൂടുതലാണ്. ഉദരപരിശോധന, യോനീമാർഗ്ഗേണയുള്ള പരിശോധന, എക്സ്റേ പരിശോധന എന്നിവവഴി ഇരട്ടകളെ കണ്ടുപിടിക്കാം. പാശ്ചാത്യ രാജ്യങ്ങളിൽ ലഭ്യമായ "സോണോഗ്രാ

---

1 * ലക്ഷ്മണസ്വാമി--രാമസ്വാമി മുതലിയാർ സഹോദരന്മാർ, ജയവിജയന്മാർ തുടങ്ങിയവരുടെ ചിത്രങ്ങൾ ചേർക്കാവുന്നതാണ്. 2 * Dr. SankaraPillai Kanam OB—ayn Postgraduate—Medical College Hospital, Kottayam-8

പ്രശ്നം

വി. എസ്. ശർമ്മ

നക്ഷത്രങ്ങൾ ഉറങ്ങാത്ത
രാത്രികളിൽ ഞാനൊരു
നക്ഷത്രത്തെ തേടി
സൂര്യനസ്തമിക്കാത്ത
പകലുകളിൽ ഞാനൊരു
പൂവിനെ തേടി.
തേടിയതു കിട്ടിയില്ല,
കിട്ടുകയുമില്ലല്ലോ.
മദിച്ചു
ചിരിച്ചു
കരഞ്ഞു
പതിച്ചു.
നരകത്തിലില്ലാത്തതു്,
ഭൂമിയിലെമ്പാടും തിരക്കിയതു്
സ്വർഗത്തിലുണ്ടാവാം–
ദാഹിച്ചു,
മോഹിച്ചു.
ഉയരങ്ങളിലേക്കു നോക്കി
ചക്രവാളസീമകളിലും അന്വേഷിച്ചു.
മനസ്സിന്റെ കൃത്രിമോപഗ്രഹങ്ങളിൽ
സഞ്ചരിച്ചു് ആകാശങ്ങളിലെല്ലാം–
തിരഞ്ഞു.
ഉണ്ടോ?
എവിടെയെങ്കിലും?
അറിയില്ല!
കാണാൻ കണ്ണില്ല
കേൾക്കാൻ കാതില്ല
സ്പർശിച്ചറിയാൻ ത്വക്കുമില്ല,
എനിക്കു ഞാൻപോലും ഇല്ലല്ലോ.
പിന്നെയെങ്ങനെ അറിയും!
നഷ്ടപ്പെട്ട ഞാൻ
വീണ്ടും തേടുന്നു–
തേടി അലയുന്നു.
എന്നെങ്കിലും,
എവിടെയെങ്കിലും
കാണേണ്ടതു കാണാമെന്ന–
കേൾക്കേണ്ടതു കേൾക്കാമെന്ന
പ്രതീക്ഷയിൽ
ആഗ്രഹത്തിൽ
ആവേശത്തിൽ ·
പക്ഷേ, തേടുവതാരേ?
എന്തിനേ?
അതും മനസ്സിന്റെ ഒരു ഭ്രമം?
അദ്ധസുപ്തമായ ചൈതന്യത്തിന്റെ
ഒരു അബോധപ്രക്രിയ?

—o—

ഫി" (Sonography) എന്ന മാർഗ്ഗവും ഇതിനു സഹായിക്കുന്നു.

ശ്രദ്ധിക്കേണ്ടവ

ഇരട്ടക്കുട്ടികളാണു് ഗർഭപാത്രത്തിലെന്നു മനസ്സിലായാൽ 28 ആഴ്ചകൾക്കു ശേഷം ശാരീരികാദ്ധ്വാനം പാടില്ല. വാഹനയാത്രകൾ ഒഴിവാക്കണം. ഉച്ചക്കു ശേഷം കുറേസമയം ഉറങ്ങണം. അവസാനത്തെ മൂന്നുമാസക്കാലം സംഭോഗം പൂർണ്ണമായി വർജ്ജിക്കണം. അകാല പ്രസവം ഒഴിവാക്കാനാണിവ. അവസാനത്തെ മൂന്നുമാസക്കാലത്തു് കൂടെക്കൂടെ ശരീരപരിശോധന നടത്തിക്കണം. വിളർച്ച കൂടുതലായിക്കാണുന്നതിനാൽ ഇരുമ്പു്, ഫോളിക്ക് ആസിഡ് എന്നിവ അടങ്ങിയ ഗുളികകൾ ധാരാളം കഴിക്കണം. പ്രസവം ആശുപത്രിയിൽത്തന്നെ വേണം. 30–34 ആഴ്ചയാകുമ്പോൾ തന്നെ ആശുപത്രിയിൽ അഭയംതേടുകയാണു് അഭികാമ്യം.

—o—

സാഹിത്യവാരഫലം

എം കൃഷ്ണൻനായർ

അർജന്റീനയിലെ സാഹിത്യകാരൻ ഹോർഹലൂയീസ് ബോർഹസ് (Jorge Luis Borges) ഈ ശതാബ്ദത്തിലെ പ്രതിഭാശാലികളിൽ അദ്വിതീയനാണു്. അദ്ദേഹത്തിനു സദൃശനായി മറെറാരു സാഹിത്യകാരനെ നമുക്കു ചൂണ്ടിക്കാണിക്കാനില്ല. ബോർഹസിനു സദൃശൻ ബോർഹസ് മാത്രം എന്നു് അലങ്കാരഭാഷയിൽ പ്രസ്താവിക്കാം. അദ്ദേഹത്തിന്റെ പ്രശസ്തമായ ഒരു ചെറുകഥയിൽ ഇരുപതാം ശതാബ്ദത്തിലെ ഒരെഴുത്തുകാരൻ സെർവാൻറസിന്റെ "ഡോൺക്വിക്സോട്ട്" എന്ന നോവൽ (ഡോൺ കീ ഹോട്ടീ എന്നു് സ്പാനിഷ് ഉച്ചാരണം) വീണ്ടും എഴുതുന്നതായി വർണ്ണിച്ചിരിക്കുന്നു. സെർവാൻറസിന്റെ നോവൽ കാണാതെയാണു് അയാൾ രണ്ടാമത്തെ "ഡോൺ ക്വിക്സോട്ട്" എഴുതുന്നതു്. പക്ഷേ, അതു് എഴുതിക്കഴിഞ്ഞപ്പോൾ രണ്ടു നോവലിനും തമ്മിൽ ഒരു വ്യത്യാസവുമില്ല. ബോർഹസിന്റെ വാക്യം തന്നെ കേട്ടാലും:— Cervantes' text and Menard's are verbally identical, but the second is almost infinitely richer. (More ambiguous, his detractors will say, but ambiguity is richness.) [Pierre Menard, Author of Quixote—Labyrinths—Page 69] ഇരുപതാം ശതാബ്ദത്തിലെ ഏതു വായനക്കാരനും തന്റേതായ രീതിയിൽ കഴിഞ്ഞ ശതാബ്ദങ്ങളിലെ ഉത്കൃഷ്ടങ്ങളായ കൃതികളെ മാററി എഴുതുന്നു എന്നാണു് ഈ ചെറുകഥയുടെ അർത്ഥമെന്നു് ആൺഡ്രേ മാർവേ പറയുന്നു. (ബോർഹസിന്റെ ഗ്രന്ഥത്തിനു് അദ്ദേഹമെഴുതിയ അവതാരികയിൽ) ഹോർഹലൂയീസ് ബോർഹസിനെക്കുറിച്ചു് ഉജ്ജ്വലമായ ഗ്രന്ഥമെഴുതിയ ജെ. എം. കോഹൻ (J. M. Cohen—എച്ച് ഉച്ചരിക്കാതെയും ഈ പേരു പറയാറുണ്ടു്. Jorge Luis Borges—Oliver & Boyel, Edinburgh) ഇതു തന്നെ പറയുന്നു.— But Menard's aim was to write the book afresh in identical words, as if he himself had concevied it. This is in effect what every reader does when he reads an old work. Page 44. അപ്പോൾ മുൻപുള്ള ഗ്രന്ഥപാരായണം പിന്നീടുള്ള വായനയിൽ സ്വാധീനം ചെലുത്തുന്നു എന്നതു വ്യക്തം. കാസാൻദ്സാക്കീസിന്റെ ഒരു നോവൽ വായിച്ചതിനു ശേഷമാണു് നമ്മൾ "ഡോൺക്വിക്സോട്ട്" വായിക്കുന്നതെങ്കിൽ ഗ്രീക്ക് സാഹിത്യകാരന്റെ നോവലിനെക്കുറിച്ചുള്ള ഓർമ്മ ഡോൺക്വിക്സോട്ടിന്റെ പാരായണത്തിൽ പരിവർത്തനം വരുത്തും, കാസാൻദ്സാക്കീസിന്റെ നോവൽ വായിക്കാതെയാണു് "ഡോൺക്വി ക്സോട്ട്" വായിച്ചതെങ്കിലോ? അങ്ങനെയാണെങ്കിൽ അതു് മറെറാരു "ഡോൺക്വി ക്സോട്ട്" ആയിരിക്കും.

എത്ര ഗഹനമായിട്ടാണു് അർജന്റീനയിലെ സാഹിത്യകാരൻ ചിന്തിക്കുന്നതെന്നു നോക്കുക. ഈ രീതിയിലുള്ള ചിന്താഗതികൾക്കു മലയാളസാഹിത്യകാരന്മാർക്കു കഴിവില്ലെന്നു പറഞ്ഞാൽ അതു വിദ്വേഷം കൊണ്ടാണെന്നു മുറവിളിയുണ്ടാകും. പക്ഷേ, സത്യത്തിന്റെ നേർക്കു കണ്ണടച്ചിട്ടു് നാം എന്തു നേടാനാണു്? ഉത്കൃഷ്ടങ്ങളായ ചിന്തകൾ വേണ്ട, മനുഷ്യനെ കലാരാഹിത്യം കൊണ്ടു് ഇവർ കൊല്ലാതിരുന്നാൽ മാത്രം മതി. മലയാളത്തി

ലെ ചെറുകഥകൾ വായിക്കുന്നതു് ഒരു തരത്തിലുള്ള "ടോർച്ചറാ"യി മാറിയിരിക്കുന്നു. സംശയമുണ്ടെങ്കിൽ ജനയുഗം വാരികയിൽ ശ്രീ. മന്മഥൻ നൂറനാട്ട് എഴുതിയ "യുഗങ്ങൾ" എന്ന കഥ വായിച്ചു നോക്കുക. ശങ്കരൻകുട്ടി എന്നൊരുത്തനു പ്രേമഭംഗം. അവനു ജീവിക്കാൻ വഴിയില്ല. അതുകൊണ്ടു് ഒരമ്പലത്തിൽ കയറി അവൻ വിഗ്രഹം മോഷ്ടിക്കുന്നു. അതു് വിദേശികൾക്കു വിററു് പണം നേടാമെന്നാണു് അവന്റെ വിചാരം. ഒരു വെടിക്കു രണ്ടു പക്ഷി. ഈ കാലഘട്ടത്തിലെ മനുഷ്യന്റെ കടപ്പാട്ട് കഥാകാരൻ, ശങ്കരൻകുട്ടി എന്ന കഥാപാത്രത്തിലൂടെ വ്യക്തമാക്കി. വിഗ്രഹം അവനെക്കൊണ്ടു് മോഷ്ടിപ്പിച്ചു് അല്പം വിപ്ലവം കൂടെ നടത്തുന്നു. പക്ഷേ, ഇതു വിപ്ലവമല്ല, വിപ്ലവാഭാസമാണു്. ആഭാസശബ്ദത്തിനു് അല്പമായി ഭാസിക്കുന്നതെന്നു് സംസ്കൃതത്തിലെ അർത്ഥം. ആ അർത്ഥത്തിലല്ല ഞാൻ ആ വാക്കു് ഇവിടെ പ്രയോഗിക്കുന്നതു്. മലയാളഭാഷയിലുള്ള അർത്ഥത്തിൽത്തന്നെ. ഇനി മനോരമ ആഴ്ചപ്പതിപ്പെടുക്കുക. ശ്രീ പരിപ്ര വാസുദേവൻനായരുടെ "ഗുരുദക്ഷിണ" എന്ന കഥ വായിക്കുക. ഒരാഫീസിലെ ക്ളാർക്കിനെ സഹായിക്കാൻ ഒരു ലേഡിക്ളാർക്കിനെ നിയമിക്കുന്നു. അവൾ ആദ്യമൊക്കെ ഒരു പാവം. പിന്നീടങ്ങു് വലിയ "ഫാഷൻ" കാരിയായി. ഓഫീസ് ജോലി പഠിപ്പിച്ചു കൊടുത്തതിനു ഒന്നുമില്ലേ എന്നു് അയാൾ ചോദിച്ചപ്പോൾ അവൾ ദൂരെസ്ഥലത്തുള്ള ഹോട്ടലിൽ പോയി വ്യഭിചരിക്കാൻ അയാളെ ക്ഷണിച്ചു പോലും. സ്ത്രീയുടെ മാനസികനിലയെക്കുറിച്ചു് ഒരു "ബോധ"വും പ്രകടിപ്പിക്കാത്ത ഈ കഥയും കഥാഭാസമത്രേ. പ്രിയപ്പെട്ട വായനക്കാർ ഇനി ചന്ദ്രിക ആഴ്ചപ്പതിപ്പ് എടുത്താലും. ബോറടിച്ചു മരിക്കുകില്ലെന്നു ഉറപ്പുണ്ടെങ്കിൽ ശ്രീ മേലടി രവി എഴുതിയ "സഭാകമ്പം" എന്ന കഥ വായിക്കുക. ഒരുത്തനു സഭാകമ്പമുണ്ടായതിനാൽ അഭിനയിക്കാൻ പററിയില്ല പോലും. ഹാസ്യകഥ എന്ന മട്ടിലാണു് രവിയുടെ കഥാരചന. ഈ ഹാസ്യം വായിച്ചു് നമ്മളാരും ചിരിക്കുന്നില്ല. കഥാകാരൻ മാത്രം ചിരിക്കുന്നുണ്ടു്. അതു മതി; ധാരാളം മതി.

മററാരുമറിയാതെ പ്രേമലേഖനങ്ങൾ എഴുതാൻ മാർഗ്ഗങ്ങളുണ്ടെന്നു കേട്ടിട്ടുണ്ടു്. കറിലവണപൂരിതലായനി എടുക്കുക. (Saturated Solution of Common Salt in water എന്നു ഇംഗ്ളീഷിൽ പറഞ്ഞാൽ അർത്ഥം വ്യക്തമാകും) അതിൽ മഷിപുരളാത്ത നിബ്ബ് മുക്കി കടലാസ്സിൽ എഴുതേണ്ടതു് എഴുതുക. ആ കടലാസ്സു് കാമുകനോ കാമുകിയോ ചൂടുപിടിപ്പിക്കുമ്പോൾ അക്ഷരങ്ങൾ തെളിഞ്ഞുവരും: കടലാസ്സു് അടുപ്പിൽ കാണിച്ചാൽ മതി; അല്ലെങ്കിൽ വിളക്കിന്റെ ചിമ്മ്നിയിൽ ചുററിവച്ചാൽമതി. പ്രേമലേഖനം തവിട്ടുനിറത്തിലുള്ള അക്ഷരങ്ങളായി തെളിയും. ചെറുകഥകൾ വെള്ളക്കടലാസ്സിൽ ഉപ്പുവെള്ളംകൊണ്ടെഴുതിയ പ്രേമലേഖനങ്ങളാണു്. ജീവിതം അവയെ ചൂടുപിടിപ്പിക്കുമ്പോൾ കലാസൃഷ്ടി ഉയിർത്തെഴുന്നേല്ക്കുകയായി. മന്മഥന്റെയും വാസുദേവൻനായരുടെയും രവിയുടെയും കഥകൾ അക്ഷരങ്ങളില്ലാത്ത വെള്ളക്കടലാസ്സുകളാണു്. ജീവിതത്തിന്റെ ചൂടു് ഏല്ക്കാത്തതുകൊണ്ടു് അവ തെളിഞ്ഞുവരുന്നില്ല. എന്നിട്ടും ഇതു പ്രേമലേഖനങ്ങളാണു്, ഇതു പ്രേമലേഖനങ്ങളാണു് എന്നു് അവർ ഉദ്ഘോഷിക്കുന്നു.

* * *

സ്ത്രീയുടെ ദുഃഖമാണു് ഏററവും വലിയ ദുഃഖമെന്നു് വിക്തർ യൂഗോ "ലെ മിസറാബ്ളി"ൽ പറഞ്ഞിട്ടുണ്ടു്. ഫൻതീന്റെ ദുഃഖം, കോസത്തിന്റെ ദുഃഖം അവയെക്കാൾ വലിയ ദുഃഖമുണ്ടോ? പക്ഷേ അങ്ങനെ ദുഃഖിക്കുന്ന സമയത്തും സ്ത്രീ പ്രകടനാത്മകതയുള്ളവളല്ല വിശേഷിച്ചൊരു ചേഷ്ടയും കൂടാതെ അവൾ നിങ്ങളുടെ മുൻപിൽ നില്ക്കും. ആഴം അളക്കാൻവയ്യാത്ത തടാകത്തിലൂടെ നിങ്ങൾ യാനപാത്രത്തിൽ സഞ്ചരിക്കുകയാണെന്നു വിചാരിക്കുക: തടാകത്തിൽ ഓളമില്ല; യാനപാത്രമിളകുന്നില്ല. അതുകൊണ്ടു് ആ തടാകത്തിന്റെ താഴ്ചയെക്കുറിച്ചു് നമുക്കു് എന്തെങ്കിലും ബോധമുണ്ടോ? ഇല്ല. അതുപോലെ മഹാദുഃഖത്തിനു വിധേയയായ സ്ത്രീയുടെ മാനസികനിലയെക്കുറിച്ചും നമുക്കു ഒരറിവുമില്ല. കലാകൗമുദിയിൽ ശ്രീമതി സാറാജോസഫ് എഴുതിയ മഴ എന്ന മനോഹരമായ കഥ വായിക്കുക. സ്ത്രീയുടെ മഹാദുഃഖത്തെ അവർ പ്രകടനാത്മകതയില്ലാതെ ആവിഷ്കരിക്കുന്നതിന്റെ ചാരുത കാണാം. ആ ദുഃഖം ദാമ്പത്യജീവിതത്തിൽനിന്നു ജനിക്കുന്ന ദുഃഖമാണു്. അതാവിഷ്കരിക്കുന്ന രീതിയോ? തികച്ചും പ്രശംസാർഹം. മഴപെയ്യുമ്പോൾ കുഞ്ഞുങ്ങൾ കളിവഞ്ചി വെള്ളക്കെട്ടുകളിൽ വിടാൻ തയ്യാറാവുന്നു. അവരുടെ അച്ഛൻ അതു തടയുന്നു. അപ്പോഴാണു് സ്നേഹമില്ലാത്ത ഭർത്താവിനെ വകവെയ്ക്കാതെ ഭാര്യ മുററത്തേക്കു് ഓടുന്നതു്; വെള്ളത്തിൽ വീണ കിളിക്കുഞ്ഞിനെ അവൾ രക്ഷിക്കുന്നു. ഭർത്താവു് ശാസിച്ചപ്പോൾ അയാളോടുള്ള നീരസംകൊണ്ടു് ആ കിളിയെ അവൾ കൈയിൽവച്ചു ഞെരിച്ചുകൊല്ലുന്നു. മുററത്തിറങ്ങിയ സ്വന്തം ശിശുവിനു് അടികൊടുക്കുന്നു. മഴ മുഴുവൻ നനഞ്ഞു് വീട്ടിൽ കയറിയപ്പോൾ ഭർത്താവു് അവൾക്കിഷ്ടമില്ലാത്ത സംഗീതം ഒരു ഉപകരണത്തിൽനിന്നു പ്രവഹിപ്പിക്കുന്നു. വിവിധ വികാരങ്ങൾ അവളുടെ ഹൃദയത്തിൽ ഓളംതല്ലുകയായി. ഈ വികാരങ്ങളെയെല്ലാം അവയ്ക്കു യോജിച്ച ശാരീരികചേഷ്ടകളിലൂടെ സാറാജോസഫ് ആവിഷ്കരിക്കുന്നു. അതിൽ അവർ പ്രദർശിപ്പിക്കുന്ന പ്രാഗല്ഭ്യം ആദരണീയമായിരിക്കുന്നു.

നിങ്ങൾക്കു നിങ്ങളുടെ ഭർത്താവിനെ ഇഷ്ടമില്ലേ? സ്ത്രീയായ നിങ്ങളുടെ മാനസികനില ഞാൻ മനസ്സിലാക്കുന്നു; നിങ്ങളോടു സഹതപിക്കുകയും ചെയ്യുന്നു. പക്ഷേ നിങ്ങൾ നിങ്ങളുടെ ഭർത്താവിനെ മററുള്ളവരുടെ മുൻപിൽവച്ചു് നിന്ദിച്ചാൽ, നിങ്ങൾ അയാളെ കുററം പറഞ്ഞാൽ ഞാൻ നിങ്ങളുടെ ശത്രുവാണു്. കാരണം ഭർത്താവു് നിങ്ങളുടെ ഒരംശമാണു് എന്നതുതന്നെ. ഈ ചെറുകഥയിലെ ഭാര്യ ഭർത്താവിനെ നിന്ദിക്കുന്നില്ല. അവൾ പശ്ചാത്തപിക്കുന്നതായി കഥാകാരി ചിത്രീകരിക്കുന്നു. അതുകൊണ്ടു് മഴയത്തു് ഓടിയ, കിളിക്കുഞ്ഞിനെ കൈയിൽവച്ചു് ഞെരിച്ച ആ ഭാര്യയെ ഞാൻ ബഹുമാനിക്കുന്നു. ഇവിടെ കഥാകാരി അനുഷ്ഠിക്കുന്ന കൃത്യം മാനുഷികമൂല്യ പ്രകീർത്തനമാണു്.

നിങ്ങൾക്കു് നിങ്ങളുടെ ഭാര്യയെ ഇഷ്ടമില്ലേ? ആ ഇഷ്ടമില്ലായ്മ എനിക്കു് മനസ്സിലാക്കാൻ കഴിയും. പക്ഷേ നിങ്ങൾ തന്നെയായ ആ സഹധർമ്മിണിയെ നിന്ദിച്ചാൽ ഞാൻ ദേഷ്യപ്പെടും. ആത്മനിന്ദ ശരിയല്ലല്ലോ. ഈ കഥയിലെ ഭർത്താവു് ഭാര്യയെ നിന്ദിക്കുന്നു; അങ്ങനെ ആത്മനിന്ദ നടത്തുന്നു. അതിനാൽ ഞാൻ ആ ഭർത്താവിനെ വെറുക്കുന്നു. ഇവിടെയും പരോക്ഷമായ മാനുഷികമൂല്യ പ്രകീർത്തനമുണ്ടു്. എന്റെ ജീവിതാവബോധത്തെ ശ്രീമതി സാറാജോസഫ് സാന്ദ്രമാക്കുന്നു.

* * *

പ്രായം കൂടിയവർ സിഗററു് വലിക്കുന്നതുകണ്ടു് പിള്ളേർ കടലാസ്സു് ചുരുട്ടിയെടുത്തു് അതിന്റെ അററത്തു് തീ കത്തിച്ചു് വലിക്കുന്നതു കണ്ടിട്ടില്ലേ? സിഗററു് വലിക്കുന്നതു് സുഖകരം. കടലാസ്സു് ചുരുട്ടിവലിച്ചാൽ തൊണ്ടയും കണ്ണുംമൂക്കും പുകയും. മലയാളനാട്ടിൽ "നാം തമ്മിലുള്ള ദൂരം" എന്ന കഥയെഴുതിയ ശ്രീ എം ഡി. രാജേന്ദ്രൻ കടലാസ്സു് ചുരുട്ടി സിഗററാക്കി വലിക്കുകയാണു്. വിനു എന്ന പെൺകുട്ടിയോടു് രണ്ടു പുരുഷന്മാർക്കുള്ള ബന്ധത്തെക്കുറിച്ചെഴുതിയിട്ടുള്ള ഇക്കഥയെക്കുറിച്ചു് അത്രമാത്രമേ പറയാനുള്ളു. എസ്. ജി. രവിശങ്കറിന്റെ "ഗൗതമൻ" എന്ന കഥ എനിക്കു മനസ്സിലായില്ല. മനസ്സിലാകാത്തതിനെക്കുറിച്ചു് ഒന്നും പറയാതിരിക്കുകയാണല്ലോ യോഗ്യത.

* * *

അമ്പലത്തിൽ നെയ്ത്തിരികൾ എരിയുന്നതുകണ്ടാൽ നമുക്കു ഭക്തി തോന്നും, ചവറുവലിച്ചു കൂട്ടിയിട്ടു് തീകത്തിച്ചാൽ അതു കാണുന്നവർക്കു ഭക്തിയുണ്ടാവുകയില്ലല്ലോ. രണ്ടും തീയാണു്. പക്ഷേ, ഇരിക്കേണ്ടസ്ഥലത്തു് ഇരുന്നാലേ, ശോഭിക്കേണ്ടരീതിയിൽ ശോഭിച്ചാലേ പ്രയോജനമുള്ളു. സ്ത്രീക്കു സൗന്ദര്യം നൽകുന്നതു് തലമുടിയാണു്. വള്ളത്തോൾ മഗ്ദലനമറിയത്തിന്റെയും ജി ശങ്കരക്കുറുപ്പ് ഭദ്രയുടേയും ബോദ്‌ലേർ "അവളുടേ"യും തലമുടിയെ വർണ്ണിക്കുന്നതു നോക്കുക. ഔപ്പലീസിന്റെ Golden Ass എന്ന കൃതിയിൽ തലമുടിയുടെ ഭംഗിയെക്കുറിച്ചു് ഹ്രസ്വമല്ലാത്ത രീതിയിൽ വർണ്ണിച്ചിട്ടു

ണ്ടു്. ഇത്ര മനോഹരമായ തലമുടി ചോറിൽ കിടന്നാലോ? ഏതു കാമുകനും ഛർദ്ദിക്കാൻ തോന്നും. ചെറുകഥയ്ക്കു് ചില നിയമങ്ങളുണ്ടു്, രീതികളുണ്ടു് അതു് കാററിൽപ്പറത്തിയിട്ടാണു് നമ്മുടെ കഥാകാരന്മാർ എഴുതുന്നതു്. അതുകൊണ്ടു പ്രതികൂലമായി പലതും പറയേണ്ടതായി വരുന്നു. വിമർശനം കണ്ടാലുടനെ കോപിക്കാതെ, തെറിവാക്കുകൾ എഴുതിഅയയ്ക്കാതെ ഈ പ്രതികൂലപദങ്ങൾ ഉണ്ടാകാനുള്ള കാരണങ്ങളെക്കുറിച്ചു് അവരൊന്നു ദയാപൂർവം ചിന്തിക്കുമോ? അങ്ങനെ അസഭ്യപദവർഷം നടക്കുമ്പോഴും താഴെ ചേർക്കുന്നരീതിയിലുള്ള കത്തുകൾ കിട്ടാറുണ്ടു്.

മദ്രാസ്
21 – 7 – 76

"എത്രയോ നാളുകളായി ഞാനിതു കുത്തിക്കുറിയ്ക്കാൻ ശ്രമിയ്ക്കുന്നു. ഓരോ പ്രാവശ്യവും മലയാളനാടു് കിട്ടുമ്പോൾ "സാഹിത്യവാരഫലം" വായിക്കുമ്പോൾ ഏതോ ഒരു സുഖമായ അനുഭൂതി എന്നെ വലയം ചെയ്യുന്നു. എന്റെ അവാച്യമായ ആനന്ദത്തെപ്പററി അങ്ങയെ അറിയിയ്ക്കണമെന്നു തോന്നുന്നു. എങ്കിലും അതിനുള്ള ധൈര്യം കിട്ടിയില്ല. അങ്ങു് എത്രയോ ഉയരത്തിലാണു്. "അഭിനന്ദനം" എന്നുള്ള പദം ഞാനുപയോഗിയ്ക്കുന്നതു തെററാവും. സാഹിത്യത്തിലെന്നല്ല ജീവിതത്തിൽ പോലും ആരുമല്ലാത്ത ഞാൻ. എന്റെ നിർവൃതിയേപ്പററി എഴുതിയെന്നു മാത്രം. അഹന്തയെന്നു് തോന്നുന്നെങ്കിൽ മാപ്പു്."

ഈ കത്തു് പരസ്യപ്പെടുത്തിയ എന്റെ അഹന്തയ്ക്കു് പ്രിയപ്പെട്ട വായനക്കാരോടു് മാപ്പു് ചോദിച്ചുകൊണ്ടു്

വിനയപൂർവം
എം. കൃഷ്ണൻനായർ

* * *

അർച്ചന

നോവൽ മൂന്നു്

സാറാതോമസു്

ഹോസ്റ്റലിലെ വരാന്തയുടെ കല്പടവുകളിൽ വൈദ്യുതിയുടെ വെളിച്ചത്തിൽ മറെറാരു പൊൻകതിർപോലെ ശ്രീദേവി! താൻ തിരിഞ്ഞുനോക്കിയതു് കണ്ടിരിക്കുമോ? തന്നെപററി എന്തു ധാരണയാവും ഉണ്ടാവുക–ജാള്യതയോടെ കാലുകൾ മുന്നോട്ടു് ആഞ്ഞുവെച്ചു.

പേരാലിന്റെ തണലിലുള്ള ബസ്സ്റ്റോപ്പിൽ ബസ് കാത്തുനിന്നപ്പോൾ മനസ്സിൽ പലവിധ ചിന്തകൾ കൂടിക്കുഴയുകയായിരുന്നു. എത്ര വിചിത്രമായ സംഭവവികാസം! വർഷങ്ങളുടെ കാലയളവിനു ശേഷം നാട്ടിൽനിന്നും ആയിരമായിരം മൈലുകൾക്കപ്പുറം ഇത്തരത്തിൽ ഒരു കൂടിക്കാഴ്ച. മാൻകിടാവിനെപ്പോലെ തുള്ളിക്കളിച്ചുനടന്ന തനിക്കു് പരിചിതയായ ശ്രീദേവി എന്ന പെൺകുട്ടിക്കു് കുലീനത്വം തുളുമ്പുന്ന പരിഷ്കൃതയായ ഈ കോളേജുകുമാരിയുമായി ബന്ധമുണ്ടെന്നു തോന്നിയില്ല. വെറും ഒരു കൂടിക്കാഴ്ചയ്ക്കപ്പുറമായി തന്നോടു് ഒരു ബന്ധം അവൾ ആഗ്രഹിക്കുന്നു എന്നാണോ? പിന്നെ അടുത്തു തന്നെ വരുമല്ലോ എന്നു പറഞ്ഞതു്? ഒട്ടും നിനച്ചിരിക്കാത്ത മുഹൂർത്തത്തിൽ അറിയപ്പെടാത്ത നാടകവേദിയിൽ ഒരു നടനായി നിന്നതുപോലെ. തുടന്നുള്ള അഭിനയത്തെപ്പററി ഒരു രൂപവുമില്ലാതെ ഇതികർത്തവ്യമൂഢനായി നോക്കിനില്ക്കുന്ന ഒരു കഥാപാത്രമായി തീന്നിരിക്കയല്ലേ താൻ! ഒരു മോചനമാർഗ്ഗമേ തോന്നിയുള്ളു. രംഗത്തുനിന്നും അപ്രത്യക്ഷനാവുക.

പക്ഷെ ബുദ്ധി കണ്ടെത്തിയ ആ തീരുമാനത്തിൽ മനസ്സു് ഉറച്ചുനിന്നില്ല. നിർവ്വചിക്കാനാവാത്ത ഒരുതരംഅസ്വസ്ഥത!.

ശ്രീദേവിയുമായുള്ള കൂടിക്കാഴ്ച മനസ്സിൽ ഇളക്കിവിട്ട ചലനങ്ങൾ താഴ്ന്നടിഞ്ഞു കിടക്കുകയാണു്. സ്ത്രീ—സുഖം പകരുന്ന ഒരു ഓർമ്മ! തന്റെ ചിന്താഗതിയിൽ പൊടുന്നനേ വന്ന ഈ അവ്യാഖ്യേയമായ വ്യതിയാനം! സ്ത്രീ തന്നെസംബന്ധിച്ചിടത്തോളം വഞ്ചനയുടെ പര്യായമായിരുന്നില്ലേ—ഏതു് പ്രലോഭനത്തേയും അടക്കി അകററി നിത്തേണ്ടും വ്യക്തി!

യൗവ്വനത്തിളപ്പിൽ സ്ത്രീയുടെ ഊഷ്മളതയിൽ സ്വയം മറന്നു രസിച്ച ആ ദിവസങ്ങൾ! ഓർമ്മകളിൽ നിന്നും ഇനിയും തൂത്തു് എറിയാൻ കഴിഞ്ഞിട്ടില്ലാത്ത ജീവിതത്തിലെ ആ കാലഘട്ടം. ആദ്യം അതിമധുരവും പിന്നെ അതിലേറെ കയ്പും തന്റെ ജീവിതത്തിൽ നിറച്ചു തൂകിയ ശെൽവി—ഈട്ടിത്തടിയിൽ കടഞ്ഞെടുത്തതു പോലെ വടിവൊത്ത ശരീരം! ജീവസ്സുററ കണ്ണുകൾ! മാദകത്വമാർന്ന കീഴ്ചുണ്ടു്—ചിരിക്കുമ്പോൾ പളുങ്കു മണികൾ പോലെ തിളങ്ങുന്ന കുഞ്ഞരിപ്പല്ലുകൾ!

യാൻ ദിവസങ്ങൾ വേണ്ടിവന്നു.

വർഷങ്ങളായി മാററമില്ലാത്ത ദിനചര്യ! അടുത്ത ബസ്സിലെ കേൾവിക്കുറവുള്ള ഡ്രൈവർ ഗോവിന്ദ്സിംഗിനെ അയാളുടെ ഭാര്യ ഉച്ചത്തിൽ വിളിച്ചുണത്തുന്നതു കേട്ടു് ഉറക്കം തെളിയും. കാൻവാസ് വരിഞ്ഞു കെട്ടിയ മരക്കട്ടിലിൽ കുറച്ചു സമയത്തേക്കുകൂടി ചുരുണ്ടു കിടന്നിട്ടേ എണീക്കാൻ കൂട്ടാക്കുകയുള്ളു. എണീററാൽ ആദ്യത്തെ പണി ഒരു ബീഡി പുകയ്ക്കലാണു്. പിന്നെ സ്റ്റവ്വ് കത്തിച്ചു് കൂജായിലെ വെള്ളം ചരുവത്തിൽ പകന്നു് ചായപ്പൊടിയും തട്ടി തിളയ്ക്കാൻ വയ്ക്കും. വെള്ളം തിളയ്ക്കുന്ന നേരത്തിനിടയിൽ ഗല്ലിയുടെ തുടക്കത്തിലുള്ള പൈപ്പിൽ നിന്നും രണ്ടു ബക്കററ് വെള്ളം സംഭരിച്ചു കഴിയും. നേരം പുലരാൻ നിന്നാൽ പിന്നെ അവിടെ സ്ത്രീകളുടേയും കുട്ടികളുടേയും ബഹളമാണു്.

ആവി പറക്കുന്ന ചായ മട്ടു് ഊററി മധുരം ചേർക്കാതെ അപ്പാടെ ഊതി ഊതി കുടിച്ചു കഴിയുമ്പോൾ ശരീരവും മസ്തിഷ്കവും ഒരു പോലെ പ്രവർത്തനക്ഷമമാകും.

പിന്നെ എല്ലാം തിടുക്കത്തിലാണു്. ഒരു കണക്കിനു് ചപ്പാത്തിയുംചുട്ടു് കുപ്പിയിൽ വരുന്ന അച്ചാറും ഒഴിച്ചു് ചോററു പാത്രം തയാറാക്കും. മററു വീട്ടുജോലികൾ തീത്തു് കുപ്പായത്തിനുള്ളിൽ കടക്കാൻ അരമണിക്കൂർ സമയം മതി.

സൈക്കിളിൽ വക്ക്ഷോപ്പിൽ എത്തുമ്പോൾ പഞ്ചാര മില്ലിൽ എട്ടരയുടെ സൈറൻ മുഴങ്ങിയിരിക്കും.

വക്ക്ഷോപ്പു് മറെറാരു ലോകമാണു്. ചലനശക്തി നഷ്ടപ്പെട്ടു് വിദഗ്ദ്ധമായ പരിചരണം കാത്തു കിടക്കുന്ന വാഹനങ്ങൾ! ലോഹങ്ങൾ തട്ടിമുട്ടിയുള്ള അവിരാമമായ ശബ്ദകോലാഹലങ്ങൾ! തീപ്പൊരികൾ ചിതറിക്കൊണ്ടുള്ള ലെയിത്തിന്റെ ഇരമ്പൽ! അഴുക്കിടയിൽ തിരക്കിട്ടു് പണിയെടുക്കുന്ന കരിയും ഗ്രീസും പുരണ്ട മനുഷ്യക്കോലങ്ങൾ! നിമിഷനേരം കൊണ്ടു് അവരിൽ ഒരാളായി മാറുകയായി! പിന്നെ വളരെ അധികം സങ്കീർണ്ണമായ കാറിന്റെ വിവിധ ഭാഗങ്ങൾ പ്രവർത്തനക്ഷമമാക്കുവാനുള്ള തീവ്രയത്നമാണു്.

ദീർഘകാലമായുള്ള അശ്രാന്തപരിശ്രമംകൊണ്ടു മാത്രം നേടിയെടുത്ത ആ കഴിവു മാത്രമാണു് ഇന്നു് ആകെക്കൂടിയുള്ള സമ്പത്തു്. യന്ത്രങ്ങളുടെ നടുവിൽ കാര്യക്ഷമതയുള്ള മറെറാരു യന്ത്രം!

ചിലപ്പോൾ അഞ്ചു മണി കഴിഞ്ഞും ജോലി നീണ്ടു പോകാറുണ്ടു്. എത്ര മുഷിഞ്ഞും പണി ചെയ്യുന്നതിൽ വിമ്മിഷ്ടം തോന്നിയിരുന്നില്ല. കയ്യിൽ "യോഗി" ബീഡി സ്റ്റോക്കു് ഉണ്ടായിരിക്കണമെന്നു മാത്രം. ആർക്കോണത്തെ താമസക്കാലത്തു് തുടങ്ങിവെച്ച ശീലം ഇന്നു് ഒഴിച്ചുകൂടാനാവാത്ത ആവശ്യമായിത്തീന്നിരിക്കയാണു്. അതെ, ജീവിതം പഴയപടി മാത്രം! പക്ഷെ, വികാരങ്ങൾ തുരുമ്പുപിടിച്ചു കഴിഞ്ഞിരുന്ന മനസ്സിനു് എന്തൊക്കെയോ മാററം സംഭവിച്ചിരിക്കുന്നു എന്നു് അമ്പരപ്പോടെ മനസ്സിലാക്കി: ഉൾക്കുളിർക്കെ കണ്ടാസ്വദിച്ച നാടകത്തിലെ ഹൃദയഹാരിയായ ഒരു കഥാപാത്രത്തെപ്പോലെ ശ്രീദേവിയുടെ രൂപം ഒരു സുഖം പകരുന്ന ഓർമ്മയായി മനസ്സിൽ തെളി

എണ്ണ തൊട്ട് പുറകോട്ട് കോതിമിനുക്കി പിന്നി. തുമ്പത്തു കുഞ്ചലം കെട്ടിയ തലമുടിയിൽ എന്നും വിരിഞ്ഞു തൂങ്ങുന്ന മുല്ലമാല!

വക്ക്ഷോപ്പിലെ ജോലി തീർത്ത് ഹോട്ടലിലെ ശാപ്പാടും കഴിഞ്ഞ്, മുതലാളിയുടെ വരാന്തയിൽ അന്തിയുറങ്ങാൻ ചെല്ലുമ്പോൾ—അവൾ—മുരുകപ്പാച്ചെട്ടിയാരുടെ മകൾ ശെൽവി മുൻപിൽ പ്രത്യക്ഷപ്പെടുകയായി. എരുമത്തൊഴുത്തിൽ വൈക്കോൽ വലിച്ചിടാനെന്നോ, അയയിൽ നിന്നും ഉണങ്ങാനിട്ട, വസ്ത്രങ്ങൾ എടുക്കാനെന്നോ ഉള്ള ഭാവത്തിലാവും! തന്റെ മുൻപിലൂടെ കടന്നു പോകുമ്പോൾ പുഞ്ചിരി ഒതുക്കിപിടിച്ച്, കീഴ്ചുണ്ട് കടിച്ചമർത്തി പരൽ മീൻ പോലെയുള്ള കണ്ണുകൾ വെട്ടിച്ചു കൊണ്ടുള്ള ആ നോട്ടം. ഹൃദയത്തിൽ ഇളക്കി വിട്ട വികാരങ്ങൾ പണിപ്പെട്ട് അമർത്തി ഒതുക്കമായിരുന്നു. തനിക്ക് ജീവിതമാർഗ്ഗം തുറന്നുതന്ന മുതലാളിക്ക് അഹിതമായ ഒരു പ്രവർത്തിയും തന്നിൽ നിന്നും വന്നുകൂടാ.

ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവൾക്കു താൻ ഒരന്യപുരുഷൻ എന്നുള്ള സങ്കോചം മിക്കവാറും വിട്ടകന്നതു പോലെ കൺമുൻപിൽ മനഃപൂർവ്വം ചുറ്റിപ്പറ്റി നില്ക്കും: ഇടയ്ക്കിടെ ഒളികണ്ണിട്ട് നോക്കി പുഞ്ചിരി തൂകും. താൻ നോക്കിക്കഴിഞ്ഞാൽ മുഖം കുനിച്ച് നാണമഭിനയിക്കും. അവളുടെ നിശ്ശബ്ദമായ പ്രേമചാപല്യങ്ങൾ കണ്ട് മനസ്സ് ഇക്കിളിപ്പെട്ടുകൊണ്ടിരുന്നു.

മുതലാളി പതിവിലേറെ കുടിച്ചു ലക്കില്ലാതെ വന്ന ഒരു ദിവസം! താനും കൂടി താങ്ങിപ്പിടിച്ചാണ് അകത്തു കൊണ്ടുപോയി കിടത്തിയത്. വീട് വളരെവേഗം നിശ്ശബ്ദമായി കഴിഞ്ഞിരുന്നു. അകത്തേക്ക് ഉള്ള വാതിൽ അടയ്ക്കപ്പെട്ടു. ചാരുബെഞ്ചിൽ ജമുക്കാളം നിവർത്തിയിട്ടിരുന്ന് വഴിവിളക്കിന്റെ വെളിച്ചത്തിൽ ഒരു തമിഴ്മാസികയുടെ താളുകൾ മറിച്ച് നോക്കുകയായിരുന്നു. മെല്ലെ കതകു തുറക്കുന്ന ശബ്ദം! ശെൽവി! കതക് ചേർത്തടച്ച് അവൾ അടുക്കലേക്കു വന്നു. വികാരം കത്തിജ്വലിക്കുന്ന കണ്ണുകൾ! മുറുക്കി ചുവപ്പിച്ച ചുണ്ടുകളിൽ മാദകമായ പുഞ്ചിരി. ശ്വാസം അടക്കിപ്പിടിച്ചു ചോദിച്ചു.

“എന്താണ് ഇനിയും കിടക്കാത്തത്! ഉറക്കം വരുന്നില്ലേ!”

ശബ്ദിക്കാൻ നാവനങ്ങിയില്ല. തലയാട്ടുക മാത്രം ചെയ്തു.

“എനിക്ക്—എനിക്കും ഉറക്കം വരുന്നില്ല.”

വികാരം വീർപ്പു മുട്ടുന്ന സ്വരം! കൈ എത്തി പിടിക്കാവുന്ന അകലത്തിൽ അവൾ നില്ക്കുകയാണ്. മുല്ലപ്പൂവിന്റെ മാദകഗന്ധം. തന്റെ സിരകളിലെ പിരിമുറുക്കം വേഗം തിരിച്ചറിഞ്ഞു. അരുതാത്ത ഒരു പ്രവർത്തിയും തന്നിൽനിന്നുണ്ടാവരുത്. കടുപ്പിച്ച് തന്നെ പറഞ്ഞു.

“ഇപ്പോൾ ഇവിടെ വന്നതു ശരിയായില്ല. ആരെങ്കിലും കണ്ടാലോ — അകത്തു പോകൂ.”

“ആരും കാണില്ല. അപ്പാ ഇനിയും നേരംവെളുത്തേ ഉണരുകയുള്ളൂ. അമ്മ ചിദംബരത്തെ ഉറക്കുകയാണ്. പിന്നെ—”

അവൾ പറയാൻ മടിയുള്ളതുപോലെ നാണിച്ചു നിർത്തി. ഒരു രഹസ്യം പറയാനെന്നവണ്ണം തലകുനിച്ച് കൈകൊണ്ട് വായ് മറച്ചുപിടിച്ചു.

“പിന്നെ ഒരു വിശേഷം അറിഞ്ഞോ – എന്നെ — എന്നെ നിങ്ങൾക്ക് വിവാഹം കഴിച്ചുതരാൻ അപ്പാ തീരുമാനിച്ചിരിക്കയാണ്.”

“ഏ?”

സ്വപ്നത്തിൽപോലും വിചാരിച്ചതല്ല.

“അപ്പാ അമ്മയോട് ഇന്നലെ പറഞ്ഞത് ഞാൻ കേട്ടതല്ലേ.”

മുതലാളി ഈയിടെയായി തന്നോട് കാണിക്കുന്ന പ്രത്യേക വാത്സല്യത്തിന് കാരണം അതുതന്നെയായാണോ?

“നേരാണോ പറയുന്നത്?”

“എന്താ സംശയം! അപ്പാക്ക് വയസ്സാകുമ്പോൾ വക്ക്ഷോപ്പ് നടത്താൻ നിങ്ങളെയാണ് കണ്ടുവെച്ചിരിക്കുന്നത്!”

ഈ അസുലഭ ഭാഗ്യം! വിശ്വസിക്കാൻ ബദ്ധപ്പെടുകയായിരുന്നു.

“നിങ്ങൾക്ക് എന്നെ ഇഷ്ടപ്പെട്ടില്ലേ— ഞാൻ സുന്ദരിയല്ലേ—”

തന്റെ നഗ്നമായ തോളത്ത് അവളുടെ ഊഷ്മളമായ കവിൾത്തടത്തിന്റെ സ്പർശനം! പിന്നെ സർവ്വനിയന്ത്രണങ്ങളും ചോർന്നൊലിച്ചുപോയി. ദിവസങ്ങളായി അവൾ തന്നിൽ ഉണർത്തിവിട്ട വികാരദാഹം ചിറമുറിഞ്ഞ് ഒഴുകുകയായിരുന്നു. തന്റെ കരവലയത്തിനുള്ളിൽ അവൾ പുളഞ്ഞുമദിച്ചു. യൗവ്വനത്തിന്റെ അത്യുച്ചകോടിയിൽ കത്തിജ്വലിക്കുന്ന വികാരത്തിന്റെ മാദകലോകത്തിൽ രമിച്ചുകഴിഞ്ഞ ആ രാത്രികൾ! തന്റെ സ്പർശനമാത്രയിൽ തന്നെ ഉണർന്ന് പ്രാപിക്കുന്ന അവളുടെ വികാരദാഹം! ആയിരം കൈകളുള്ള നീരാളിപോലെ അത് തന്നെ പൊതിഞ്ഞു ചുറ്റുമ്പോൾ മനസ്സിനെ മത്തുപിടിപ്പിക്കുന്ന ഒരു വികാരപ്രപഞ്ചത്തിലേക്ക് താൻ ഉയരുകയായി അതെ, അവൾ തനിയ്ക്കായി നിർമ്മിച്ച വികാരോന്മത്തമായ സ്വർഗ്ഗത്തിൽ തന്റെ ആത്മാവുപോലും കുടുങ്ങിക്കിടന്നിരുന്നു. എന്നിട്ട് ആ സ്വർഗ്ഗത്തിൽ നിന്നുള്ള വീഴ്ചയോ ഓർക്കുമ്പോൾ ശരീരം വിറകൊണ്ടുപോകയാണ്.

എം എൽ ഏയുടെ കാറിൽ തിരക്കിട്ട് പണിചെയ്തുകൊണ്ടിരുന്ന അവസരം! മുതലാളി വന്നപ്പോൾതന്നെ വിളിച്ചു.

“അനന്തനിവിടെവരൂ—” ഒരു സ്വകാര്യം പറയാനെന്നപോലെ തോളിൽ കയ്യിട്ട് പുറത്തേക്ക് ആനയിച്ചപ്പോൾ ആ മുഖത്തെ തെളിച്ചം കണ്ട് ജിജ്ഞാസ ഇരട്ടിക്കയായിരുന്നു.

“എന്താണ് മുതലാളി!”

“അനന്താ — നിന്നോടാണ് ആദ്യം പറയുന്നത്. നമ്മുടെ ശെൽവിയുടെ കല്യാണം ഇന്ന് നിശ്ചയിക്കുകയാണ് — ഇത്ര നല്ല മംഗല്യഭാഗ്യം അവൾക്കുണ്ടാകുമെന്ന് ആശിച്ചതല്ല:”

തുടർന്നു പറയുന്നത് കേൾക്കാനായി ശ്വാസം അടക്കിനിന്നപ്പോൾ ഹൃദയം പെരുമ്പറകൊട്ടുകയായിരുന്നു. തന്റെ ഭാഗ്യം തെളിക്കുന്ന മുഹൂർത്തം ഇതാ ആസന്നമായിരിക്കുന്നു.

“വരൻ ആരാണെന്നറിയണ്ടേ — എന്റെ മരുമകൻ അഴകേശൻ! പത്തുവർഷം മുമ്പ് എന്റെ വാച്ചുമായി അവൻ നാടുവിട്ടപ്പോൾ ഒരു തൊല്ല ഒഴിഞ്ഞല്ലോ എന്ന ആശ്വാസമാണ് തോന്നിയത്. ഇന്നവൻ നാലു വിരലുകളിലും മോതിരങ്ങളും കഴുത്തിൽ സ്വർണ്ണച്ചെയിനുമിട്ട് തനി സായിപ്പിനെപോലെ ഒരു പുത്തൻ ഫിയറ്റിൽ വന്നിറങ്ങിയിരിക്കയാണ്. സിംഗപ്പൂരിൽനിന്നും. ഇത്തറ്റം വന്നതെ

ത്തിനെന്നോ! എൻെറ ശെൽവിയെ കെട്ടിക്കൊണ്ടു പോകാൻ." മുതലാളി ഉച്ചത്തിൽ ചിരിച്ചു. ആ ചിരിയുടെ അലകൾ ഹൃദയത്തിൽ കൊടുംകാററായി ആഞ്ഞടിക്കുകയായിരുന്നു.

ഇല്ല, ഇല്ല—ശെൽവി തൻേറതാണ്. നിലാവ് പരന്നൊഴുകിയ തലേരാത്രിയിൽ പുളിമരത്തിൻനിഴലിൽ ഏതാനും മണിക്കൂറുകൾമുമ്പുമാത്രമല്ലേ തങ്ങൾ ഒന്നിച്ച്—! തൻെറ ഗന്ധം ഇപ്പോഴും അവളുടെ ശരീരത്തിൽനിന്നും വിട്ടുമാറിയിട്ടുണ്ടാവില്ല.

ഇല്ല, ഇല്ല—ഈ വിവാഹം നടക്കാൻ പോണില്ല. തൻെറ ശെൽവിയെ തന്നിൽനിന്നും വേർപെടുത്താൻ ഇനി ഒരു ശക്തിക്കും സാധിക്കയില്ലെന്ന് പാവം മുതലാളിക്ക് അറിഞ്ഞുകൂടായിരിക്കും: ഒട്ടും ആശങ്കകൂടാതെയാണ് ചോദിച്ചത്.

"മുതലാളി ശെൽവിയുടെ അഭിപ്രായം തിരക്കിയോ"?

അയാൾ ചിരിച്ചു.

"എന്തു തിരക്കാനാണ്! ഞാൻ വരുമ്പോൾ പൂമുഖത്തെ കട്ടിലിൽ അവൾക്കായി കൊണ്ടുവന്ന പണ്ടങ്ങളും സാരികളും അവൻ നിരത്തുകയാണ്. അവൾ മുട്ടിയുരുമ്മി അങ്ങനെ—നിനക്കു മനസ്സിലായില്ലേ അനന്താ—"

കണ്ണുകളിൽ ഇരുട്ട് കയറുകയായിരുന്നു.
ഹൃദയത്തിൽ ആരോ അലറുകയാണ്.
വിഡ്ഢി! പമ്പരവിഡ്ഢി!

"ഞാൻ വേഗംചെല്ലട്ടെ. വീട്ടിൽ ഒരു നൂറുകൂട്ടം കാര്യങ്ങൾ കിടക്കുന്നു,"

മുതലാളി ഉത്സാഹത്തോടെ അവൻെറ പുറത്ത് തട്ടിപ്പോയത് അറിഞ്ഞതേയില്ല.

"തൻെറ ശെൽവി, തൻെറ ശെൽവി—എന്താണ് മനസ്സിലാക്കേണ്ടത്"?

തലയിൽ ഇടിവാൾവീശിയതുപോലെ—അതെ തൻെറ ശെൽവി മറെറാരാളെ സ്വീകരിക്കാൻ തയാറായിരിക്കുന്നു, ഓ—ഇത്ര നീചമായ വിശ്വാസവഞ്ചന! സിരകളിൽ രക്തം പാഞ്ഞുകയറുകയായിരുന്നു. തൻെറ ഹൃദയം കാൽക്കീഴിൽ ചവിട്ടിഞെരിച്ചിട്ട് അവൾ പുതിയ ഒരു സ്വർഗ്ഗം എത്തിപ്പിടിക്കയോ—ഇല്ല, അതിനനുവദിക്കയില്ല, അവളുടെ സ്വർഗ്ഗം താൻ തട്ടിത്തെറിപ്പിക്കും. ഉരുക്കുപിടിച്ച കൈകൾക്ക് അതിനു ശക്തിയുണ്ട്.

ആരോടും പറയാതെ സൈക്കിൾ എ ത്ത് വീട്ടിലേക്കു ചവിട്ടിയപ്പോൾ ഭ്രാന മായ മനസ്സ് കാൽക്കീഴിൽ ചലനമററ കിടക്കുന്ന ശെൽവിയുടെ രൂപം ഭാവ യിൽ കാണുകയായിരുന്നു. ചെന്നുചാട യത് മുതലാളിയുടെമുമ്പിലാണ്. അ നെ കണ്ടമാത്രയിൽ പുറത്തിറങ്ങി അ ത്തുവന്നു.

"വരൂ. അനന്താ, ഇന്ന് ഊണ് ഇവ ടെത്തന്നെയാകട്ടെ--നിന്നെ വിളിക്കാൻ ആളയക്കാനിരിക്കയായിരുന്നു. ശെൽവ യുടെ അണ്ണൻെറ സ്ഥാനം നിനക്കുള്ളത ണ്. എൻെറ മരിച്ചുപോയ രാജു!" മുതലാളി കണ്ണുകൾ തുടച്ചു.

മനസ്സൊന്നു പിടഞ്ഞു. ശെൽവിയുടെ രൂപം മങ്ങുകയാണ്. മദ്രാസിലെ കേരള ഹോട്ടലിൻെറ പിൻപുറത്ത് മുത്തുക പ്പാപിള്ളയുടെ സ്പെയർപാർട്ട്കടയ ലെ ജോലി നഷ്ടപ്പെട്ട് വിഷണ്ണനായിനിന്ന തന്നെ കൂട്ടിക്കൊണ്ടുവന്ന മുതലാളി ഭാര്യ അലമേലുവിനെ വിളിച്ച് ആദ്യമ യി പരിചയപ്പെടുത്തിയപ്പോൾ പറഞ്ഞ വാക്കുകൾ!

"ഇവൻ ഇന്നുമുതൽ നമ്മുടെ പയ്യന ണ്. ഇവിടെക്കൂടെനിന്ന് തൊഴിൽ പഠ ക്കട്ടെ. തല്ക്കാലം കിടപ്പും ഊണും ഒക്കെ ഇവിടെ മതി."

അശരണനായ തനിക്ക് ഒരു തണൽ കിട്ടിയത് ഇവിടെയാണ്. കൂട്ടജോലി ക്കാർക്ക് കണ്ണുകടിതോന്നത്തക്കവണ്ണം ത ന്നോട്ട് കാട്ടിയിരുന്ന പ്രത്യേക മമത പ്രതികാരത്തിൻെറ തീനാളങ്ങൾ മങ്ങി യണഞ്ഞു. തലച്ചോറിൻെറ വികാര ത്രസിപ്പ് താണടിഞ്ഞു. വലിഞ്ഞുമുറുകി യ മാംസപേശികൾക്ക് അയവുവന്നു. തല നിവർക്കാനാവാതെ പിറുപിറുത്തു. "ഒ ന്നും വിചാരിക്കരുത്. ഞാൻ ഊണിന നിൽക്കുന്നില്ല. എം. എൽ. എ-യുടെ കാറ് നാലുമണിക്ക് എത്തിക്കാമെന്ന് ഏററതാണ്."

എം. എൽ. എ-യുടെ കാർ എന്നു പറ ഞ്ഞതുകൊണ്ടാവണം മുതലാളി പിന്നെ നിർബ്ബന്ധിച്ചില്ല. തിരിഞ്ഞുനോക്കാൻ കൂടി ഒരുമ്പെടാതെ സ്ഥലംവിട്ടു. നേരെ പോയത് മുരുകൻെറ കോവിലിലാണ്.

(തുടരും)

—o—



വേദനകൊണ്ട് പുളയുന്ന അജയൻ സ്ത്രൈണശബ്ദത്തിൽ മോങ്ങുന്നുണ്ടായിരുന്നു. കിടക്കയിലും അവൻെറ വസ്ത്രങ്ങളിലും ചോരയായിരുന്നു, നിറയെ.

കഥാമാലികയിലെ

മൂന്നാമത്തെ കഥ

സി. രാധാകൃഷ്ണൻെറ

'അഭിസാരികയുടെ അസൂയ'

മാംസം

കഥ

കമലേശ്വർ

അവൾക്കു യാതൊരു ഗുഹ്യരോഗവുമില്ലെന്നും, ക്ഷയത്തിന്റെ ലക്ഷണങ്ങൾ തീർച്ചയായും ഉണ്ടെന്നും അവളെ പരിശോധിച്ച ലേഡി ഡോക്ടർ പറഞ്ഞു. ഡോക്ടർ കുറിപ്പടി എഴുതിക്കൊടുത്തു. മരുന്നു കഴിക്കേണ്ട ക്രമം പറഞ്ഞു കൊടുക്കുകയും ചെയ്തു.

കമ്മററിക്കാർ വേശ്യാവൃത്തി നേരത്തെ തന്നെ നിരോധിച്ചതാണു്. എല്ലാവരും കുഴപ്പത്തിലായി. ഇനി എന്താ ചെയ്യുക? വൈദ്യപരിശോധനകൊണ്ടു ഏറെപ്പേരുടെ തൊഴിൽ മുമ്പേ നഷ്ടപ്പെട്ടു. ഇബ്രാഹിം കോൺട്രാക്ടരുടെ ആളുകൾ പരിശോധനയിൽ രക്ഷപ്പെട്ടു. അവക്കു് "ഗമ" വർദ്ധിച്ചു. വലിയ ഗർവ്വോടെ അവർ തങ്ങളുടെ കുടുംബമാഹാത്മ്യം വർണ്ണിച്ചു.

ഇബ്രാഹിം ചുണയും ചുറുചുറുക്കുമുള്ള പെണ്ണുങ്ങളെ തെരഞ്ഞു പിടിച്ചു. ക്രമേണ അവർ നഗരത്തിലെ പ്രധാനഭാഗങ്ങളിൽ താവളം ഉറപ്പിച്ചു. ഇബ്രാഹിം അവരെ സംരക്ഷിച്ചു പോന്നു. ഇടപാടു അനുസരിച്ചു മാസാമാസം എല്ലാവർക്കും പണം കൊടുക്കും.

ഒരിക്കൽ ജുഗ്നു പ്രയാസം സഹിക്കവയ്യാതെ ഇബ്രാഹിമിനോടു തന്നെ ഏതെങ്കിലും നല്ല സ്ഥലത്തു കുടിയിരുത്താൻ പറഞ്ഞു. പക്ഷെ ഇബ്രാഹിം ഒഴിഞ്ഞു മാറി. "ആരുടെയെങ്കിലും കണ്ണിൽ മണ്ണിട്ടു വല്ലവന്റെയും പിടലിക്കു കെട്ടിവയ്ക്കാൻ ഇതു കല്യാണക്കാര്യം ഒന്നുമല്ല. വരുന്നവർ എല്ലാം പരിശോധിക്കും."

അന്നു അവളുടെ ഹൃദയത്തിൽ ആദ്യമായി മുറിവേററു. അപ്പോൾ താൻ അത്രയ്ക്കു കൊള്ളരുതാത്തവളാണോ? അടുത്ത മുറിവു് ഏല്പിച്ചതു് ഷഹനാസ് ആയിരുന്നു. മട്ടുപ്പാവിൽനിന്നും അംഗവിക്ഷേപത്തോടെ അവൾ പറഞ്ഞു." അള്ളാ! നിന്റെ പടിക്കൽ ആരും കാലെടുത്തു വയ്ക്കാത്ത കാലം കൂടി ഞാൻ കാണണോ?"

ഷഹനാസിന്റെ ആ പ്രസ്താവം തെരുവിൽ ഭൂകമ്പം സൃഷ്ടിച്ചു. ഏററവും മോശപ്പെട്ടവളോടു പോലും ഇങ്ങനെ ആരും പറയാറില്ല...എല്ലാവർക്കും ധാരാളം പുരുഷന്മാരെ കിട്ടട്ടെ; ഈശ്വരൻ പുരുഷന്മാർക്കു പണം കൊടുക്കട്ടെ...ഇതു പൊതുപ്രശ്നമാണു്.

അന്നുതന്നെയാണു് അയാൾ ആദ്യമായി മടിച്ചുമടിച്ചു അവിടെ ചെന്നതു്. [illegible] അയാളെ കൊണ്ടുവന്നു. അയാളുടെ കൈയ്യിൽ വലിയ ഒരു ബാഗുണ്ടായിരുന്നു. കാക്കി പാന്റും നീല ഷർട്ടുമായിരുന്നു വേഷം. താടി വളത്തിയിരുന്നു. ചെവിപ്പുറത്തും പുരികങ്ങളിലും പൊടി കട്ടിപിടിച്ചു കണ്ടു. മുറിയിലോട്ടു വന്നു.

ജുഗ്നു കട്ടിലിൽ ഇരിപ്പായപ്പോൾ അയാൾ അറച്ചറച്ചു നിന്നു. ബാഗു എവിടെ വയ്ക്കണമെന്നു നിശ്ചയമില്ല. അപ്പോൾ ജുഗ്നു നിഷ്പ്രയാസം അതെടുത്തു തലയ്ക്കൽ വച്ചു. അയാൾ മിണ്ടാതെ കട്ടിലിൽ ഇരുന്നു. ഏതാനും നിമിഷത്തെ നിശ്ശബ്ദതയ്ക്കുശേഷം ജുഗ്നു പറഞ്ഞു. "ഷൂസ് അഴിക്കൂ .." അയാൾ ക്യാൻവാസ് ഷൂ ഊരിയപ്പോൾ നാററം അനുഭവപ്പെട്ടു—പലരും വസ്ത്രം അഴിക്കുമ്പോൾ വരുന്ന അതേ നാററം—പ്രത്യേകിച്ചും ആ ക്ളാർക്കമൻസുവിൽ നിന്നു വരുന്നതു്. മൻസു രാത്രി പതിനൊന്നു കഴിഞ്ഞേ വരികയുള്ളൂ. കാര്യം കഴിഞ്ഞാൽ കൽപ്രതിമ പോലെ അനങ്ങാതെ കിടക്കും. അരയ്ക്കു വേദന. പിന്നെ ജുഗ്നുവാണു എണീപ്പിച്ചുവിടുന്നതു്. കാലും ചൊറിഞ്ഞു കൊണ്ടു ഒരു പോക്കു്. "കംവർജീത്"" ഹോട്ടൽക്കാരനും ഇതേ നാററമാണു്. അയാൾ എണീക്കുന്നതിനു മുമ്പു കട്ടിലിലിരുന്നു ഓം ഓം ജപിക്കാരുണ്ടു്.

അവൾക്കു നാററം സഹിക്കവയ്യാതെ വന്നപ്പോൾ പറഞ്ഞു. "ഷൂസ് ഇടൂ!"

അയാൾ ഷൂസ് ഇട്ടിട്ടു വീണ്ടും ഇരുന്നു. അവൾക്കു ആ ഇരിപ്പു രസിച്ചില്ല. അവൾ അയാളെ തുറിച്ചു നോക്കി. എന്നിട്ടു ദേഷ്യപ്പെട്ടു. "ഇതു വീട്ടിലെ സ്വീകരണമുറി അല്ല—കാര്യം സാധിച്ചിട്ടു സ്ഥലം വിടൂ!" അയാൾക്കു താൻ അപമാനിതനായി തോന്നി, അയാൾ സ്വയം നിയന്ത്രിച്ചുകൊണ്ടു അറച്ചു അറച്ചു ചോദിച്ചു–

"നിന്റെ പേരു്?"

"ജുഗ്നു!"

"വീടു് എവിടെയാണു്?"

"നിങ്ങൾ നിങ്ങളുടെ ജോലി നോക്കൂ— അവൾ ചൊടിച്ചു. പിന്നെ അയാൾ എല്ലാവരും ചോദിക്കുന്ന ചോദ്യം ചോദിച്ചു.

"നിനക്കു ഈ തൊഴിൽ ഇഷ്ടമാണോ?"

"അതെ!—നിങ്ങൾക്കു ഇഷ്ടമല്ലേ?" അവൾ കിടന്നു. സാരി തുടവരെ മാററി. അയാളു് കിടന്നു. എന്നിട്ടു ബ്ളൗസിനുള്ളിൽ കൈയിടാൻ ശ്രമിച്ചു.

"എന്തിനു ബുദ്ധിമുട്ടിക്കുന്നു -എന്താ കാട്ടുന്നതു്"" അവൾ ചോദിച്ചു.

അയാൾക്കു ഒന്നും ചെയ്യാനാവില്ല. ജുഗ്നുവിന്റെ മുഖത്തു വിലകുറഞ്ഞ പൗഡർ കട്ടിയായി പുരട്ടിയിരുന്നു. കഴുത്തിലും ധാരാളം പൗഡർ. ചുണ്ടു ചുവപ്പിച്ചിട്ടുണ്ടു്. ഇയർ ഡ്രോപ്സ് കാതിൽ തൂങ്ങിക്കിടന്നു. മുടിയിൽ എണ്ണ കുഴഞ്ഞിരുന്നു. തലയിണ തീരെ മുഷിഞ്ഞും കിടക്കയിലെ വിരിപ്പു് വല്ലാതെ ചുളിഞ്ഞും കിടന്നു. ആ ഇടുങ്ങിയ മുറിയിൽ വല്ലാത്ത നാററം അനുഭവപ്പെട്ടു. ഒരു മൂലയ്ക്കു വെള്ളം നിറച്ച കുടവും ഒരു ടിന്നും കണ്ടു. കുറെ പഴന്തുണി കഷണങ്ങൾ മൂലയ്ക്കു കിടന്നു.

അയാൾ കിടന്നു കൊണ്ടു അവിടെയും ഇവിടെയും നോക്കി. ജുഗ്നുവിന്റെ തലയ്ക്കലായി ഒരു കൊച്ചു അലമാരി കണ്ടു.

ഒരു ഒടിഞ്ഞ ചീപ്പും. വില കുറഞ്ഞ ഒന്റയിൽ പോളിഷ് കുപ്പിയും, തലമുടിപ്പിന്നുകളും അതിൽ കിടപ്പുണ്ടായിരുന്നു. അലമാരിയോടു ചേർന്ന് ഭിത്തിയിൽ പെൻസിൽ കൊണ്ടു ചില പേരുകളും മേൽവിലാസവും എഴുതിയിരുന്നു. ഒരു മൂലയിൽ സിനിമാ പാട്ടുപുസ്തകങ്ങൾ. വച്ചിരുന്നു. അതിനടുത്തു വൃത്തികെട്ട ഒരു തിരുപ്പൻ. ആകെക്കൂടെ ആ കാഴ്ച അയാൾക്കു അറപ്പു തോന്നിച്ചു. അതിൽ നിന്നും രക്ഷപ്പെടാനായി അയാൾ ജുഗ്നുവിന്റെ തുടയിൽ കൈവെച്ചു. തുട പഴമീനിനെ പോലെ പുളുപുളുത്തും ഖദറു പോലെ പരുപരുത്തും ഇരുന്നു. ജുഗ്നുവിന്റെ അർദ്ധനഗ്നമായ ദേഹത്തുനിന്നും ചന്ദനത്തിന്റെ ഗന്ധം അടിച്ചു. അയാൾ കൈ അകററിയപ്പോൾ തുടയ്ക്കടിയിൽ പുതപ്പു വച്ചിരുന്നു. പുതപ്പു നനഞ്ഞിരിക്കുന്നതായി തോന്നി അയാൾക്കു—

"ഇതാണ് രണ്ടു പുത്തൻ കിട്ടുന്ന സമയം—ഇതിനകം നാലുപേർ കാര്യം നടത്തിയിട്ടു പോയേനേ." എന്നു പറഞ്ഞിട്ടു ജുഗ്നു അയാളെ മാറോടു ചേർത്തു പുണർന്നു—

അയാൾ എണീററിരുന്നപ്പോൾ ജുഗ്നു ഒരു രസത്തിനു അയാളുടെ ബാഗു തുറന്നു. "ഒരുപാടു രൂപയുംനിറച്ചുകൊണ്ടു നടക്കുന്നല്ലോ!" അവൾ തമാശ പറഞ്ഞു:ഒന്നോ രണ്ടോ രൂപ കൂടി കൈക്കലാക്കാൻ ഉദ്ദേശിക്കുന്നതായി അയാൾക്കു തോന്നി. ബാഗിൽ കടലാസ്സും. പത്രവും, ചപ്പാത്തിയും കണ്ടു അവൾ ചുളിപ്പോയി.

"ഇനി എപ്പോഴെങ്കിലും വന്നാൽ എന്നെ വിളിക്കണം—നേരേ ഇങ്ങോട്ടു വരുമല്ലോ?" അയാൾ പോകാൻ ഭാവിച്ചപ്പോൾ ജുഗ്നു മുറിയുടെ പുറത്തു ചെന്നു പറഞ്ഞു, അപ്പോൾ അയാൾ ജുഗ്നുവിനെ ആദ്യമായി നന്നായി ഒന്നു നോക്കി. എന്നിട്ടു മിണ്ടാതെ നടന്നു പോയി.

ബസാറിൽ കൂടി കടന്നു പോകുമ്പോൾ ജുഗ്നു സാരികൊണ്ടു തല മൂടാറുണ്ട്. ഒരു രസികനും കമന്റടിക്കാൻ അവസരം കൊടുക്കില്ല. എല്ലാവരും തുല്യമായ അവകാശത്തോടെയാണ് അവളെ നോക്കുക. അവൾ വഴി നടന്നു പോകുമ്പോൾ കടക്കണ്ണു കൊണ്ടു ആളുകളെ നോക്കുമെന്നല്ല നേരുതന്നെ—പക്ഷേ, നന്നായിട്ടു അറിയാവുന്നവരേയും പുരുഷന്മാരെപ്പോലെ അവളുടെ അടുത്തു വരുന്നവരേയും മാത്രം. അങ്ങനെ ഒരിക്കലാണ് അവൾ അയാളെ കണ്ടത്. ബാഗ്കൊണ്ടു വരുന്നയാൾ ഒരു കെട്ടിടത്തിന്റെ ഒന്നാം നിലയിൽ വരാന്തയിൽ കൈകുത്തി നിന്നുകൊണ്ട് ബീഡി വലിക്കുകയായിരുന്നു കക്ഷി. അതേ നീലഷർട്ടു തന്നെ ഇട്ടിരുന്നു. കെട്ടിടത്തിൽ ഒരു ചുവന്ന കൊടി തൂക്കിയിരുന്നു. അതിന്റെ നിഴൽ അയാളുടെ ശരീരത്തു പതിക്കുന്നുണ്ടായിരുന്നു.

പൊട്ടിപ്പോയ ചപ്പൽ നന്നാക്കാൻ അവൾ ചെന്നതായിരുന്നു. അയാൾ അകത്തു പോയി.

രാത്രി അയാളെത്തി. ആ കണ്ണുകളിൽ പരിചയഭാവം കണ്ടു. ഇത്തവണ അയാൾ സങ്കോചം കാട്ടിയില്ല. കട്ടിലിൽ ഇരുന്നുകൊണ്ടു ജുഗ്നു അയാളോടു ചോദിച്ചു;" നിങ്ങൾക്കു എന്താ ജോലി?"

"ഒന്നുമില്ല! കൂലിപ്പണി ചെയ്യും—"

"ഞങ്ങളുടെ പണികൂടി ചെയ്യൂ—ഞങ്ങളും കൂലിപ്പണിക്കാർ തന്നെ." ജുഗ്നു തമാശ പറഞ്ഞു.

"നിനക്കു സമയം വൈകുന്നില്ലേ?" അയാൾ ചോദിച്ചു.

"ഇന്നു നല്ല സുഖമില്ല." ജുഗ്നു ആലസ്യത്തോടെ പറഞ്ഞു.

"എന്തു പററി?"

"നടുവു വല്ലാതെ വേദനിക്കുന്നു. ശരീരമാകെ ഒരു പിടുത്തം—എന്തു പററിയോ എന്തോ—താരയെ വിളിക്കട്ടെ?—നല്ലവളാണ്—നല്ല പെരുമാററം വകതിരിവുണ്ട്—" അവൾ പറഞ്ഞു:

അയാൾ തടഞ്ഞു. കുറെ ഇരുന്നിട്ട്.

അയാൾ പോകാൻ ഭാവിച്ചു: "ഞാൻ വെറുതെ വന്നു എന്നേ ഉള്ളൂ." എന്നു പറഞ്ഞിട്ടു അയാൾ സാവധാനം ഇരുട്ടത്തു പടികൾ ഇറങ്ങി, ജുഗ്നു പതുക്കെ ജനലിന്റെ അടുത്തു ചെന്നു നിന്നു. അയാൾ വേറെ ഏതെങ്കിലും വാതില്ക്കൽ കയറുമെന്നു അവൾ കരുതി.

ഗലിയിൽ വലിയ തിരക്കില്ലായിരുന്നു. മൂന്നോ നാലോ പേർ വീതം ഒന്നു രണ്ടിടത്തു കൂടിനില്ക്കുന്നു. ഇടയ്ക്ക് അതിൽനിന്നും പൊഴിഞ്ഞ ആരെങ്കിലും ഏതെങ്കിലും വാതില്ക്കൽ കയറും—അവൾ തെരുവിലേക്കു നോക്കി: പക്ഷേ, അയാൾ എങ്ങും നില്ലാതെ ഗലി കടന്നു പതുക്കെ റോഡിലേക്കു തിരിഞ്ഞു. ആ വഴിക്കാണ് അയാൾ പണിയെടുക്കുന്ന കെട്ടിടം:
അയാൾ അങ്ങനെ മടങ്ങിപ്പോയതു അവൾക്കു ഇഷ്ടമായി. അല്പം സന്തോഷം തോന്നി. മുറിയിലെ കട്ടിലിൽ വന്നു അവൾ കിടന്നു.

മുറിയിൽ നല്ല തണുപ്പുണ്ടായിരുന്നു. ദുർഗ്ഗന്ധം വമിക്കുന്നുമുണ്ടായിരുന്നു. അവൾ വാതിലടച്ചു: സിനിമാ പാട്ടുപുസ്തകമെടുത്തു അവൾ പതുക്കെ മൂളി. അപ്പോൾ ആരോ വാതില്ക്കൽ മുട്ടി. അമ്മയുടെ ശബ്ദം കേട്ടു." ജുഗ്നു മോളേ! എന്താ ആളു ബോധംകെട്ടോ?"

"ഇല്ലമ്മേ, ഇവിടെ ആരുമില്ല,"

"എങ്കിൽ പുറത്തു വരാന്തയിലേക്കു വരൂ—നല്ല കാററുണ്ട്—ഗലിയിൽ നല്ല തെളിച്ചം."

അമ്മ വാതിൽ തുറന്നു. "എന്താ സുഖമില്ലേ!"

"ഇല്ല. നല്ല സുഖം പോരാ "

"എങ്കിൽ ഒരു ഗ്ലാസ് പാലു കുടിക്കു, മോളേ! ഇനിയും സമയമുണ്ട്. ആരെങ്കിലും വന്നാലോ?"

അവൾ എണീററു. അമ്മ അവളുടെ തലയിൽ കൈവച്ചിട്ടു പനി ഉണ്ടോ എന്നു നോക്കി. അവളുടെ പുറത്തെ ചുളിവുകൾ കണ്ടിട്ടു അമ്മക്കു സഹിച്ചില്ല.

"നീ നിന്റെ ശരീരം തീരെ അവഗണിക്കുന്നു—മാംസം ചുളിഞ്ഞു വരുന്നു—കുറേശ്ശെ വ്യായാമം ചെയ്യണം—" എന്നു പറഞ്ഞിട്ടു അവർ അടുത്ത വീട്ടിലേക്കു പോയി. അവിടെ നിന്നും ഉറക്കെയുള്ള സംസാരം കേട്ടു. അമ്മ പിറുപിറുത്തു കൊണ്ടു ഉള്ളിലേക്കു പോയി." ഈ പിശാച് നാവടക്കി വയ്ക്കില്ല. ഒരു ദിവസം

ഇവിടെ കൊല നടക്കും. .’

ഇതു നിത്യസംഭവമാണു്. ബിൽകീസിനെ അമ്മ ഇങ്ങനെ ശകാരിക്കാറുണ്ടു്. തന്റെ അടുത്തു നിന്നും ആരും നേരെ ചൊവ്വേ അങ്ങു പോകാൻ പോന്നില്ല എന്നു ബിൽകീസു തന്നെ പറയും. അതു പറയുന്നതിൽ അവൾക്കു വലിയ രസമാണു്. ആളു പോയിക്കഴിഞ്ഞാൽ അവൾ വാതില്ക്കൽ വന്നു നില്ക്കും. തന്നോടു തോററു പോയ ആളിനെ നോക്കി പരിഹാസത്തോടെ ചിരിക്കും, കൈകൊട്ടും." എടീ! ഓ! സുബൈദേ, വന്നു നോക്കു് ആ റസ്റ്റം സ്ഥലം വിട്ടു. വലിയ ഫയൽമാൻ വന്നിരിക്കുന്നു. ഈ ശവത്തിനു പെണ്ണിന്റെ കൂടെ കിടക്കാനറിയില്ല.!"

ഒരു ദിവസം വന്നയാൾ പിണങ്ങി. അയാൾ തിരിഞ്ഞു നിന്നു. “എന്തു തോന്നിയവാസമാണു് നീ പറയുന്നതു്!”

“പോ പോ; വെള്ളം കോരി വന്നിരിക്കുന്നു. ദാ, ഈ നാലണ കൂടി കൊണ്ടു പോ. നാഴി പാലു വാങ്ങി കുടിക്കു്—”

അയാൾ വല്ലാതെ അപമാനിതനായി പടി ഇറങ്ങി. തെരുവു മുഴുവൻ ബിൽകീസിന്റെ പെരുമാററത്തിൽ അമർഷം കൊണ്ടു. എന്നാ ആരുമായിട്ടെങ്കിലും വഴക്കും വക്കാണവും ഉണ്ടാവുക എന്നു പറയുക വയ്യ. അവളാണെങ്കിൽ ഭാവഭംഗിയോടെ പറയും. ഞാൻ ബ്രഹ്മചാരി സ്ത്രീയാണു്—”

ജുഗ്നുവിനെ കണ്ടാൽ ബിൽകീസ് കളിയാക്കും." നീ എതെങ്കിലും വീട്ടിൽ പോകൂ."

പക്ഷേ, ജുഗ്നു ഒരിക്കലും അവളുമായി ശണ്ഠ കൂട്ടാറില്ല. ബിൽകീസ് വായാടിയാണെന്നു് അവൾക്കു അറിയാം. അമ്മയെ പോലും വകവെയ്ക്കില്ല. അമ്മയാണെങ്കിൽ എല്ലാവരേയും പ്രത്യേകം നോക്കുന്നവർ. എപ്പോഴും ദേഹം നോക്കണമെന്നു അമ്മ ഉപദേശിക്കും. “എരുമ പോലെ തടിച്ചു. സാററിൻ പെററിക്കോട്ടു് ധരിക്കൂ. ഉരുളക്കിഴങ്ങു കഴിക്കുന്നതു നിർത്തണം.”

സുബൈദയുടെ വയറു ഇടിഞ്ഞു വന്നപ്പോൾ അമ്മ അവൾക്കു വേണ്ടി അകത്തു പെട്ടിയിൽ നിന്നും പെററിക്കോട്ടു കൊണ്ടുകൊടുത്തു. “പകൽ ഇതു ഇടൂ. ചായ കുടിക്കുന്നതു കുറയ്ക്കണം.” എന്നിട്ടു അവർ എല്ലാ അളവുകളിലുമുള്ള അടിയുടുപ്പുകൾ കൊണ്ടുചെന്നു. അവർക്കു ഒരേ ഒരു വിചാരമേയുള്ളൂ.

“എനിക്കാവാമെങ്കിൽ നിങ്ങളുടെ ഒക്കെ പ്രായം വർദ്ധിക്കാതിരിക്കാൻ ശ്രമിക്കും.”

ഉച്ചയ്ക്കു അമ്മ സ്നേഹത്തോടെ ആരുടെയെങ്കിലും മുടി ചീകിക്കെട്ടും. ചിലപ്പോൾ വൈകുന്നേരത്തേക്കു സാരികൾ ഇസ്തിരിയിടും. വസന്തത്തിൽ എല്ലാവരുടേയും മുടി പൂക്കൾ ചൂടി കെട്ടിവയ്ക്കും. ഹത്തേയ്ക്കുള്ള തുവാല നിറം പിടിപ്പിക്കാനും അവർ മറക്കില്ല. ഈദും, ബക്രീദും, ഹോളിയും, ദീപാവലിയുമൊക്കെ ആഘോഷപൂർവ്വം കൊണ്ടാടും. കമലയെ ഓർത്തു അമ്മ ചിലപ്പോൾ പൊട്ടിക്കരയും—" അവളെപ്പോലെ ഒരു പെൺകിടാവു ആയിരം ജന്മം കൊണ്ടും കിട്ടാൻ പോന്നില്ല—എന്തു സൗന്ദര്യമാ ഈശ്വരൻ കൊടുത്തതു്! – നാം തൊട്ടാൽ അവൾക്കു ചെളി പററും...പണക്കാരുടെ കാമം അവളെ കൊന്നു തിന്നു—വിഷം കൊടുത്തു കാലന്മാർ അവൾക്കു് പാവം ഒരു പാട്ട കിടന്നു പിടച്ചു—കഷ്ടം എനിക്കു ആസ്പത്രിവരെപോലും കൊണ്ടുപോകാൻ പററിയില്ല—”

ജുഗ്നു വരാന്തയിൽ വന്നിരുന്നു് വഴിപോക്കരെ നോക്കിക്കൊണ്ടിരുന്നു. ക്രമേണ ആൾക്കൂട്ടം കുറഞ്ഞു. പൂമാലവില്പനക്കാരും എണീററുപോയിത്തുടങ്ങി. പതിവുപോലെ തോട്ടക്കാരൻ മദൻ കലാവതിയുടെ ജനലിലേക്കു മാല എറിയുകയും, അവൾ പതിവനുസരിച്ചു പുഞ്ചിരിച്ചുകൊണ്ടു അവനെ ശകാരിക്കുകയും ചെയ്യുന്നതു കണ്ടു. ഈയം പൂശുകാരൻ ബന്നോ അലക്കിയ കൈലിയും വരയൻ ബനിയനും ധരിച്ചുവരുന്നു. അയാൾ നേരെ ഷഹനാസിന്റെ മുറിയിലേക്കു കയറി.

ശങ്കറുടെ മുറുക്കാൻകടയുടെ മുമ്പിലുള്ള തറയിൽ അരക്കിറുക്കൻ ചുന്നിലാൽ തന്റെ ചാക്കുവിരിച്ചു. ചായകുടിച്ചുകൊണ്ടു അവൻ പിറുപിറുക്കുന്നതുകേട്ടു “അവളിങ്ങു വരും. കള്ളി– ഇവിടെ ഇന്നാവും അവളുടെ മധുവിധുരാത്രി." പൊടുന്നനെ ഗലിയുടെ തിരിവിൽ ആ നീലഷർട്ടുകാരൻ പ്രത്യക്ഷപ്പെട്ടതായി ജുഗ്നുവിനു തോന്നി, അയാൾ വീണ്ടും എത്തിയതാവും. മിണ്ടാതെ എങ്ങോട്ടെങ്കിലും ചാടിക്കയറും. പക്ഷേ

(ശേഷം 38 -ൽ)

പ്രേയസി

സി. രാധാകൃഷ്ണന്റെ നോവൽ: അദ്ധ്യായം പത്തു്

മധുവിൽനിന്നൊരു നെടുവീർപ്പുയർന്നു.

ദേവി ആരാഞ്ഞു: “വല്ല്യോപ്പോൾക്കും മാലിക്കും...?”

“പരമസുഖം!” മധു ചിരിച്ചു: “നിന്നേം കാത്തു് ഉറങ്ങാതിരിക്ക്യാണവരു്, വാ.”

ദേവി മധുവിന്റെ കൈവണ്ണ താങ്ങു പിടിച്ചു് മധുവിന്റെ തോളിൽ ചാഞ്ഞു. പരിസരം മറന്നു് മധു ദേവിയെ അടക്കിപ്പിടിച്ചു.

മാറിൽ ചാഞ്ഞ ദേവിയുടെ ശിരസ്സ്, ആനന്ദനിർവൃതിയോടെ, മന്ത്രവികാരങ്ങളുടെ കണ്ണീരോടെ, തലോടുന്ന മധു അറിഞ്ഞില്ല. കോമൻനായർ അവരെയന്വേഷിച്ചു് നടന്നടുത്തതു്.

“നിങ്ങളു് പോയേ്യാന്നു് പേടിച്ചു, ഞാൻ, ഇനി തിരയാത്ത സ്ഥലല്ല്യ. മധു ന്താ ദേവിക്കുട്ടിക്കു് വല്ല സുഖല്ല്യായീം—?”

ദേവി മധുവിന്റെ മാറിൽനിന്നു് പെട്ടെന്നകന്നു.

മധുവാണു് പറഞ്ഞതു്: “നല്ല സുഖല്ല്യ.”

ദേവി മധുവിന്റെ മുഖത്തുനോക്കി, വളരെ കൊല്ലങ്ങൾക്കുശേഷം, മനസ്സുതുറന്നു് പുഞ്ചിരിച്ചു — നേർത്ത കള്ളത്തരമടങ്ങിയ ചിരി.

ചിരിക്കരുതെന്നു് കണ്ണുവെട്ടിച്ചു് താക്കീതുചെയ്തു് മധു ദേവിയെ തോളിൽ താങ്ങി നടത്തി. ദേവി ചിരി അമർത്തി.

കോമൻനായർ ഒപ്പം നടന്നു: “എന്താ ദെണ്ണം? ഞാൻ താങ്ങണോ?”

“ഹേയ്,” മധു നിഷേധസ്വരം പുറപ്പെടുവിച്ചു: “ഇതു് എനിക്കു് താങ്ങാനേള്ളു!”

കോമൻനായർ പറഞ്ഞുകൊണ്ടിരുന്നു, നടക്കുന്നതിനിടയിൽ: “നല്ല ഒരു ഒറക്കൊറങ്ങി. വിശ്വേതയിടെ തലയ്ക്കുള്ള ഒരു തീവണ്ടിമേല്യ് കേറ്ണതു് സ്വപ്നംകണ്ടു്ട്ടേ ഞെട്ടി ഒണർന്നതു്. നോക്കുമ്പൊ ചീരുതേയില്ല്യ; തീവണ്ടീം പോയിരിക്കു്ണു ! ...”

ടാക്സിയുടെ മുൻസീററിൽ കയറിക്കിട്ടിയ ഉടൻ കോമൻനായർ ഉറങ്ങി. മധുവും ദേവിയും പിൻസീററിൽ ഒരു പുതിയ ജന്മത്തിലേയ്ക്കുള്ള യാത്ര തുടങ്ങുകയായിരുന്നു.

മാലിനിയുടെ മുഖത്തു് പ്രസന്നതയില്ലായിരുന്നു.

മുറിയിൽ, ദേവി അവളുടെ തോളത്തു് കയ്യുംവെച്ചു് അവളുടെ വളർച്ച സന്തോഷത്തോടെ നോക്കിക്കാണുകയായിരുന്നു.

മാലിനി വിരലുകൾ ഞെരിച്ചുടയ്ക്കുകയും മറെറന്തോ ഓർത്തെന്നപോലെ ദേവിയുടെ സാരിയിൽ തിരുപ്പിടിക്കുകയും മാത്രം ചെയ്തു.

“നീയു് ചേച്ച്യേ തീരെ മറന്നു്ട്ടുണ്ടാവുംന്നു് വിചാരിച്ചു, ഞാൻ!” ദേവി മാലിനിയെ അണച്ചുനിത്തി.

മറന്നിട്ടില്ലെന്നു് തലയാട്ടുകയും പുഞ്ചിരിക്കാൻ ശ്രമിക്കുകയും ചെയ്തു, മാലിനി. പുഞ്ചിരി ഉടൻ മാഞ്ഞു. കണ്ണുകൾ നിറഞ്ഞു.

ദേവി മാലിനിയുടെ മുഖം പിടിച്ചുയർത്തി: “എന്ത്നാ കരേണു്, ഏ?”

മാലിനി കൂടുതൽ വിതുമ്പി.

മധുവിൻറമ്മ മുറിയിൽക്കടന്നുവന്ന് രംഗം കണ്ടു: "നീയ്യ് വന്നത് ഭാഗ്യായി. ഇന്ന് സന്ധ്യക്ക് നിൻെറ കാര്യം പറഞ്ഞു ഞങ്ങളിവടെ."

മാലിനിയെ അണച്ചുപിടിച്ചുകൊണ്ടുതന്നെയാണ് ദേവി ചോദിച്ചത്: "ഓപ്പോള് കെടന്ന്ല്ല്യ? നേരം—"

"നിന്നെ കണ്ട്ട്ട് മതിയായ്ല്ല്യ. അപ്പൊ എണീററ് പോന്നതാണ്. മാലിനിടെ കാര്യം പറയാൻ മറന്നു. അത് പറയാംന്നും വിചാരിച്ചു."

"അതെന്താ മാലിനിടെ കാര്യം?"

"ഒരാലോചന — മധൂന് കാര്യം വളരെ ഇഷ്ടായിരിക്ക്ണു."

ദേവി മാലിനിയുടെ കവിളത്ത് വാത്സല്യത്തോടെ പതുക്കെയൊരടിയടിച്ചു: "അമ്പടി!" എന്നിട്ട്, മാലിനിയുടെ മുഖം പിടിച്ചുയർത്തി.

മാലിനി കരഞ്ഞു: "ഞാമ്പോവ്ല്ല്യ."

ദേവി ചിരിച്ചു: "പിന്നെ, ഞാൻ പോണോ?"

മാലിനി കൂടുതൽ ഉറക്കെക്കരഞ്ഞു: "എനിക്ക് വേണ്ട, കല്യാണം."

ദേവി അമ്പരന്നു, തെല്ലൊന്ന്: "അതെന്താടി? എന്താ വേണ്ടാന്ന്? നെണക്ക് വല്ല—?"

"ഞാൻ ഇവിടുന്ന് എങ്ങടും പോണ്ല്ല്യ."

ദേവിയുടെ അമ്പരപ്പകന്നു: "അത്രേള്ളു!"

അമ്മയും പുഞ്ചിരിച്ചു: "ഇത് കേട്ടപ്പൊത്തൊടങ്ങീതാ അവള് കരച്ചില്,"

ദേവി പരിഹാരം കണ്ടെത്തി. "വേണ്ട. ഇവളെ പറഞ്ഞയയ്ക്കണ്ട. ആ അനിയനും ഇവടെ താമസിച്ചോട്ടെ."

അമ്മ ചിരിച്ചു, താമസിച്ചോട്ടെ!"

മാലിനി ദേവിയുടെ പിടിവിടുവിച്ച് മുറിവിട്ടോടി.

അമ്മയും ദേവിയും നോക്കിനിന്ന് പരസ്പരം നോക്കി ചിരിച്ചു.

അമ്മ പറഞ്ഞു: "നീയീ കട്ട്ല്ല് കെടന്നോ. ഞാനും മാലീംകൂട്യാ കെടക്കാറ്. അവള് ചെന്ന് കിടന്ന്ട്ട്ണ്ടാവും."

ക്ഷീണത്തോടെ കട്ടിലിലിരുന്ന് ദേവി ആരാഞ്ഞു: "ചേട്ടൻ കെടന്നോ?"

"കെടന്ന്ട്ട്ണ്ടാവും. അവൻ മോള്ലാ പതിവ്," അമ്മ പുറത്തുകടന്നു.

തനിച്ചായപ്പോൾ ദേവിയുടെ മുഖത്ത് ഒരു പുതിയ പ്രകാശം പതുക്കെപ്പരന്നു. ക്ഷീണത്തോടെ ദേവി കിടക്കയിലേയ്ക്കു ചാഞ്ഞു.

നിലാവുള്ള രാത്രിയായിരുന്നു. മാലിനി മെല്ലെ തലപൊക്കി, അമ്മ ഉറങ്ങിയോയെന്നു നോക്കി. ഉറങ്ങിയെന്ന് ഉറപ്പുവന്നപ്പോൾ, എണീററു, പതുക്കെ, അമ്മയെ ഉണർത്താതെ.

തിരിഞ്ഞുനോക്കിത്തിരിഞ്ഞുനോക്കി മുറിയിൽനിന്ന് പുറത്തുകടന്നു.

ദേവിയുടെ മുറിയിൽ താഴ്ത്തിവെച്ച വിളക്കിൻെറ വെട്ടം ഇടനാഴികയിലേയ്ക്ക് വീഴുന്നുണ്ടായിരുന്നു., കുറേശ്ശെ. ദേവി ഉറക്കമായിക്കഴിഞ്ഞിരുന്നില്ല: ഇടനാഴികയിലൂടെ പാളിപ്പതുങ്ങിക്കടന്നുപോയ മാലിനി ദേവിയുടെ ശ്രദ്ധയിൽപ്പെട്ടു. ചിന്തയിലാണ്ടു ഉറക്കം വരാതെ കിടക്കുന്ന ദേവി ആളെ തിരിച്ചറിഞ്ഞു. കണ്ണു തുറന്ന് ചെവിയോർത്തു കിടന്നു, മുഖത്തും മനസ്സിലും ചോദ്യചിഹ്നങ്ങളോടെ.

മാലിനി കോണിപ്പടികൾ തപ്പിത്തടഞ്ഞു ശബ്ദമുണ്ടാക്കാതെ കയറി. ചാരുപടിയിലൂടെ ചെരിഞ്ഞു വീണ നിലാവ് മാലിനിക്ക് വഴി കാണിച്ചു.

കോണിപ്പടികളുടെ ശബ്ദം ദേവി കേട്ടു. ശ്രദ്ധ കൂടുതൽ കേന്ദ്രീകരിച്ചു. പതുക്കെയെണീററു. മാലിനിയുടെ കാലുകൾ കോണിയുടെ മുകൾപ്പടികൾ കയറിപ്പോകുന്നത് കണ്ടു. കോണിച്ചുവട്ടിൽ, കോണിയുടെ മറവിൽ ചെവിവട്ടം പിടിച്ച് ദേവി നിന്നു. മുഖത്ത് പുതിയ ചോദ്യചിഹ്നങ്ങളുണ്ടായി.

കട്ടിലിൽ ഓരം ചെരിഞ്ഞു കിടന്ന് ഉറങ്ങുന്ന മധുവിനെ മാലിനി വാതില്ക്കൽനിന്ന്, കിതപ്പോടെ, ഉദ്വേഗത്തോടെ, കണ്ടു. ജനലഴികൾ തുറന്നിട്ടിരുന്നു. നിലാവ് മടിയോടെ അകത്തു വരുന്നുണ്ടായിരുന്നു.

നാലുപാടും പേടിയോടെ നോക്കി, മാലിനി മധുവിൻെറയരികിലേയ്ക്ക് നീങ്ങി.

കണ്ണീരിൽ കുതിർന്ന മുഖവുമായി മധുവിൻെറ തൊട്ടരുകിൽ മാലിനി നിന്നു. സംശയിച്ചും പരുങ്ങിയും വളരെപ്പതുക്കെ മാലിനി വിളിച്ചു:

"ചേട്ടാ!...ചേട്ടാ!..."

വിളി ദേവി കേട്ടു. നൂറുനൂറാലോച

നകളുടെ ആക്കവും തൂക്കവുമായിരുന്നു, മനസ്സിൽ.

മധു ഉണർന്നില്ല.

മാലിനി കുറച്ചു കൂടെ ഉറക്കെ വിളിച്ചു.

എന്നിട്ടും ഉണരാഞ്ഞ് ചുമലിൽ തൊട്ടു വിളിച്ചു "ചേട്ടാ!..."

ഞെട്ടിയുണർന്നെണീററ് മധു പരിഭ്രമത്തോടെ ചോദിച്ചു: എന്താണ്?, എന്താണ് മാലീ?" മാലിനിയുടെ മുഖവും നില്പും കണ്ടു മധുവിന്റെ പരിഭ്രമം വർദ്ധിച്ചതേയുള്ളു.

"പറയൂ, കുട്ടീ. എന്താണ്?"

കേട്ടു നില്ക്കുന്ന ദേവിയുടെ നെററിയിലെ ചുളിവുകളിൽ ചിലത് മായുന്നു.

എങ്ങിനെ തുടങ്ങണമെന്നറിയാതെ പതുങ്ങി മാലിനി കടിച്ചുംപിടിച്ചും ശ്വാസമടക്കിപ്പിടിച്ചും ഒരു വിധം ചോദിച്ചൊപ്പിച്ചു "ചേട്ടന് എന്നെ കല്യാണം കഴിച്ചൂടെ?"

മാലിനി വളരെയേറെ പ്രതീക്ഷയോടെ മധുവിന്റെ മുഖത്തു നോക്കി.

മധു ചിരിക്കുകയാണ് ചെയ്തത്. ഓർത്തോർത്ത് ചിരിച്ചു.

ദേവി പുതിയൊരു വിജ്ഞാനമുണ്ടായതു പോലെ വായും പിളർന്ന് തരിച്ചു നിന്നു.

മധു ചിരിക്കുന്തോറും മാലിനി തേങ്ങുകയായിരുന്നു. ഇതുകണ്ട് മധുവിന്റെ ചിരി താനേയടങ്ങി.

മാലിനി കരഞ്ഞു പറഞ്ഞു: "ചേട്ടൻ ഇപ്പൊ എല്ലാവരേം ഒന്നുത്തും!.. എന്തിനാ ചേട്ടൻ ചിരിക്കണത്? ഞാൻ ഇപ്പൊ കുട്ട്യാന്നല്ല. ചേട്ടന് എന്നെ ഇഷ്ടല്ല്യ, ഇല്ല്യ ചേട്ടാ?"

മാലിനിയെ മധു അടിമുടി ഉഴിഞ്ഞു നോക്കി. അവളുടെ ശരീരവളർച്ച അപ്പോൾ മാത്രം കണ്ണിൽപ്പെട്ടതു പോലെ തോന്നി മധുവിന്.

"എന്താ, കുട്ടീ നീയീ ചോദിച്ചത്!"

മാലിനി കിതപ്പടക്കി: "കുട്ട്യല്ലാന്ന് ചേട്ടന് കണ്ടാലറല്ല്യേ? എനിക്ക് ഒന്നേ അറ്യേണ്ടു. ഇഷ്ടല്ല്യേ?

"ഇഷ്ടല്ല്യേന്നോ! നെണക്കിത് ചോദിക്കാൻ തോന്നിലോ! എത്ര ഇഷ്ടാന്ന് നെണക്കറില്ല്യേ?"

(തുടരും)

—*—

നോവൽ: പതിനഞ്ചു്

പിതാമഹൻ

വി. കെ. എൻ

അതു് വേണോ?- സർ ചാത്തു ചോദിച്ചു.

തീർച്ചയായും,

ഏതു പത്രത്തിൽ?

ഒബ്സർവറിലായാലോ?

"ടൈംസിലു"മാവാം. പക്ഷേ, എന്നെ ഉദ്ധരിക്കരുത്.

ഇല്ല.

വണ്ടി ഗെസ്റ്റ്ഹൌസിൽ മുളഞ്ഞു.

ജോണിവാക്കർ പിറേറന്നു വെളുപ്പിന് പോകാനിരിക്കയാലും, യാത്രയാക്കാൻ താൻ വരികയില്ലെന്നതിനാലും സർ ചാത്തു സ്പോട്ടിൽവെച്ച് സായ്പിനു ഹസ്തദാനംചെയ്തു പിരിഞ്ഞു.

പിന്നീട് അദ്ദേഹം തന്റെ സഹകാ[illegible]ററിനെ മുൻനടത്തി, കൊടകരയിൽ ചീതക്കുട്ടിയിലേയ്ക്ക് ഓടിച്ചുപോയി.

ഉണരുന്നത് ലേഡിഷാററിനെ പൊത്തിപ്പിടിച്ചാണ്. പരിരംഭണാദികളുടെ ശക്തിയാൽ അവൾ വിവശയായിരിക്കുന്നു.

ഇതെങ്ങിനെ സംഭവിച്ചു എന്ന് സർ ചാത്തു വിസ്മയിച്ചു. കൊടകരയിൽ ചീതക്കുട്ടിയും താനുമായുണ്ടായ അലർച്ചയും പതിഞ്ഞാട്ടവും മൽപിടുത്തവും ഓർമ്മയുണ്ട്. അതുകഴിഞ്ഞ് ഇവിടെയെത്തി ഒരു റിപ്പീററ് പെർഫോമൻസ് നടത്തിയെന്നോ? താൻ കൂടുതൽ ശക്തനായി വരികയാണോ? കൊള്ളാമല്ലോ.

ഏതായാലും ലേഡിഷാററിന്റെ മുഖം വികസിച്ചിരിക്കുന്നു. ഭക്ഷണത്തിന്റെ രുചി എന്നിട്ടും ക്ഷീണം. വിരോധാഭാസം. താനും അവശൻ തന്നെ.

കിടക്കവിട്ടെഴുന്നേററ് ലജ്ജാവതിയായി പുറത്തുപോകുന്ന ഷാററിനോട് സർ ചാത്തു പറഞ്ഞു.

മിലേഡി, ബെഡ്കാഫി വേണ്ട. വല്ലാത്ത ക്ഷീണം.

ക്ഷീണമില്ലാതിരിക്കുമോ?– ലേഡിഷാററ് പണിപ്പെട്ട് തന്റെ നിതംബം വെട്ടിച്ചു. അവൾക്ക് ദേഹമാസകലം വേദനിച്ചിരുന്നുവെന്ന് വ്യക്തം. എന്താണ് ഇന്നലെ കാണിച്ചുകൂട്ടിയത്?

ഇടങ്ങഴി പാലിൽ ഒരുറാത്തൽ ബദാം പരിപ്പ് അരച്ചുകലക്കിത്തരു.

നിത്യവും ജീവന്മരണയുദ്ധംചെയ്യാമോ?

ചെയ്യാം.

എങ്കിൽ നിത്യവും കാലത്ത് ഇപ്പോൾ നിർദ്ദേശിച്ച ഔഷധവും തരാം.

നീ തന്ത്രശാലിതന്നെ.

അല്ലാതെങ്ങിനെ വരും? ഇന്നലെ എന്തെല്ലാം പുതിയ തന്ത്രങ്ങളാണ് അഭ്യസിപ്പിച്ചത്!

ഒന്നും ഓർമ്മയില്ലാതിരുന്നതുകൊണ്ട് സർ ചാത്തു വിശദാംശങ്ങൾ ആരായാൻ പോയില്ല. ഉപബോധമനസ്സായിരിക്കാം മുൻകയ്യെടുത്തത്. ഏതായാലും അവൾക്ക് തൃപ്തിയായല്ലോ. കൊടകരയിലെ രാക്ഷസിക്കും. മതി ഇനി മൂന്നാമതൊരുത്തി വേണ്ട എന്നു താൻ നിരൂപിക്കുന്നു. ദൈവം സമ്മതിക്കുമോ? മൂന്നാമതൊരു പെണ്ണുണ്ടെങ്കിൽ അവളും? എല്ലാം ഭാവിക്ക് വിട്ടുകൊടുക്കുകതന്നെ.

ഏതൻവിധ മധുരചിന്തകൾക്കു പുറത്ത് പല്ലുതേച്ച്, ലേഡിഷാററ് ഇരുകയ്യാൽ വെള്ളിപ്പാത്രത്തിൽ കൊണ്ടുവന്ന പാലും ബദാമും സർചാത്തു മൂന്നുവീർപ്പായി കുടിച്ചു.

പെട്ടെന്നു വീണ്ടും പഴയ ഭീമനായി തന്നെ രാവിലെ വീണ്ടും തുടങ്ങാമെന്നായി. എന്നാൽ ഉച്ചയാവുമ്പോഴേയ്ക്കും വീണ്ടും ക്ഷീണിച്ചുപോവും എന്നോർത്തപ്പോൾ പകിടകളി പെട്ടെന്ന് വേണ്ടെന്നു വെച്ചു. രാത്രിമതി. ആരും കാണുകയില്ലല്ലോ. വാർത്ത പത്രത്തിൽവരികയുമില്ലല്ലോ.

പത്രം വായിച്ചുകൊണ്ടിരിക്കുമ്പോൾ വൈത്തി വന്നു.

ഉല്ലാസവാനായി സർചാത്തു പറഞ്ഞു:

നമ്മുടെ ഇംകരിയസ്സ് മഹോപാദ്ധ്യായൻ തെററിദ്ധരിക്കരുത്. ഇന്നേദിവസം അശ്രുഭോദകമാണെന്നു തോന്നുന്നു.

എന്തോ പറയാനായി വൈത്തി മുതിർന്നപ്പോൾ സർ ചാത്തു തുടർന്നു:

എന്തൊറാൽ ഒററ ബ്രാഹ്മണനെ കണികാണുന്നത്—പട്ടർ എന്നു നാം പറയുന്നില്ല. കാലന് ഒരു ക്ഷണക്കത്തയയ്ക്കുന്നതുപോലെയാണ്.

ഏകദേശം ആ വിധമാണ് ഇന്നത്തെ സ്ഥിതി. വൈത്തി പറഞ്ഞു.

എന്തുപററി?—സർചാത്തുവിനുല്ലാസം ഹ്രസ്വമായി.

കുന്നത്തൂർതാലൂക്കിലെ ഭക്രാനംഗൽ അണക്കെട്ട് മൂന്നിടത്ത് മുറിഞ്ഞിരിക്കുന്നു.

എന്നിട്ട്?

ജനവും ജനപദവും വെള്ളത്തിനടിയിലാണ്.

കല്പനകൾ പറന്നു.

ചീഫ്സെക്രട്ടറിയുടെഭാഗംകൂടി അഭിനയിക്കുന്ന തെക്കുംകൂർ പേഷ്കാർ ഒരുങ്ങിനില്ക്കട്ടെ.

ഇറിഗേഷൻ ചീഫ് എഞ്ചിനീയർ ആദ്യം സ്ഥലത്ത് ചെല്ലട്ടെ.

നാമും പോകുതന്നെ.

ഖജനാവും കാലി.

വാഹനങ്ങൾ പറന്നു. കുന്നത്തൂർതാലൂക്കതിർത്തിയെത്തിയപ്പോൾ നിന്നു. പിന്നങ്ങോട്ട് സ്മരിക്കാൻവയ്യ. പ്രളയജലം വസുന്ധരയെ കീഴ്പ്പെടുത്തിയിരിക്കയാണ്. കൂലംകുത്തി ഒഴുകുന്നു എന്ന പ്രയോഗമാണ് സർചാത്തുവിന് ഏറെ ബോധിച്ചത്.

ജനം വൃക്ഷത്തലപ്പുകളിലും, ചാത്തുമാക്ക് ഓടിട്ടപുരകളുടെ മേൽക്കൂരകളിലും ഒരു കുന്നിൻപുറത്തും കൂട്ടംചേർന്ന് ചുളിപ്പിടിച്ചിരിക്കയാണ്.

കാഴ്ചകണ്ട് ചീഫ്എഞ്ചിനീയർ കാൽ നനയാതെ നില്ക്കുന്നു.

നല്ല രസം, അല്ലേ?—സർചാത്തു അയാളോട് ചോദിച്ചു.

തോണിക്ക് ഏർപ്പാടുചെയ്തിട്ടുണ്ട്, സർ—എഞ്ചിനീയർ പറഞ്ഞു.—നൌക

വന്നാലും മറുകരയെത്താം.

ജലക്രീഡയ്ക്ക്, അല്ലേ?—സർചാത്തു രൂക്ഷമായി ചോദിച്ചു—ഡാടോ!

ഉദ്യോഗസ്ഥദുഷ്പ്രഭുക്കൾ നിന്നനില്പിൽ ചാടി.

സർചാത്തു മുണ്ടു വളച്ചുകുത്തി, ഒരു ജനറലിനെമാതിരി രംഗം നിരീക്ഷിച്ചു. പിന്നെ പ്രളയപയോധിയിലേയ്ക്കിറങ്ങി.

പേഷ്കാനും, എഞ്ചിനീയനും, വൈത്തനും, തയ്ശ്യാനും അദ്ദേഹത്തെ അനുഗമിച്ചു, കണങ്കാലോളം, മുട്ടോളം, മാറോളം, കഴുത്തററം വെള്ളത്തിൽ സഞ്ചരിച്ച് സംഘം കുന്നിനു നിറുകിലെത്തി.

ജനം അവരെ പൊതിഞ്ഞു.

വയർലസ്സ്സെററ് കൊണ്ടുവന്നിട്ടില്ലേ, വൈത്തി? സർചാത്തു ചോദിച്ചു.

ഉണ്ട്.

സർ കുഞ്ഞിരാമന് കമ്പിയില്ലാക്കമ്പി പോകട്ടെ: കുന്നത്തൂർതാലൂക്കിൽ പ്രളയം. ജനം അനാഥർ, അഭക്ഷണർ. മദിരാശിയിലെ താംബരം എയർഫോഴ്സ് ബോഡിൽനിന്ന് പാകംചെയ്ത ഭക്ഷണപ്പൊതികളുമായി ഹെലികോപ്ററുകളെ വിടുക.

ഉത്തരക്ഷണത്തിൽ മറുപടി കിട്ടി.

ഒരുമണിക്കൂറിനകം പക്ഷികൾ അവിടെയെത്തും.

കല്പനയുടേയും മറുപടിയുടേയും വീര്യമോർത്ത് ജനം അന്തംവിട്ടുനിന്നു.

സർചാത്തു ചീഫ്എഞ്ചിനീയനുനേരെ തിരിഞ്ഞു:

ഭീമാകാരമായ ഈ അണക്കെട്ട് ആരുടെ മേൽനോട്ടത്തിലാണ്?

സൂപ്രണ്ടിങ്ങ് എഞ്ചിനയന്റെ, സർ.

അവനെവിടെ?

ഒളിവിലാണ്.

പേഷ്കാൻ!

സർ.

അവനെ അറസ്റ്റുചെയ്യാൻ വാറണ്ട് പുറപ്പെടുവിക്ക.

ശരി, സർ.

രേഖ എഴുതിയുണ്ടാക്കാൻ കടദാസില്ലെങ്കിൽ വാക്കാൽ വാറണ്ട് പുറപ്പെടുവിക്ക.

ശരി, സർ.

ഘാതുകനെ പിടികിട്ടിയതും മുക്കാലിയിൽകെട്ടി ഇരുപത്തൊന്നടി അടിക്ക.

ശരിപ്പെടുത്തിക്കോളാം, സർ.

ചീഫ് എഞ്ചിനീയൻ!

സർ.

അണക്കെട്ട് പൊളിക്കാനുണ്ടായ സാഹചര്യത്തെപ്പററി എനിക്കൊരു റിപ്പോർട്ട് തരിക.

തരാം, സർ.

എപ്പോൾ?

ഒരാഴ്ചയ്ക്കകം, സർ.

എന്തുപറഞ്ഞു?

ഒരാഴ്ചയ്ക്കകം,

ഒരാഴ്ച്ചയ്ക്കകമുള്ള റിപ്പോർട്ട് ചരിത്രത്തിൽ ചേർത്തുകൊള്ളുക, സർചാത്തു പറഞ്ഞു. എനിക്കു വേണ്ട കടദാസ് ഇരുപത്തിനാലുമണിക്കൂറിനകമാണ്. ഒരു പേജിൽ ഒരു ഭാഗത്ത് ഡബിൾ-സ്പേഡിൽ ടൈപ്പ്ചെയ്തത്.

തരാം, സർ.

ബെററർ ഡു ദാററ്, ദി ഇൻസ്റ്റിങ്ങ്ററ് ടു മർഡർ ഈസ് റാംപൻറ് ഇൻ മി.

(ജീവനിൽ കൊതിയുണ്ടെങ്കിൽ അതു ചെയ്യോ)

ജനം ഹുറേ വിളിക്കാൻ മുതിന്നപ്പോൾ സർചാത്തു തടഞ്ഞു.

ഖാമോശ്!

(സൈലൻസ്! നിശ്ശബ്ദം!)

സ്ഥലത്തെ പ്രധാനി ശങ്കുണ്ണിവാരിയരതാ നീന്തിവരുന്നു. കരഞ്ഞുകൊണ്ടാണ് തുഴയുന്നത്. കുന്നിൻപുറത്തു കരപററിയ നിയമസഭാംഗത്തെ സർചാത്തു കൈയ്യുപിടിച്ചു നിത്തി.

വാരിയർ നെഞ്ചത്തടിച്ചു.

എന്റെ ജനം, സർ! എന്റെ ജനം!

സർചാത്തു വാരിയരുടെ കൈ പിടിച്ചു.

എന്റേയും ജനമാണ്, വാരിയർ. നാമവരെ കൈവിടുകയില്ല.

ആ സൂപ്രണ്ടിങ്ങ് എഞ്ചിനീയനെ കൊല്ലണം.

ചിത്രവധമാണ് നാം വിധിച്ചിരിക്കുന്നത്—സർചാത്തു പറഞ്ഞു. അതിനു പ്രാരംഭമായി മുക്കാലിയിൽകെട്ടി ഇരുപത്തൊന്നടിക്കാനും കല്പിച്ചിട്ടുണ്ട്.

വാരിയർ തുള്ളിച്ചാടി.

അപ്പോൾ ദുരിതാശ്വാസം പകുതിയുമായി!

ഇനിയുമുണ്ട്, പാകംചെയ്ത സദ്യ പോളിത്തീൻ പൊതികളിലാക്കി ഹെലികോപ്ററുകൾ താംബരത്തുനിന്നും പുറപ്പെട്ടിട്ടുണ്ട്.

അവയുടെ ശബ്ദമാണ് ദൂരെ കേൾക്കുന്നതെന്നു തോന്നുന്നു,—വൈത്തി പറഞ്ഞു.

സദ്യയുടേയോ?

അല്ല, അതു വഹിച്ചുവരുന്ന ഹെലികോപ്ററുകളുടെ.

പായസമുണ്ടാവില്ലേ, സർ നായർ? ശങ്കുണ്ണിവാരിയർ ചോദിച്ചു.

ഇടിച്ചുപിഴിഞ്ഞതെങ്കിലും കാണണം—സർചാത്തു പറഞ്ഞു—വറുത്തുപ്പേരിയും.

(തുടരും)

* * *

(30 -ൽ നിന്നും തുടർച്ച)

അതു അവളുടെ സംശയം മാത്രമായിരുന്നു.

പിന്നെ വളരെനാളുകൾക്കുശേഷമാണു് അയാൾ അവിടെ എത്തിയതു്. ജുഗ്നുവിന്റെ മുറയിൽചെന്നു കക്ഷി സ്വന്തം വീട്ടിലെപോലെ കട്ടിലിൽ വിസ്തരിച്ചിരിപ്പായി. എന്നിട്ടു് ഷൂസ് അഴിക്കാനുള്ള ധൈര്യം അയാൾക്കുണ്ടായില്ല.

"നിങ്ങൾ സ്വന്തം പേരു പറയൂ." ജുഗ്നു കൂടെ കിടന്നുകൊണ്ടു പറഞ്ഞു.

"മദൻലാൽ — എന്തുവേണം?"

"വെറുതെ — ഇവിടെങ്ങും ഇല്ലായിരുന്നോ?"

"ജയിലിലായിരുന്നു. എന്നെ അറസ്റ്റു ചെയ്തു — അതാണു് കാണാതിരുന്നതു്."

"എന്തിനു്?"

"പണിമുടക്കായിരുന്നു — മുതലാളിമാരുടെ സൂത്രം. ഞങ്ങളെ തുറുങ്കിലടച്ചു. കഷ്ടിച്ചു രക്ഷപ്പെട്ടു —"

"ഈ പണിമുടക്കുകൊണ്ടു വല്ല പ്രയോജനവുമുണ്ടോ? എന്തിനാ പണിമുടക്കിയതു്?"

"നോട്ടീസുകൊടുക്കാതെ തുടങ്ങി — നിനക്കു പറഞ്ഞാൽ മനസ്സിലാവില്ല — വേറെയും പല പ്രശ്നങ്ങൾ ഉണ്ടു് — ഷൂസ് ഊരട്ടെ?" മദൻലാൽ വളരെ സങ്കോചത്തോടെ ചോദിച്ചു,

"ഊരൂ—"

ഇത്തവണ ക്യാൻവാസ് ഷൂ അഴിച്ചപ്പോഴത്തെ നാററം ജുഗ്നുവിനെ വിശേഷിച്ചു ബുദ്ധിമുട്ടിച്ചില്ല — ക്രമേണ ആ നാററം അവളുടെ ചുററും വ്യാപിച്ചു — ഒടുവിൽ അവളുടെ ശരീരത്തും —

മദൻലാൽ പോയിക്കഴിഞ്ഞിട്ടും ആ ദുർഗന്ധം അവിടെ തങ്ങിനിന്നു. ആയിടെ വേശ്യകൾക്കൊക്കെ മെഡിക്കൽ പരിശോധനക്കു പോകേണ്ടിവന്നു. അവൾക്കു യാതൊരു ഗുഹ്യരോഗവുമില്ലെന്നും, ക്ഷയത്തിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ടെന്നും മാത്രം ഡോക്ടർ പറഞ്ഞു—

അവൾക്കു ചുമ തുടങ്ങി. പനിവിട്ടുമാറിയില്ല. അമ്മ അവളെ ആസ്പത്രിയിൽ കൊണ്ടു കാണിച്ചു. എന്നിട്ടും രോഗം കുറയുന്നില്ല. ക്രമേണ അവൾ ജോലിക്കുകൊള്ളാതവളായി. ഒരു ദിവസം രക്തംഛർദ്ദിച്ചപ്പോൾ ബിൽകീസ് വലിയ അഹങ്കാരത്തോടെ പറഞ്ഞു." ഇവളെ എവിടെങ്കിലുംകൊണ്ടു കളയണം. ഞങ്ങൾക്കു മരിക്കാൻവയ്യ." അമ്മ അതുകേട്ടു അവളെ ശാസിച്ചു. ജുഗ്നുവിനെ ഓർത്തു അമ്മക്കു വലിയ വിഷമമായി. അവർ പലവിധത്തിൽ അവളെ ഉപദേശിച്ചു. ആരോഗ്യത്തെ കരുതി അവൾ മാറിതാമസിക്കണം. ആവശ്യത്തിനു എൻപതോ നൂറോ രൂപയുംകൊണ്ടു പോകട്ടെ, പക്ഷേ ഇത്തരത്തിലുള്ള ശ്രദ്ധ പാടില്ല —

താൻ എവിടെ പോകും എന്നു ജുഗ്നുവിനു അറിയില്ല. കൈയ്യിൽ പണവുമില്ല. നൂറോ, ഇരുന്നൂറോ രൂപകൊണ്ടു എത്ര ദിവസം തള്ളിവിടും! ഒടുവിൽ നിവൃത്തിയില്ലാതെ അവൾ ക്ഷയരോഗാസ്പത്രിയിൽ അഭയം പ്രാപിച്ചു. അമ്മ കൊടുത്തതും താൻ സൂക്ഷിച്ചുവച്ചിരുന്നതും ആയ പണമൊക്കെ ചെലവായി. നാലുമാസം തുടർച്ചയായി അവൾക്കു സാനിട്ടോറിയത്തിൽ കഴിയേണ്ടിവന്നു. അതു കഴിഞ്ഞു അവൾക്കു പൂർണ്ണസുഖം കിട്ടിയില്ല. എവിടെങ്കിലും അത്യാവശ്യത്തിനു പോകാം എന്നുമാത്രം. സാനിട്ടോറിയത്തിൽനിന്നും മൂന്നു നാലു പ്രാവശ്യം അവൾ അമ്മയുടെ അടുത്തുചെന്നു. അപ്പോൾ അമ്മ പറഞ്ഞു.

"നീ എവിടെയായിരുന്നു എന്നാരോടും പറയരുതു് — നീ രാംപൂരിൽ പോയിരിക്കുകയാണെന്നാണു് ഞാൻ പറഞ്ഞതു്, സഹോദരിയെ കാണാൻ. താമസിയാതെ തിരിച്ചെത്തും — പക്ഷേ ആ പോലീസുകാരൻ വല്ലാതെ ശല്യം ചെയ്യുന്നുണ്ടു്. അയാൾക്കു സംശയമാണു്, നീ ഇവിടെ എവിടെങ്കിലുംതന്നെ ഉണ്ടാകുമെന്നു്—"

അമ്മയുടെ സ്നേഹവാത്സല്യങ്ങൾ കണ്ടു് അവൾക്കു സമാധാനം തോന്നി അമ്മക്കു അവളുടെ കാര്യം ഓർത്തു ദുഃഖവും. ജുഗ്നുവിന്റെ ശരീരം യഥാർത്ഥത്തിൽ മെലിഞ്ഞുപോയിരുന്നു — തലമുടി കൊഴിഞ്ഞു. മുഖത്തെ അരുണിമ പോയി.

കണ്ണാടിനോക്കുമ്പോൾ ജുഗ്നുവിനു വലിയ വേവലാതിയാണു്. "ഇനി എന്തു ചെയ്യും? രോഗിണിയായി താൻ എങ്ങനെ മുമ്പോട്ടു നീങ്ങും? തനിക്കു ആശ്രയം? — വേറൊരാശ്രയം ഇല്ല — മററു തൊഴിലുമില്ല — !!"

വേശ്യാവൃത്തിക്കു നിരോധനം ഏർപ്പെടുത്തിയിട്ടും ലഖ്നൗ ബനാറസ് തുടങ്ങിയ സ്ഥലങ്ങളിൽനിന്നും ധാരാളം പുതിയ ചരക്കുകൾ മാർക്കററിലെത്തി. തന്മൂലം തങ്ങളുടെ സ്ഥിതി അപകടത്തിലായി. ഷഹനാസിന്റെ സ്ഥിതിയും മോശമായി എന്നു കേട്ടു. കലാവതിയാണെങ്കിൽ പട്ടിണികിടന്നു മരിക്കാറായി.

ഇതൊക്കെ കേട്ടപ്പോൾ ജുഗ്നു വല്ലാതെ പരിഭ്രമിച്ചു.

പോകുന്നതിനുമുമ്പു അവൾ അമ്മയോടു കുറച്ചു പണംചോദിച്ചു. അമ്മ തന്റെ നിവൃത്തിഇല്ലായ്മ വിവരിച്ചു. അവരുടെ സ്ഥിതിയും മോശമായിരുന്നു.

സാനിട്ടോറിയത്തിലേക്കു മടങ്ങുന്നതിനുമുമ്പു അവൾ എല്ലാവരേയും പ്രതീക്ഷാനിർഭരമായ കണ്ണുകളോടെ നോക്കി. മുമ്പു തന്റെ "നല്ല" കാലത്തു അവരൊക്കെ തന്റെ അടുത്തുവരാറുണ്ടായിരുന്നു.

ക്ലാക്കമൻസു കടയിലിരിക്കുന്നതു കണ്ടപ്പോൾ അവൾക്കു പുച്ഛംതോന്നി. അരസ്സു കൈ കൊടുത്തുകൊണ്ടുള്ള അയാളുടെ ഇരിപ്പും, തുട ചൊറിഞ്ഞുകൊണ്ടു മുറിവിട്ടുപോകുന്നതും അവൾ ഓർത്തു—

കംവർ ജീത്തു് ഹോട്ടൽക്കാരൻ മുഷിഞ്ഞ പൈജാമയിട്ടുകൊണ്ടു നോട്ടു് എണ്ണുന്നു — എണീക്കുന്നതിനുമുമ്പുള്ള അയാളുടെ രൂപം — ജുഗ്നുവിനു ഛർദ്ദിക്കാൻതോന്നി.

ജുഗ്നു തനിക്കു പരിചയമുള്ള മററുപലരെയുംകൂടി ഓർത്തു.

സാനിട്ടോറിയത്തിൽ വളരെ ദിവസം കഴിയേണ്ടിവന്നില്ല. എന്തായാലും മടങ്ങിയേ പററൂ. തന്റെ കഷ്ടപ്പാടിലും പ്രയാസത്തിലും തനിക്കു സഹായം ചെയ്ത എല്ലാവരോടും അവൾക്കു നന്ദിയുണ്ടു്.

താൻ കടംവാങ്ങിയ തുകകളൊക്കെ അവൾ ഒരു കടലാസ്സുതുണ്ടിൽ കുറിച്ചുവച്ചിരുന്നു. സംഖ്യ കുറെ അധികമായി. കംവർജീത് ഹോട്ടൽകാരൻ വലിയ ഔദാര്യം കാട്ടുന്നമട്ടിൽ 47 രൂപ തന്നു. മൻസു അങ്ങനെ ഔദാര്യഭാവം ഒന്നും കാട്ടിയില്ലെങ്കിലും പണം വേഗം തിരിച്ചുകൊടുക്കണമെന്നുപറഞ്ഞു് 25രൂപ തന്നു. ഈ 25രൂപ കൊണ്ടു അയാളുടെ ബിസിനസ് ആകെ തകരുമെന്നു തോന്നും കേട്ടാൽ.

സന്ത്റാം ഫിററർ 20 രൂപ തന്നു. പോകാൻനേരത്തു വിലകുറഞ്ഞ ഒരു തമാശപറഞ്ഞു. "പലിശയായി ഒരു രാത്രി വേറെ — മനസ്സിലായോ." പക്ഷേ ആ തമാശ കേട്ടപ്പോൾ അവൾക്കു ഒരു കാര്യം മനസ്സിലായി, ഇപ്പോഴും പുരുഷന്മാരുടെ കണ്ണു് അവളിൽ പതിയുന്നുണ്ടു്. താൻ കരുതുന്നതുപോലെ തന്റെ ദേഹം അത്ര

മോശമായിട്ടില്ല.

കഷ്ടപ്പാടുകാലത്തു ഒരു ദിവസം അവൾ മദൻലാലിന്റെ അടുത്തുപോയി 30 രൂപ വാങ്ങി. അയാൾ പറഞ്ഞു. "ഇതു പിരിവുതുകയാണ്", വേഗം തിരിച്ചുകിട്ടിയാൽ കൊള്ളാം. ഇത്രയും കൈയ്യിൽനിന്നു എടുത്തുകൊടുക്കാൻ എന്റെ കൈയിൽ പണം ഇല്ല." അതു മനസ്സിലാക്കാം. മറ്റു മാർഗ്ഗമില്ലാത്തതുകൊണ്ടു പറഞ്ഞതാണ് പാവം. തന്നെ തെറ്റിദ്ധരിക്കരുതെന്നും അയാൾ പറഞ്ഞു — പിന്നെ ഒന്നും പറയാതെ അയാൾ പാർട്ടി ഓഫീസിലേക്കു നടന്നുപോയി.

ആവശ്യത്തിന്റെ കൂടുതലുകൊണ്ടു അവൾ ആ പണം വാങ്ങി. അവൾക്കു സത്യത്തിൽ പ്രയാസംതോന്നി.

ഇപ്പോൾ സാനിട്ടോറിയത്തിൽനിന്നു വന്നതുതൊട്ടു പോലീസുകാർ അവളെ ശല്യപ്പെടുത്തുന്നുണ്ട്. ഏഴുമാസത്തെ പണം അവക്കു കിട്ടാനുണ്ട്. ഓരോരുത്തർക്കും അവർ പ്രത്യേകം പ്രത്യേകം തുക ക്‌ളിപ്തപ്പെടുത്തിയിരുന്നു.

ഈയിടെ അവൾക്കു വലിയതളർച്ച അനുഭവപ്പെടാറുണ്ട്: ശരീരവും മനസ്സും ഒരുപോലെ ക്ഷീണിച്ചു. ആളുകൾ കൂടുതൽ ബുദ്ധിമുട്ടിച്ചാൽ അല്പം ചുമ വരും. അഞ്ചോ – ഏഴോ മിനിട്ടു ആവുമ്പോഴേക്കും ശ്വാസംമുട്ടും. പുരുഷന്മാരാണെങ്കിൽ സർവ്വഭാരവും നെഞ്ചത്തുവക്കും.

തുടർച്ചയായി അവൾക്കു പഴയപോലെത്ത അസ്വാസ്ഥ്യം അനുഭവപ്പെട്ടു.

ഒരു പഴയ തിരുപ്പൻ അവൾ ഏഴുരൂപക്കു കലാവതിയോടു മേടിച്ചു. നെഞ്ചിൽ കപ്സ് ഇടാനും തുടങ്ങി. അതു ഊരാനും ഇടാനും പ്രയാസമുണ്ട്. അലക്കിയ ധോത്തി ഉടുക്കാൻ അവൾക്കു എന്നും വെറുപ്പായിരുന്നു. പക്ഷേ ഇപ്പോൾ കഞ്ഞിമുക്കി അലക്കിയ ധോത്തി ഉടുത്തുതുടങ്ങി. ദേഹത്തിനു മാർദ്ദവംതോന്നി.

ഇത്രയുമൊക്കെ ചെയ്തിട്ടും വരുമാനം മോശം. ചില രാത്രികളിൽ ആരുംവന്നില്ല എന്നും വരും. തന്റെ മുറിയിൽ തനിച്ചിരുന്നു അവൾ വേദനിക്കും— ഭാരിച്ച ജീവിതം — ദിവസേന ക്ഷീണിച്ചുവരുന്ന ദേഹപ്രകൃതം —

നപുംസകങ്ങളെക്കൊണ്ടു അവൾക്കു വലിയ കഷ്ടപ്പാടാണ്: അക്കൂട്ടർ കൂടുതൽ വേദനിപ്പിക്കും— അവിടെയും ഇവിടെയുമൊക്കെ തൊട്ടുനോവിക്കും — വേണ്ടാത്ത കാര്യങ്ങൾ പറയും: വല്ലാത്ത അഭിരുചിയാണ് അക്കൂട്ടരുടേതു്.

അവരിലുംഭേദം കഴിവതും വേഗം കാര്യം സാധിച്ചിട്ടു പോകുന്നവരാണ് — അവർ അനാവശ്യംപറയുകയോ ചെയ്യുകയോ പതിവില്ല — പക്ഷേ എന്തായാലും വരുമാനം മോശമായിക്കൊണ്ടിരുന്നു. കടം വീട്ടാൻ കഴിഞ്ഞില്ല:

കടലാസുതുണ്ടിൽ എല്ലാവർക്കും കൊടുക്കേണ്ട സംഖ്യകൾ നോട്ടുചെയ്തിട്ടുണ്ട് — പക്ഷേ ഇതുവരെ കൊടുത്തുതീർക്കാൻ പറ്റിയിട്ടില്ല —

ഇനി മറെറാരു പോംവഴി ഇല്ല എന്ന സ്ഥിതിയായി: തുടയുടെ ഇടയിലുള്ള പരു കാണിക്കാൻ ജുഗ്നു ഡോക്ടരുടെ അടുത്തുപോയി: വഴിയിൽ മൻസൂ തടഞ്ഞുനിത്തി: "കുറേക്കാലമായില്ലേ — ഇപ്പോൾ നിന്റെ ബിസിനസ് നടക്കുന്നുമുണ്ട് —" അവൾ വിവശയായി പറഞ്ഞു. "ഒരു പൈസപോലും മിച്ചമില്ല — എന്തു ചെയ്യും — നിങ്ങൾ വരാറുപോലുമില്ലല്ലോ:"

"ഞാൻ ഗംഗാജലംതൊട്ടു സത്യംചെയ്തിരിക്കുകയാണ്, വ്യഭിചാരത്തിനു പോകില്ല — തുളസിമാലഇട്ടു. നീ ഇതു കണ്ടോ?" മൻസൂ പറഞ്ഞതു കേട്ടു ജുഗ്നുവിനു ചിരിവന്നു.

തുടയിലെ പരുകാരണം ജുഗ്നുവിനു നടക്കാൻ നന്നേ പ്രയാസമുണ്ടായിരുന്നു. കാലുവിടത്തിയാണ് അവൾ നടക്കുന്നതു്. മൻസൂവിന്റെ മനസ്സിളകി. ഗലിയുടെ തിരിവിൽ എത്തിയപ്പോൾ മൻസൂ പതുക്കെ ചോദിച്ചു. "അപ്പോൾ പിന്നെ — ഞാനെത്രനാൾ കാത്തിരിക്കണമെന്നു നീ പറഞ്ഞില്ല —?"

"കഴിവുണ്ടെങ്കിൽ നിങ്ങൾക്കു വസൂലാക്കാം" ജുഗ്നു തന്റെ വേദന കടിച്ചുപിടിച്ചുകൊണ്ടു ശൃംഗാരചേഷ്ടയോടെ പറഞ്ഞു. അവൾ ഗലിയിലോട്ടു തിരിഞ്ഞു. താൻ പറഞ്ഞതോർത്തു അവൾക്കു ലജ്ജതോന്നി— ഓ, അല്ലെങ്കിൽ താൻ പറഞ്ഞതു ശരിതന്നെ — ഇല്ലാത്ത അഭിമാനം ഭാവിക്കുന്നതെന്തിന്? മറ്റുള്ളവരുടെ കടവുമായി എന്തിനു മരിക്കുന്നു? ഉള്ളതു ഇറങ്ങിയാൽ അത്രയുമായി:

ഡോക്ടർ പറഞ്ഞു. പരു പഴുക്കാൻ കുറെ ദിവസം പിടിക്കും. പരുവിൽ പുരട്ടാൻ പോൾട്ടീസ് കൊടുത്തു. അവൾ തിരിച്ചെത്തിയപ്പോൾ ഉച്ചയായി. എല്ലാവരും പുറത്തുകൂടിയിരുന്ന് വത്തമാനംപറയുകയായിരുന്നു. വൈകിട്ടത്തേക്കു തയ്യാറെടുക്കുന്നതിനുമുമ്പുള്ള സംഭാഷണം. ഗലിയിൽക്കൂടി പ്രായംകുറഞ്ഞ പയ്യന്മാർ നടന്നുപോകും. അവർ വൃത്തികെട്ട ആംഗ്യം കാട്ടി സ്ത്രീകളെ കടാക്ഷിക്കും. പകരം അവരുടെ അച്ഛനും അമ്മയും തെറി കേട്ടുകൊള്ളും. എന്നും ഇക്കൂട്ടർ നടന്നുപോകാറുണ്ട്. വേശ്യകളുടെ ശ്രദ്ധ ആകർഷിക്കുകയും പകരം തെറി കേൾക്കുകയും പതിവാണ്. ഹസനൊ, ബൻപാരിയൊ, അതുമല്ലെങ്കിൽ മുടന്തൻ മാതാദീനൊ പയ്യന്മാരെ വിരട്ടി ഓടിക്കും. പയ്യന്മാർ ഓടിപ്പോകുന്നതിനിടയിലും കുസൃതികൾ കാട്ടും. നിക്കർ പൊക്കിക്കാട്ടുക, തെറിവിളിച്ചു പറയുക– അങ്ങനെ പലതും.

ഉച്ചകഴിഞ്ഞാണു വേശ്യകളുടെ ഹൃദയം തുറന്നുള്ള പരസ്പരസംഭാഷണം. സുഖദുഃഖങ്ങളും, പരിഹാസവും കൈമാറുന്ന സമയം. ആ തെരുവിൽനിന്നും താമസം മാററിയവരെപ്പററിയാവും അധികം പരിഹാസം ചൊരിയുക — ഇബ്രാഹിം കോൺട്രാക്ടർ തെരഞ്ഞെടുത്തുകൊണ്ടുപോയ കേമികൾ!

വൈകുന്നേരമാകുമ്പോഴേക്കും ഗലി ഒരുങ്ങും. പൂമാലക്കാരെത്തും, മുറുക്കാൻകടകൾ അലങ്കരിക്കും, ഗഫൂർമിയായുടെ കടയിൽ ഒരു പോലീസുകാരൻ വന്നിരിക്കും: അയാൾ വന്നിരുന്നു കഴിയുന്നതോടെ ഗഫൂർ മദ്യകുപ്പി പരസ്യമായി വിററുതുടങ്ങും.

ജുഗ്നു വൈകുന്നേരം പോൾട്ടീസു അഴിച്ചുമാററി മനസ്സില്ലാമനസ്സോടെ ശൃംഗാരം തുടങ്ങും: പരു വലുതായി. നല്ല വേദനയുണ്ട്: എങ്കിലും ഒന്നുരണ്ടുപേരെ അവൾ സന്തോഷിപ്പിക്കും.

വരാന്തയിലിരുന്നു തന്റെ മുമ്പിലുള്ള ഭാരിച്ച ജീവിതത്തെപ്പററി ആലോചിക്കുമ്പോൾ അവൾ ഭയചകിതയായിതീരും: എന്താ സംഭവിക്കുക? മുടന്തൻ കുതിരയുടെ ജീവിതമാവും തന്റേതു്. ഒരുപിടിച്ചോറിനുവേണ്ടി തനിക്കു പടികൾ കയറിഇറങ്ങേണ്ടിവരും— പള്ളിയുടെ പടിക്കൽ ബ്യക്ക് ഇട്ടുകൊണ്ടു ഭിക്ഷയാചിക്കേണ്ടിവരിക — തള്ളയുടെ പേരിൽ കൈ നീട്ടുക. അഖ്ത്തരി, ബിഹബ്ബോ, ചമ്പ തുടങ്ങിയവരെപ്പോലെ താനും— കൂടുതൽ ആലോചിച്ചു മനസ്സു പിടയുമ്പോൾ വിഷം കുടിച്ചുകളയാം എന്നു തോന്നും, അല്ലെങ്കിൽ മുങ്ങിച്ചാകാം.

എത്രയോ പുരുഷന്മാർ വന്നു. പോയി, പക്ഷേ അവരിൽ ഒരാളുടെയെങ്കിലും തണലിൽ ശേഷജീവിതം കഴിക്കാൻ തനിക്കു ഭാഗ്യം ഇല്ല:

കൂടുതൽ പരിചയമുള്ളവരുടെ കൈയിൽനിന്നും കടം കിട്ടി. അതും അവൾ പ്രതീക്ഷിച്ചില്ല. ആരെ വിശ്വസിക്കും? എവിടെ പോകും എന്ന് എന്തുനിശ്ചയം?

പ്രായത്തോടൊപ്പം എല്ലാം പോകും. സ്വന്തം കുട്ടികൾക്കു പ്രായമാകുമ്പോഴേയ്ക്കും ആളുകളുടെ വരവു നിലയ്ക്കും. പ്രായം കൂടുന്തോറും ആളുകളുടെ ഹോബിയും അഭിരുചിയും മാറും...അങ്ങനെ പഴയ പരിചിതമായ മുഖങ്ങൾ അപ്രത്യക്ഷമാകും—പഴയ ഓർമ്മകൾമാത്രം ബാക്കിയാവും. ഓർമ്മകളെ താലോലിച്ചുകൊണ്ടു മാത്രം കഴിയാൻ പററുമോ?

കഴിഞ്ഞദിവസങ്ങളിൽ അവൾക്കു ഒരു ആശ്വാസംകിട്ടി. കടക്കാർ പണം വസൂലാക്കാനായി അവളുടെ അടുത്തു വന്നുകൊണ്ടിരുന്നു—മൻസൂ തീർച്ചയായും വരും എന്നവൾ പ്രതീക്ഷിച്ചു. തന്റെ പണം വസൂലാക്കാനായി ഒടുവിൽ അയാൾ വരികയുംചെയ്തു.

മൻസൂ വന്നതു പതിനൊന്നുമണി കഴിഞ്ഞാണ്. കാര്യം കഴിഞ്ഞപ്പോൾ പതിവുപോലെ നടുവിനു കൈകൊടുത്തുകൊണ്ട് എണീററിരുന്നു. ജുഗ്നു തളർന്നു കിടന്നു. പരുവിനു ക്ഷതംതട്ടിയതുകൊണ്ട് അവൾ വേദനകൊണ്ടു പിടഞ്ഞു. മൻസൂവിനെ വാതിൽവരെചെന്നു യാത്രയാക്കാനുള്ള ധൈര്യംപോലും അവൾക്കുണ്ടായില്ല.

ഒടുവിൽ അല്പം ഒരു സാവകാശം തോന്നിയപ്പോൾ മൻസൂ പറഞ്ഞു: “ഓർമ്മ വേണം—”

“ശരി” എന്നു പറഞ്ഞിട്ട് ജുഗ്നു അയാളെ പിടിച്ചെഴുന്നേല്പിച്ച് രാത്രി ഏറെ ഇരുട്ടി ജുഗുനു ചുമരുകളിലേയ്ക്കുനോക്കി കിടന്നു. നിറം മങ്ങിയ ഭിത്തികൾ. ഫിലിംമാസികകളിൽനിന്നും കീറി ഒട്ടിച്ചസിനിമാതാരങ്ങളുടെ ചിത്രങ്ങൾ. പഴയ വളകളും, നെയിൽ പോളീഷുകുപ്പിയും ഒരു വശത്തു തൂക്കിയിട്ടിരുന്നു—

കട്ടിലിനടിയിൽ കീറത്തുണികളും ടിന്നുകൊണ്ടുള്ള പെട്ടിയും കണ്ടു. പെട്ടിയിൽ പന്ത്രണ്ടുകൊല്ലം പഴക്കമുള്ള ഒരു കടലാസു കിടപ്പുണ്ട്. അക്ഷരങ്ങൾ മാഞ്ഞുപോയിക്കാണും. ഇപ്പോൾ അതിലെന്തിരിക്കുന്നു! താനിനി തിരിച്ചുപോകുന്ന പ്രശ്നമില്ല, ആരും തിരിച്ചുവിളിക്കാനും പോകുന്നില്ല—ജീവിതത്തിനിടയിൽക്കൂടി സമയമാകുന്ന നദി തീരംമുറിച്ചു പായുന്നു—എങ്ങും ആരും സ്വന്തമായില്ല—രാവിലെ എണീററപ്പോൾ ദേഹമാസകലം വേദന. പരുവിന്റെഭാഗത്തു ചുടിച്ചിൽ. തുട പറിഞ്ഞുപോകുന്ന വേദന. അവൾ വീണ്ടും പോൾട്ടീസു കെട്ടി. വൈകിട്ട് ഒരുകണക്കിനു പതിവുപോലെ ഒരുങ്ങി. അവൾ കടക്കാരുടെ കണക്കുകൂട്ടി. അലമാരിയുടെ അടുത്തു ഭിത്തിയിൽ ഇട്ട അടയാളങ്ങൾനോക്കി ആര് എത്രപ്രാവശ്യം വന്നുപോയി, ബാക്കി എത്ര രൂപ കൊടുക്കാനുണ്ട്, എന്നു നോക്കി. ഫിററർ സന്ത്‌രാം ആൾ മോശം. ഇരുപതു രൂപയ്ക്ക് അയാൾ നാലുപ്രാവശ്യം വന്നിട്ടുപോയി. അഞ്ചാംപ്രാവശ്യം കാര്യംകഴിഞ്ഞു പോകാൻഭാവിച്ചപ്പോൾ ജുഗ്നു പതുക്കെ ചോദിച്ചു: “വെറുതെ അങ്ങു പോകയാണോ?”

“എന്താ?” സന്ത്‌രാം ഇഷ്ടപ്പെടാത്ത മട്ടിൽ ചോദിച്ചു.

“കടംവാങ്ങിയ തുക കഴിഞ്ഞപ്രാവശ്യത്തോടെ തീർന്നു.” അവൾ സങ്കോചത്തോടെയാണെങ്കിലും കാര്യം തെളിച്ചുപറഞ്ഞു

“ഒരുപ്രാവശ്യത്തേതു പലിശയായി കരുതിക്കൊള്ളുക. വെറുതെ ഉണ്ടാവുന്നതല്ല രൂപ.” അയാൾ പടികളിറങ്ങി.

ജുഗ്നു നിരാശയോടെ നോക്കിയിരുന്നു. മററു പെണ്ണുങ്ങളെപ്പോലെ അവൾക്കു വഴക്കിടാനും അറിയില്ല. കിടന്നു ബഹളംവയ്ക്കാനും, ഇടപാടുകാരെ അപമാനിച്ചയയ്ക്കാനും അവൾക്കു വശമില്ല. കംവർജീത് ഹോട്ടൽക്കാരനാണ് കൂടുതൽ പണം കൊടുക്കാനുള്ളത്. അയാൾ ആകെ മൂന്നുപ്രാവശ്യമേ വന്നുള്ളൂ. അങ്ങനെ 15 രൂപ തീർന്നു. മൻസൂവിന്റെ 20 രൂപ തീർന്നു—അല്പം ആശ്വാസംതോന്നിയപ്പോൾ വീണ്ടും പരു വേദനിച്ചു, അവൾ കാലകററിവച്ചു കിടന്നു.

വാതില്ക്കൽ മുട്ടുകേട്ടു. മദൻലാൽ വന്നു. നിമിഷനേരത്തേയ്ക്ക് അവളുടെ ഉള്ളിൽ വിദ്വേഷം കത്തിജ്വലിച്ചു. മറെറാരു പലിശക്കാരൻ ഭയങ്കരൻകൂടി വന്നു എന്ന തോന്നൽ—തന്റെ കടംതീർക്കാനെത്തിയിരിക്കുന്നു—

ഇക്കാലമത്രയും മദൻലാൽ അങ്ങോട്ടു ചെന്നിട്ടേ ഇല്ല. ഇപ്പോൾ അയാൾ വന്നത് ജുഗ്നുവിനു രസിച്ചില്ല. എങ്കിലും അവൾ അയാളെ അകത്തേയ്ക്കു വിളിച്ചു. മദൻലാൽ കട്ടിലിലിരുന്നു.

തന്റെ സഞ്ചി തലയിണയിലേയ്ക്കു നീക്കിവച്ചു. ജുഗ്നു പതുക്കെ സഞ്ചി തപ്പിനോക്കി. അതിൽ ഏതാനും പോസ്ററുകളും ഒരു കോടിയുംമാത്രമേ കണ്ടുള്ളൂ. ഒന്നുരണ്ടു പഴയ രജിസ്ററുകളുമുണ്ട്. അയാൾ പണം രൊക്കം ചോദിക്കുമോ എന്ന് അവൾ ഭയപ്പെട്ടു. പരുവിന്റെ വേദന വേറെയും.

മദൻലാലിന്റെ വേഷവും ഷൂസും പഴയതുതന്നെ. വിയർപ്പിന്റെ ഗന്ധം മുറിയിലാകെ വ്യാപിച്ചു.

“വളരെനാളുകൂടിയാണു വന്നത്—” ജുഗ്നു.

“ഷൂസ് അഴിക്കട്ടെ!” മദൻലാൽ ചോദിച്ചു,

“അഴിക്കൂ—”

“വാതിലടയ്ക്കട്ടെ?”

“ഇന്നു വലിയ പ്രയാസമാണ്. തുടയിലെ പരു പഴുത്തിരിക്കുകയാണ്. നേരെ കിടന്നാൽതന്നെ കാലു വേദനിക്കും—” ജുഗ്നുവിന്റെ വാക്കുകേട്ട് ഷൂസ് അഴിച്ചുകൊണ്ടിരുന്നത് അയാൾ പെട്ടെന്നു നിർത്തി. അയാൾക്ക് അല്പം ലജ്ജതോന്നി. ജുഗ്നുവിനും വല്ലാതെ തോന്നി. പക്ഷേ, മദൻലാൽ ആ വല്ലാത്ത സ്ഥിതിവിശേഷം അതിജീവിച്ചു. അയാൾ മററുകാര്യങ്ങൾ പറഞ്ഞുതുടങ്ങി. തിരിഞ്ഞുമറിഞ്ഞ് ഒടുവിൽ അയാൾ പണം ചോദിക്കുമോ എന്ന് അവൾ ഭയന്നു.

“ശരി—ഞാൻ പോകട്ടെ,” മദൻലാൽ പറഞ്ഞു. സഞ്ചിയുമെടുത്തുകൊണ്ട് അയാൾ എണീററു. നിറഞ്ഞ കണ്ണുകളോടെ അയാൾ ജുഗ്നുവിനെ വീണ്ടുംവീണ്ടും നോക്കി. ഇന്നു വെറുംകയ്യോടെ തിരിച്ചു പോകാൻ ഒരു പ്രയാസം. അയാളോടു നില്ക്കാൻപറയാൻ അവൾക്കാവില്ല. ഒടുവിൽ മടിച്ചുമടിച്ച് അവൾ ചോദിച്ചു: “നിങ്ങളുടെ രൂപ—”

“അതിനായിട്ടല്ല ഞാൻ വന്നത്. നിനക്കുവേണ്ടി വന്നതാണ്.”

അയാൾ വിയർത്തിരുന്നു. വിയർപ്പിന്റെ പാട് ഉടുപ്പിലും കാണാം. അയാൾ ജുഗ്നുവിന്റെ കൈയ്യു പിടിച്ചപ്പോൾ കൈ പൊള്ളുന്നപോലെ തോന്നി.

“ഞാൻ പിന്നെ വരാം.” എന്നു പറഞ്ഞിട്ടു മദൻലാൽ പോയി. ജുഗ്നു വരാന്തവരെ എത്തി. അയാളെ അങ്ങനെ മടക്കി അയച്ചതിൽ അവൾക്കു കുണ്ഠിതം തോന്നി... മദൻലാൽ പോകുന്നതും നോക്കി അവൾ വിഷാദത്തോടെ നിന്നു. മൂന്നുനാലുവീടുപിന്നിട്ടിട്ട് അയാൾ നിന്നു അയാൾ ഗലിയിൽ സംശയിച്ചുനിന്നത് അവൾക്കു സഹിച്ചില്ല. പിന്നെ അയാൾ മുകളിൽ വരാന്തയിലേക്ക് ഒന്ന് നോക്കിയിട്ട് അഞ്ചാമത്തെ പടിയിലേക്കു തിരിഞ്ഞു.

ജുഗ്നുവിന്റെ ദേഷ്യം പറയാൻ വയ്യ. പരുവിന്റെ വേദന അസഹ്യം... ക്രമേണ വേദന കുറഞ്ഞു. താൻ അയാളെ തടഞ്ഞുനിർത്തിയിരുന്നെങ്കിൽ മദൻലാൽ ഇങ്ങനെ മറെറാരുപടി ചവുട്ടിപ്പോകില്ലായിരുന്നു... അയാൾക്കും സ്വന്തം— ഇന്ന

യാൾ വന്നതു തന്നൊത്തുമാത്രമായിരുന്നു. അയാളുടെ വിയത്ത കൈയുടെ ചൂടു ഒട്ടും കൃത്രിമമല്ലായിരുന്നു...

അപ്പോൾ കംവർജീത് ഹോട്ടൽക്കാരൻ എത്തി. ഏതോ അന്യൻ വീട്ടിൽ കയറിവന്ന അനുഭവം. എന്നിട്ടും പുഞ്ചിരിച്ചുകൊണ്ട് അവൾ അയാളെ സ്വീകരിച്ചു.

ബിൽക്വിസ് മൂലയ്ക്കു ചാരിനിന്ന ഏതോ ഫയൽമാൻെറ കാര്യം പറയുന്നു. ജൂഗ്നു കംവർജീത്തിനെയുംകൊണ്ടു മുറിയ്ക്കകത്തേക്ക് പോയി, കംവർജീത് കുററിയിട്ടു.

“ഇന്നു വലിയ വേദനയാണ്. പരു പഴുത്തു.” ജൂഗ്നു അയാളോടു അഭ്യർത്ഥനാസ്വരത്തിൽ പറഞ്ഞു.

“ഇതുവരെ ശരിയായില്ലേ?” കംവർജീത്.

“രണ്ടുമൂന്നു ദിവസത്തിനകം ശ
യേക്കും.”

“ഞാൻ ഒട്ടും വേദനിപ്പിക്കില്ല—
രെ എളുപ്പത്തിൽ—” എന്നുപറഞ്ഞു
ണ്ടു കംവർജീത് കട്ടിലിൽ കിടന്നു.

“ഇന്ന്—” ജൂഗ്നു പറയാൻ ഭാ
പ്പോൾ അയാൾ പതുക്കെ അവളെ ത
ട്ടു ചേർത്തുകിടത്തി. “ഞാനൊട്ടും പ്ര
പ്പെടുത്തില്ല—”

ജൂഗ്നു വളരെ പരുങ്ങലിലായി. അ
ളെ തൻെറ വിഷമം എങ്ങനെ പറ
യിക്കും. എന്നറിയില്ല. അപ്പോ
അയാൾ അവളുടെ മാറിൽ കൈവച്ചു
തുക്കെ തിരിഞ്ഞുകിടന്നിട്ടു അവൾ
റുകെട്ടത്തി. ബ്ലൗസിൽ കയ്യി
വൾ ബ്രാ അഴിച്ചു. കട്ടിലിനടിയി
അവൾ നിരങ്ങി.

പലതവണ അവൾ വേദന സഹി
വയ്യാതെ ഞരങ്ങി. കംവർജീത്തിൻെ
ടഞ്ഞു. കൺമുമ്പിൽ ഇരുട്ട്. അയാ
ക്തി പ്രയോഗിക്കുംതോറും തുട പി
പോകുന്ന വേദന. രണ്ടുമൂന്നുവട്ടം വേ
ന്നു വച്ചെങ്കിലും ഒടുവിൽ കംവർജീത്
ഭൂതാവേശം ഉണ്ടായി—

“ഒന്നു നിർത്തൂ—” അവൾ അലറി
ക്ഷേ അയാൾ വികാരാവേശത്തിൽ അ
ളുടെ മേൽ സമ്മർദ്ദം കൂടുതൽ ചെലു

“അമ്മേ— കൊല്ലുന്നേ—” ജൂഗ്നു
വ്വശക്തിയുമുപയോഗിച്ചു നിലവിളി
ആരോ തന്നെ കൊലപ്പെടുത്തിയ മട്ടി
അവൾ പെട്ടെന്നു ബോധരഹിതയ
തീന്നു.

“കള്ളി!” കിതച്ചുകൊണ്ടു കംവ
ത്ത് പറഞ്ഞു. അവളെ വിട്ടിട്ടു അ
എണീററിരുന്നു.

കുറെക്കഴിഞ്ഞപ്പോൾ ജുഗുനുവി
ബോധം തെളിഞ്ഞു. വേദനയൊന്നു കുറ
പ്പോൾ അവളുടെ കാലും കൈയും
ങ്ങി. വസ്ത്രം നേരെയാക്കിയിട്ടു അ
ലൈററിട്ടു. തുടമുഴുവൻ പരു പൊ
ചലം ഒലിക്കുന്നു. കംവർജീത്ത് മാറി
രുന്നു “ഓം ഓം!” ജപം തുടങ്ങി
ഞ്ഞിരുന്നു.

“പൊട്ടിയില്ലേ—” അയാൾ എണീ
കൊണ്ടു ചോദിച്ചു അവൾ വേഗം
യിൽ സാരി വലിച്ചിട്ടു.

“ഓർമ്മവേണം, നാവുപ്രാവശ്യം
ഞ്ഞു.” കംവർജീത്ത് അത്രയും പറഞ്ഞിട്ടു കുററി നീക്കി മുറിയ്ക്കു പുറത്തു കടന്നു.

സാരികൊണ്ടു ജൂഗ്നു ചലം തുടച്ചു. അവൾ ആകെ പരിഭ്രമിച്ചിരുന്നു. അവൾ വേഗം ഫത്തയെ വിളിച്ചു. ഫത്തേ വന്നപ്പോൾ അവൾ കുടത്തിൽ വെള്ളം കൊണ്ടുവരീച്ചിട്ടു അതുകൊണ്ടു സാരി നനച്ചു ചലം തുടച്ചു. എന്നിട്ടു അവൾ അനുചരനായ ഫത്തേയോടു പറഞ്ഞു. “നോക്കു ഫത്തേ— വിമലയുടെ മുറിയിലേക്കു ഒരാൾ പോയിട്ടുണ്ട്— ആ മനുഷ്യൻ തിരിച്ചുപോയില്ലെങ്കിൽ ഇങ്ങോട്ടു ഒന്നു വിളിക്കു— നീല ഷർട്ടിട്ട ആൾ കൈയ്യിൽ സഞ്ചി ഉണ്ട്.”

“നമ്മുടെ ഇടപാടുകാരനാണോ?” ഫത്ത ചോദിച്ചു.

“അല്ല. വേണ്ടപ്പെട്ട ആളാണ്.” ജൂഗ്നു പറഞ്ഞു. “കുറച്ചുകൂടി വെള്ളം ഒഴിക്കു...”

ഫത്ത കുടത്തിൽ വെള്ളംകൊണ്ടുവന്നു. അപ്പോൾ വീണ്ടും ആലോചിച്ചിട്ടു അവൾ പറഞ്ഞു. “അല്ലെങ്കിൽ വേണ്ട— നീ പൊയ്ക്കോ. ഇനി എപ്പോഴെങ്കിലും വരാം എന്നു പറഞ്ഞിട്ടാണ് അയാൾ പോയതു്.” അവൾ പതുക്കെ പരു ഒന്നു കശക്കി. അപ്പോൾ കുറെക്കൂടി ചലം പുറത്തുവന്നു. വേദനകൊണ്ട് ഒരിക്കൽ കൂടി അവളുടെ മുഖം വിയത്തു.

വിവർത്തകൻ

വി. ഡി. കൃഷ്ണൻനമ്പ്യാർ

—o—

മലയാളനാട്
സിനിമാദ്വൈവാരിക

വരിസംഖ്യ തപാലിൽ

ഒരു വർഷത്തേക്ക്	രൂ. 24-00
ആറുമാസത്തേക്ക്	രൂ. 12-00

വിദേശങ്ങളിലേക്കുള്ള വരിസംഖ്യാ വിവരങ്ങൾക്ക് എഴുതുക.

മാനേജർ
മലയാളനാട് സിനിമാ
ദ്വൈവാരിക
കൊല്ലം 691 013

ഇംഗ്ലീഷ് പഠിക്കുക

ഞങ്ങളുടെ പോസ്റ്റൽ ട്യൂഷൻ ക്ലാസ്സിൽ ചേർന്ന് A. B. C. D. മുതൽ B. A. വരെ ഇംഗ്ലീഷ് പഠിക്കാം. കൂടുതൽ വിവരങ്ങൾക്കു മറുപടി സ്റ്റാമ്പുസഹിതം കത്തിടുക.

പ്രകാശ് കോളേജ്
കളക്ടറേറ്റ് P. O.
കോട്ടയം – 2

അനുഭൂതിയുടെ ആഴങ്ങളിൽ എന്തു സംഭവിക്കുന്നു?

ക്രിസ്ററഫർ കോഡ്വലിന്റെ സാഹിത്യചിന്തയെക്കുറിച്ചു്

ഒരു പുനരവലോകനം രണ്ടു്

നരേന്ദ്രപ്രസാദ്

സാഹിത്യം ആഹ്വാനമാകണമെന്ന കാഴ്ചപ്പാടു് കോഡ്വലിനുണ്ടായിരുന്നതായി പ്രചരിപ്പിക്കപ്പെട്ടു. എന്നാൽ ശാസ്ത്രത്തിനു സദൃശമായാണു് കലയെ കോഡ്വൽ നിർത്തിക്കാണുന്നതു്. ശാസ്ത്രം ആഹ്വാനമാകണമെന്നു് അദ്ദേഹം പറഞ്ഞുവെന്നു് ഏതായാലും ഇന്നു് ആരും പ്രസ്താവിക്കുകയില്ലല്ലോ.

എല്ലാം താല്ക്കാലികരാഷ്ട്രീയാവശ്യങ്ങളുടെ പേരിൽ മാർക്സിന്റെ മൂക്കത്തു വച്ച വിരൽ പോലെ ഒരു കാലഘട്ടം.

എന്നാൽ കോഡ്വലിനു് ഭാഗ്യമുണ്ടായി. അദ്ദേഹത്തിനു് ഇതിൽ പങ്കാളിയാവും മുമ്പു് മരിക്കാൻ കഴിഞ്ഞു. സാഹിത്യത്തെ സംബന്ധിച്ച കാര്യം ലോകത്തെ മാററുകയെന്നതാണെന്നു് കോഡ്വലും അറിഞ്ഞു. എന്നാൽ മാററപ്പെടുന്ന ആ ലോകം എന്താണെന്നു് കോഡ്വൽ ആലോചിച്ചു. വസ്തുക്കളെ അതു് മാററുന്നുണ്ടോ? ഇല്ല. മുതലാളിത്തസമ്പദ്ഘടനയെ അതു മാററുന്നുണ്ടോ? ഇല്ല. സാഹിത്യം ഒന്നിനെ മാത്രമേ മാററിമറിക്കുന്നുള്ളുവെന്നു് കോഡ്വൽ കണ്ടു—വ്യക്തികളുടെ വികാരങ്ങളെ മാത്രം. സാഹിത്യം വസ്തുക്കളുടെ മേലുള്ള ആക്രമണമല്ല. മനുഷ്യരുടെ സഹജവാസനകളെ സാമൂഹ്യമാക്കുകയാണു് (Socialise) സാഹിത്യം ചെയ്യുന്നതു്. വൈകാരികമായ ഈ സാമൂഹ്യവല്ക്കരണം ലോകത്തിനെ മാററുന്നതിനു് അവനെ സഹായിക്കും. വ്യക്തിയുടെ അഭിലാഷങ്ങളെക്കൂടി കണക്കിലെടുത്തുകൊണ്ടു് ലോകത്തെ പരിവർത്തിപ്പിക്കാൻ സമൂഹത്തിനു കഴിവുനൽകുന്നതു് ആ വൈകാരിക സാമൂഹ്യവല്ക്കരണമാണു്.

കലയുടെ ധർമ്മം അവബോധത്തിന്റെ (Consciousness) വികാസമാണെന്നു് കോഡ്വൽ തന്റെ "മരിക്കുന്ന സംസ്കാരത്തെക്കുറിച്ചുള്ള പഠനങ്ങൾ" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു. "സമൂഹത്തെ സംബന്ധിച്ചിടത്തോളം കലയുടെ മൂല്യം ഒരു വൈകാരികലയം സാദ്ധ്യമാക്കുന്നു എന്നതാണു്. യാഥാർത്ഥ്യത്തിന്റെ മാറിയ മൂശയിലേയ്ക്കു് മനുഷ്യന്റെ സഹജവാസനകൾ അമർത്തിച്ചേർക്കപ്പെടുന്നു; വികാരങ്ങൾക്കു് അങ്ങിനെയുണ്ടാ ന്ന ഒരു പ്രത്യേക വിന്യാസത്തിലൂടെ ഒ പുതിയ വീക്ഷണം ജനിക്കുന്നു; ഒരു പെരുമാററം ജനിക്കുന്നു." വ്യക്തിയെ സംബ ന്ധിച്ചാണെങ്കിൽ ഈ ലയം ഒരു വൈ ക്തികാനുഭവമായി, അവന്റെ പൊതുവ യ ജീവിതവീക്ഷണത്തെ രൂപാന്തരപ്പെടുത്തുന്നു. "സമൂഹത്തിന്റെ നിലപാടിൽ നിന്നുനോക്കുമ്പോൾ. അതിന്റെ അംശ ങ്ങളുടെ വൈകാരികമായ അവബോധ രൂപപ്പെടുത്തുന്നതാണു് കല—അവരു സഹജവാസനകളുടെ അനുബന്ധന ണു് (Conditioning) കല ചെയ്യുന്നതു്,

സഹജവാസനകൾ ദീർഘകാലം ന ലനില്ക്കുന്നു. അതുകൊണ്ടാണു് പ്രാചീ കലകൾ സ്വാദിഷ്ഠമായി നിലനില്ക്കുന്ന ന്നു് കോഡ്വൽ അഭിപ്രായപ്പെടുന്നു. മ ത്രമല്ല, പുതിയ കല പഴയ കലയുടെ പരമ്പര്യത്തിന്മേലാണുതാനും നിലയുറപ്പിക്കുന്നതു്. ബോധപൂർവ്വമായി ഒരു സമൂഹം ഉരുത്തിരിയിച്ചെടുക്കുന്ന സിദ്ധാന്തങ്ങളും ധാരണകളുമാണു് കലയുടെ രൂപം നിർണ്ണയിക്കുന്നതു്. എന്നാൽ കലയുടെ സത്ത അഥവാ സന്ദേശം ഒരു പുതിയ വൈയക്തികാനുഭവമാണു്. കാലംചെന്ന സിദ്ധാന്തങ്ങളും വൈയക്തികാനുഭവവുമായുള്ള ഘർഷണമാണു് കലയുടെ ജനനഹേതു. രൂപഭാവബന്ധങ്ങളെക്കുറിച്ചു് കോഡ്വൽ ഉന്നയിക്കുന്ന ഈ വാദം തീരെ അപൂർണ്ണവും അവ്യക്തവുമാണു്. സാമൂഹ്യമായി കരുപ്പിടിപ്പിച്ചിട്ടുള്ള ഒരു രൂപവും സാമൂഹ്യവല്ക്കരിക്കപ്പെട്ട ഒരു വൈയക്തികാനുഭവവും തമ്മിൽ സംഘർഷമുണ്ടെന്നും, അവയെ സംശ്ലേഷിക്കുന്നതാണു് ആ അനുഭവത്തിന്റെ സാമൂഹ്യവല്ക്കരണമെന്നും കോഡ്വൽ പറയാനാഗ്രഹിക്കുന്നു. ഇതാണു് "സൃഷ്ടി എന്ന കഠിനയത്നം," "സത്യത്തിൽ കലാകാരൻ കലാരൂപങ്ങളിൽ സ്വയം ആവിഷ്കരിക്കുകയല്ല, സ്വയം കണ്ടെത്തുകയാണു ചെയ്യുന്നതു്. സ്വതന്ത്രമായ ആത്മാവിഷ്കാരത്തെ. സമൂഹത്തിനനുരോധമായി നിർത്തി മായംചേർക്കുകയല്ല. കലയിൽ മൂർത്തമായി വരുന്ന സാമൂഹ്യബന്ധങ്ങളിൽ സ്വതന്ത്രമായ ആത്മാവിഷ്കാരം കണ്ടെത്തുകയാണയാൾ. കലാകാരനു് കലയുടെ മൂല്യം ഇതാണു്: കല അയാളെ സ്വതന്ത്രനാക്കുന്നു. അയാളെ സംബന്ധിച്ചിടത്തോളം ആത്മാവിഷ്കാരമെന്നനിലയ്ക്കും, അതു് മൂല്യവത്താണു്. പക്ഷേ, യഥാർത്ഥത്തിൽ അതു് ഒരാത്മാവിന്റെ ആവിഷ്കരണമല്ല, ആത്മാവിന്റെ കണ്ടെത്തലാണു്. അതു് ഒരാത്മാവിനെ സൃഷ്ടിക്കലാണു്. അനുഭവത്തെ സമൂഹവുമായി പൊരുത്തപ്പെടുത്തുന്നതുവഴി, സ്വത്വത്തെ സാമൂഹ്യബന്ധങ്ങളിലേയ്ക്കു സന്നിവേശിപ്പിച്ചു്, അയാൾ ഒരു പുതിയ മൂശ നിർമ്മിക്കുന്നു. സാമൂഹ്യമായി മൂല്യമുള്ള ഒരു ഫലമാണതു്. അതേസമയം സ്വന്തം ആത്മാവു തന്നെ രൂപപ്പെടുത്തുകയും സൃഷ്ടിക്കുകയുമാണു് അയാൾ ചെയ്യുന്നതു്."

III

സാഹിത്യം പ്രവർത്തനത്തിനുള്ള വഴികാട്ടിയാണു്. (Guide to action)എന്നു് കോഡ്വൽ കരുതുന്നു. എന്നുവച്ചാൽ കല പ്രായോഗികതയല്ലെന്നർത്ഥം. വഴികാട്ടി എന്നതിനു് ഉപദേശി എന്ന അർത്ഥമല്ല കോഡ്വൽ ഉദ്ദേശിച്ചിട്ടുള്ളതെന്നു വ്യക്തമാണു്. കാരണം കോഡ്വൽതന്നെ ഇങ്ങിനെ പറയുന്നു: "താൻ എന്താണു ചെയ്യാനാഗ്രഹിക്കുന്നതെന്നു മനുഷ്യനു പഠിക്കാൻ സഹായിക്കുന്ന മാർഗ്ഗമാണു് കല.' എന്തുചെയ്യണമെന്ന ഉപദേശമല്ല, എന്തു ചെയ്യുന്നുവെന്നു കാട്ടിത്തരുന്ന ഗയിഡാണു് കല. സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള ദ്വന്ദ്വാത്മകബന്ധത്തെക്കുറിച്ചു് വ്യക്തമായ നിഗമനങ്ങളിലെത്തിച്ചേർന്നിട്ടില്ലാതിരുന്ന കോഡ്വലിന്റെ ഈ "വഴികാട്ടി" എന്ന പ്രയോഗം (Guide) നമ്മുടെ മാർക്സിസ്റ്റ് നിരൂപണത്തിന്റെ മേഖലയിൽ തെററുധാരണകൾ പരത്തി.

മനുഷ്യന്റെ സഹജവാസനകളും പരിതഃസ്ഥിതികളുമായുള്ള സംഘർഷമാണു് ജീവിതംതന്നെ. ഈ സംഘർഷത്തെ ശാന്തമാക്കാനുള്ള ഉപാധികളാണു് സമൂഹത്തിന്റെ എല്ലാ ഉപകരണങ്ങളും, ഇതിനുള്ള ഒരു സവിശേഷമാർഗ്ഗമാണു് സാഹിത്യകലയും. കല [illegible] ധർമ്മമനുഷ്ഠിക്കുന്നുവെന്നു കാണുവാൻ കഴിയാത്തതാണു് ബൂർഷ്വാകലാകാരന്റെ ദൗർബല്യമെന്നു് കോഡ്വൽ കരുതുന്നു. ഇതിന്റെ കാരണം ബൂർഷ്വാമിഥ്യ (Bourgeois illusion)യായ ഒരു സ്വാതന്ത്ര്യസങ്കല്പമാണു്. സാമൂഹ്യബന്ധങ്ങളിൽനിന്നുള്ള വിടുതലാണു് സ്വാതന്ത്ര്യമെന്ന സങ്കല്പമത്രേ ഇതു്. "ബൂർഷ്വാമിഥ്യ"യെന്നതു് ഒരു ആക്ഷേപവാദപ്രയോഗമല്ല. ഓരോ കാലഘട്ടവും അതിന്റേതായ മിത്തുകൾകൊണ്ടാണു് സ്വാതന്ത്ര്യസങ്കല്പങ്ങൾ നെയ്തെടുക്കുന്നതു്. ഫ്യൂഡൽവിലങ്ങുകളിൽനിന്നു മനുഷ്യനെ മോ

ഹണി ബി ബ്രാൻഡി-ഓരോതുള്ളിയിലും ഫ്രാൻസിന്റെ വീര്യം ഉൾക്കൊള്ളുന്നത്

ഹണി ബി ബ്രാൻഡി മൊത്തിക്കുടിച്ചു നോക്കൂ-അതു നിങ്ങൾക്ക് ഫ്രാൻസിലെത്തിയ അനുഭൂതി പകരും.

ഹണി ബി ബ്രാൻഡി

ചിപ്പിക്കുന്നതിനു സഹായകമായ, വിലപ്പെട്ട ഒരു സങ്കല്പമായിരുന്നു. വ്യഷ്ടിവാദവും മത്സരവുംകൊണ്ട് വികലമായിത്തീർന്ന ഒരു സമൂഹത്തിന്റെ സൃഷ്ടിക്കാണ് ഈ സ്വാതന്ത്ര്യസങ്കല്പം സഹായിച്ചതെന്ന വൈരുദ്ധ്യത്തെ അതിജീവിക്കാൻ അതിനു സാദ്ധ്യമല്ല എന്ന് കോഡ്വൽ പറയുന്നു. വഴിക്കു പറയട്ടെ: സാർത്രിന്റെ അസ്തിത്വവാദം ഈ ബൂർഷ്വാമിഥ്യയെ —ഈ സ്വാതന്ത്ര്യസങ്കല്പത്തെ—തകർത്തുകളഞ്ഞിരിക്കുന്നു, അസംബന്ധ നാടകങ്ങൾ, എക്സിസ്റ്റൻഷ്യലിസ്റ്റ് ദർശനത്തിന്റെ സ്വാധീനമുള്ള ആധുനികകൃതികൾ എന്നിവ വിപ്ലവകരമായ രീതിയിൽ ഈ മിഥ്യയെ തകർത്തുകൊണ്ടിരിക്കുന്നു. കാഫ്കയുടെകാര്യമെങ്കിലും ലൂക്കാച്ചിനു മനസ്സിലായി. ആശ്വാസം.

മനുഷ്യവംശത്തിന്റെ ശാരീരികമല്ലാത്ത മാററങ്ങളാണ് സാഹിത്യത്തിനു വിഷയമായിഭവിക്കുന്നത്. അത് മനുഷ്യൻ പ്രകൃതിയുമായി നടത്തുന്ന സമരത്തിന്റെ കഥയാണ്. ശാരീരികമായ ഗുണങ്ങൾക്കെതിരേനില്ക്കുന്ന സംസ്കാരഗുണങ്ങളെയാകെ "സാമ്പത്തികം" (Ecconomic) എന്ന പദംകൊണ്ട് കോഡ്വൽ വിവക്ഷിക്കുന്നു. കവിതയും അതുകൊണ്ട്, സാമ്പത്തികമാണ്. (Something economic) അതെന്തുകൊണ്ട്? "സംസ്കാരം സാമ്പത്തികോല്പാദനത്തിൽനിന്നും കവിത സാമൂഹ്യസംഘടനയിൽനിന്നും വേർപെടുത്താൻ സാദ്ധ്യമല്ല." എന്നാൽ സമൂഹത്തിന്റെ സാമ്പത്തികാടിസ്ഥാനത്തിന്റെ ഭാഗമാണ കവിതയെന്നോ സമ്പദ്വ്യവസ്ഥയിൽനിന്ന് കവിതയെ വേർപെടുത്താൽ സാദ്ധ്യമല്ലെന്നോ അല്ല കോഡ്വൽ ഉദ്ദേശിക്കുന്നതെന്ന് ഡേവിഡ് മർഗോളീസ് ഉറപ്പിച്ചുപറയുന്നു, കാരണം, അത്ര പരുക്കൻ വാദങ്ങളുന്നയിക്കാനിടയുണ്ടെങ്കിൽ കോഡ്വൽ ഇനി പറയുന്നകാര്യങ്ങൾ സങ്കല്പിക്കുകപോലും ചെയ്യുകയില്ലായിരുന്നു. കോഡ്വൽ പറയുന്നതു നോക്കുക; വികാരപ്രപഞ്ചത്തിന്റെ (World of Feeling) ആവശ്യകതയെ (Necessity) അംഗീകരിക്കുകയാണ് കല ചെയ്യുന്നത്. സഹജവാസനകളുടെ ആവശ്യകതകൾ അംഗീകരിക്കുകയാണ് കലചെയ്യുന്നത്. എന്തെന്നാൽ അവയുണ്ടാകുന്ന സമ്മർദ്ദസ്വാധീനങ്ങളാണ് കലയുടെ ഭാവസ്പന്ദം. അതുകൊണ്ട് കല സ്വതന്ത്രമായിത്തീരുന്നു.

ബൂർഷ്വാകലാകാരൻ കലയെ സജീവധർമ്മമനുഷ്ഠിക്കുന്ന ഒന്നായി കാണുന്നില്ല എന്നത് കോഡ്വലിനെ വിഷമിപ്പിക്കുന്നു. കലാകാരൻ, സ്വന്തം ഭാവനാപരമായ അഭിലാഷത്തിന്റെ സാക്ഷാൽക്കാരത്തിലൂടെ, സ്വാതന്ത്ര്യംനേടുകയാണ ചെയ്യുന്നത്. പക്ഷേ, ഇങ്ങനെ സ്വാതന്ത്ര്യംനേടുന്നത് മററുള്ളവരോടൊപ്പമാണ്. "ആന്തരിക യാഥാർത്ഥ്യത്തിലേയ്ക്കിറങ്ങിച്ചെല്ലുന്നത് മററുള്ളവരോടുചേർന്നാണ്. ഒരു മനുഷ്യന് ഒററയ്ക്കുനേടാനാവുന്നതിലുമധികം സങ്കീർണ്ണമാണത്. അതുകൊണ്ട് സഹജീവികളുടെ ഹൃദയവികാരങ്ങളാകെ തുറന്നുകാട്ടുകയും സമൂഹത്തിന്റെ സംഘവികാരംമുഴുവനും സങ്കീർണ്ണതയുടെ ഒരു പുതിയതലത്തിലേയ്ക്ക് ഊതിയുയർത്തുകയുംചെയ്യുന്നു." ("Illusion and Reality.")

കോഡ്വൽ കവിതയുടെ പ്രഭവങ്ങളിലേയ്ക്കുപോകുന്നു. ഒരു ഗോത്രത്തിന് കൊയ്ത്ത് യാഥാർത്ഥ്യമാണ്. കൊയ്ത്തില്ലാത്തസമയത്തു് അത് ഒരു ശക്യതയാണ് (Potential) ഈ ശക്യത. അഥവാ സാദ്ധ്യതയാണ് കൊയ്ത്തുപാട്ടുകളെ നിലനിർത്തുന്നത്, പ്രാചീന ഗോത്രകവിതയുടെ വൈകാരികക്കെട്ടുപാട് (Emotional Complex) ഒരു സാമൂഹ്യയാഥാർത്ഥ്യമാണ്. ഭൗതികയാഥാർത്ഥ്യമല്ലെങ്കിൽക്കൂടി, കവിത സാമൂഹ്യയാഥാർത്ഥ്യമാണ്. "കവിതയുടെ ഭ്രമകല്പന ഒരു സാമൂഹ്യബിംബമാണ്." (The phantasy of poetry is a social image.) കലാനുഭൂതി അവബോധത്തിൽ അനുഭവിക്കുന്നതിനാൽ യഥാർത്ഥമാണ്. ബാഹ്യയാഥാർത്ഥ്യത്തിന്റെ ഒരംശം ഉപയോഗിച്ച് ഈ കലാനുഭൂതി ഉണ്ടാക്കുകയാണ് കവി ചെയ്യുന്നത്, ബാഹ്യയാഥാർത്ഥ്യമല്ല, കലാനുഭൂതിയാണ് പ്രധാനം. കവിതയുടെ ഉള്ളടക്കമല്ല, അതുദ്ദീപിക്കുന്ന വികാരമാണ് പ്രധാനം.

യാഥാർത്ഥ്യമായി മാറാവുന്ന ഒരു മിഥ്യ സൃഷ്ടിക്കുകയാണ കല ചെയ്യുന്നതെന്ന ആശയമാണ് "മിഥ്യയും യാഥാർത്ഥ്യവും" എന്ന ഗ്രന്ഥത്തിൽ ആവിഷ്കരി

അപൂർവ്വ ചിത്രങ്ങളടങ്ങിയ ശാസ്ത്രഗ്രന്ഥങ്ങൾ
1. ലൈംഗികജീവിതവും മദനലീലകളും — സെക്സ്‌ലൈഫിൽ അറിഞ്ഞിരി
ക്കേണ്ട എല്ലാ രഹസ്യങ്ങളും സമ്പൂർണ്ണ ചിത്രഗ്രന്ഥം
2. മദനലീലകൾ—പൂർണ്ണ ചിത്രഗ്രന്ഥം—ലൈംഗികാവയവങ്ങളുടെ പ്രവർത്തനം വില 10 00
വിവിധ സംയോഗരീതികൾ മുതലായവ
3: മഹർഷി കൊക്കോകന്റെ കാമശാസ്ത്രം— ലോകപ്രസിദ്ധ വായിച്ചിരിക്കേണ്ട വില 8 00
കാമശാസ്ത്രഗ്രന്ഥം ചിത്രങ്ങൾ സഹിതം
4: രാസരസം — മധുവിധു ആനന്ദലഹരിയുള്ളതാക്കിതീർക്കാൻ ചിത്രങ്ങളടങ്ങിയ വില 7 00
ആധുനിക ലൈംഗികശാസ്ത്രം
5. മദനസാമ്രാജ്യത്തിലെ രതിവികൃതികൾ—വമ്പന്മാരുടേയും കൊലകൊമ്പന്മാ വില 6 00
രുടെയും രഹസ്യലൈംഗിക ജീവിതം
6: വിവാഹവും മധുവിധുവും— ദാമ്പത്യജീവിതത്തിലേക്കു് പ്രവേശിക്കുന്നവർ വില 6 00
അറിഞ്ഞിരിക്കേണ്ട രഹസ്യങ്ങൾ ചിത്രസഹിതം
7: സെക്സ് അററ്ലസ്— സ്ത്രീപുരുഷലൈംഗികാവയവങ്ങൾ, മൈഥുനരീതി വില 6 00
കൾ, ഫാമിലിപ്ലാനിംഗ്—ചിത്രശാസ്ത്രഗ്രന്ഥം
8. സ്ത്രീപുരുഷ ശരീരശാസ്ത്രം— ലൈംഗികാവയവങ്ങളുടെ, വളർച്ച, പ്രവർത്തനം, വില 6 00
സംഭോഗരീതികൾ— ആധുനിക ലൈംഗിക ചിത്രശാസ്ത്രം
9: കാമശാസ്ത്രം — വാൽസ്യയനൻ മുതൽ ഹാവ്‌ലോക് എല്ലിസ്‌വരെ നിർദ്ദേ വില 6 00
ശിച്ചിട്ടുള്ള കാമലീലകൾ— ചിത്രങ്ങൾസഹിതം
10: രാസക്രീഡ — ഉത്തമ ലൈംഗിക ചിത്രശാസ്ത്രഗ്രന്ഥം വില 5 00
11: സ്ത്രീകളും പ്രസവരഹസ്യവും — ചിത്രശാസ്ത്രഗ്രന്ഥം വില 4 00
12: വിവാഹജീവിതവും സംയോഗരീതികളും— ചിത്രഗ്രന്ഥം വില 3 00
13: ഇഷ്ടസന്താനലാഭവും ജനനനിയന്ത്രണവും വില 3 00
14: ദാമ്പത്യജീവിതം — ആധുനികചിത്രശാസ്ത്രം വില 2 00
15: അത്ഭുതവാർത്തകൾ — അവിശ്വസനീയമായതു് വില 2 00
16; സംഭോഗശാസ്ത്രം — കല്യാണമാലയുടെ കാമശാസ്ത്രം വില 2 00
വി: പി: ചിലവു പുറമേ, ചിത്ര കാററ്‌ലോഗ് സൗജന്യം. വില 2 00
F. P. A. I., Thariannagar, VIA — Tiruvalla- R M S, KERALA.

കേരള
ദിനേശ് ബീഡി
കണ്ണൂർ

കുന്നതു്. "ബാഹ്യയാഥാർത്ഥ്യത്തെ നമ്മുടെ ആവിഷ്കരണം കൊണ്ടു് മിന്നിത്തിളക്കി, കല നമ്മോടു് നമ്മെപ്പററിത്തന്നെ സംസാരിക്കുന്നു—ആന്തരികയാഥാർത്ഥ്യത്തിന്റെ, വികാരത്തിന്റെ ഭാഷ മാത്രമേ അതിനു സംസാരിക്കാനാവൂ." സമൂഹത്തിലൂടെ യാഥാർത്ഥ്യവുമായി സജീവബന്ധം പുലർത്തുന്ന മനുഷ്യനെക്കുറിച്ചാണു് കല സംസാരിക്കുന്നതു്. നമ്മുടെതന്നെ അഭിലാഷങ്ങളെ ഭാവനാസൃഷ്ടിയിലൂടെ പരിശോധിക്കുകയാണതിന്റെ ക്രിയ. ഈ അർത്ഥത്തിലാണു് യഥാർത്ഥലോകത്തിലെ പ്രവർത്തനങ്ങളുടെ വഴികാട്ടിയായി അതു മാറുന്നതു്. "നാം നമ്മുടെ ജീവിതം എങ്ങനെയിരിക്കണമെന്നാഗ്രഹിക്കുന്നുവോ, അങ്ങിനെയാണു് ഒരു നോവൽ—മഹാപ്രശ്നങ്ങൾ നിറഞ്ഞ ജീവിതം അല്പത്വം നിറഞ്ഞതോ ചൈതന്യരഹിതമോ അല്ല, മറിച്ചു് മരണത്തെപ്പോലും ഉദാത്തശബ്ദമാക്കി മാററുന്നു." സഹജവാസനകളുടെ ആവശ്യകതയെക്കുറിച്ചു ബോധവാന്മാരാക്കി, കല മനുഷ്യന്റെ സ്വാതന്ത്ര്യത്തെ വികസിപ്പിക്കുന്നു.

പ്രകൃതിദത്തമായ വ്യക്തിസത്ത (geno-type ബോധമണ്ഡലം നിർമ്മിക്കുന്നതു് സമൂഹത്തിൽ പ്രവർത്തിച്ചു കൊണ്ടാണു്. അതുകൊണ്ടു് അവബോധം സമൂഹത്തിന്റെ സൃഷ്ടിയാണു്. എന്നുവച്ചാൽ അവബോധത്തിനു് ഒരു സാമൂഹ്യഘടകമുണ്ടു് എന്നല്ല അർത്ഥം. അവബോധത്തെ കെട്ടിപ്പടുക്കുകയെന്നാൽ മനസ്സിനെ (psyche) സമൂഹവല്ക്കരിക്കുകയെന്നാണർത്ഥം. മനുഷ്യസംസ്കാരത്തിന്റെ ചരിത്രത്തിൽ, ചിന്തയുടെ വികാസത്തോടൊപ്പം സുഖദുഃഖങ്ങളോടുള്ള സംവേദനക്ഷമതക്കൂടുതൽ കൂടുതലായിവരുന്നു "അന്ധവും നിർവികാരവുമായ സഹജവാസനകളുടെമേൽ സംസ്കാരത്തിന്റെ യുഗങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമാണു് വർണ്ണശബളമായ വികാരങ്ങൾ." അനന്തപ്രതിഭാസങ്ങളുടെ ഇരിപ്പടമാണു് ആ ബോധമണ്ഡലം. കല നേരിട്ടു് വ്യക്തിമനസ്സിൽ ചെയ്യുന്ന കാര്യം, വ്യക്തിക്കു് പ്രത്യേകമായ നിസ്തുലമായ തനതായ ഒരു വൈകാരികലോകം പ്രദാനം ചെയ്യുന്നു എന്നതാണു്. വ്യക്തിത്വത്തിന്റെ സാക്ഷാത്കാരത്തിനു് അങ്ങിനെ സഹായിക്കുന്ന, ഒരു വൈകാരികസഹായിയാണു് കല. കലയുടെ പരോക്ഷമായ ധർമ്മമാണു് കൂട്ടായി അനുഭവിക്കുന്ന വികാരത്തിലൂടെ നിശ്ചിതസാമൂഹ്യലക്ഷ്യങ്ങൾ നേടാവുന്ന രീതിയിൽ വ്യക്തിയുടെ അഭിലാഷങ്ങളെ പൊതുവായ ചില ചാലുകളിലേക്കു് സമ്മേളിപ്പിക്കുക എന്നതു്.

IV

കൃതികളെക്കുറിച്ചു പ്രത്യേകമായി പരാമർശിക്കാതിരുന്നതാണു് കോഡ്വെലിന്റെ ഏററവും ദുർബ്ബലമായ വശം. ഏതെങ്കിലും ഒരു കലാസൃഷ്ടിയുടെ ധർമ്മത്തെപ്പററി കോഡ്വെലിനു സംസാരിക്കാൻ കഴിഞ്ഞില്ല. മുതലാളിത്തത്തിന്റെ ആരംഭകാലത്തു് വ്യക്തിവാദപരമായ കവിത നാമ്പെടുത്തതു് ആ കാലഘട്ടത്തിന്റെ പൊതുവികാരം ആവിഷ്കരിക്കുന്നതു കൊണ്ടാണെന്ന കൊട്ടത്താപ്പിലുള്ള പ്രസ്താവം അദ്ദേഹം നടത്തുന്നു. സാമൂഹ്യബന്ധങ്ങളുടെ നിഷേധം അന്നു് മനുഷ്യനെ കൂടുതൽ സ്വതന്ത്രനാക്കി; കാരണം അതു് ഫ്യൂഡൽബന്ധങ്ങളായിരുന്നു. ബൂർഷ്വാ സമ്പദ്‌വ്യവസ്ഥ ഈ ബന്ധങ്ങളെ കാലഹരണപ്പെടുത്തിക്കഴിഞ്ഞിരുന്നു. അത്തരത്തിലുള്ള സ്വാതന്ത്ര്യം പ്രയോഗത്തിൽ സാക്ഷാത്കരിക്കാവുന്നതുമായിരുന്നു. പക്ഷേ ഇങ്ങിനെ പറഞ്ഞുപറഞ്ഞു വന്നിട്ടു് പിന്നീടു് സാഹിത്യത്തിന്റെ ധർമ്മാനുഷ്ഠാനത്തെക്കുറിച്ചല്ല, സാഹിത്യം എങ്ങിനെ സാമ്പത്തികമായി നിർണ്ണയിക്കപ്പെട്ട കാലഘട്ടസ്വഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നതെന്നു് ചർച്ചചെയ്യുവാനാണു് കോഡ്വെൽ മെനക്കെടുന്നതു്. ഉദാഹരണമായി ഷേക്സ്പിയറെക്കുറിച്ചു പറയുന്നതു ശ്രദ്ധിക്കാം:

> ബൂർഷ്വാമിഥ്യയുടെ അഗാധതയിൽ ഷേക്സ്പിയർ ഊളിയിട്ടുവെന്നതിനും, മനുഷ്യസമുദായത്തെക്കുറിച്ചു് അദ്ദേഹത്തിനുണ്ടായിരുന്ന മഹത്തായ പിടിപാടിനും തെളിവു് അദ്ദേഹം ആത്യന്തികമായി ഒരു ദുരന്തനാടകകൃത്തായിരുന്നു എന്നതാണു്. വ്യക്തിത്വങ്ങളുടെ നിരങ്കുശമായ ഈ



ഗൃഹോപകരണ
സമ്പാദ്യപദ്ധതി

1500
രൂപയുടെ ബംപർ സമ്മാനങ്ങൾ ആദ്യനറുക്കെടുപ്പിൽ

30,000
രൂപയുടെ പ്രോത്സാഹന സമ്മാനങ്ങൾ

UNICON

C-20/- രണ്ടു ഡിവിഷനുകൾ D-10/-

1976 സെപ്തംബർ 12 ാം തിയ്യതി ആരംഭിക്കുന്നു

വിശദ വിവരങ്ങൾക്കു് 30 പൈസ സ്റ്റാമ്പു്
സഹിതം എഴുതുക

electrolinks
PALLIMUKKU, M. G. ROAD,
ERNAKULAM-COCHIN 682016

സ്വാതന്ത്ര്യം അദ്ദേഹത്തെ കാലഘട്ടത്തിന്റെ അനിവാര്യതയിലേയ്ക്കു് ഇറക്കിനിർത്തുന്നു. മുതലാളിത്തത്തിന്റെ ഗതിനിർണ്ണയിക്കുന്ന വൈരുദ്ധ്യത്തിന്റെ ആവിഷ്ക്കരണം ഷേക്സ്പിയറുടെ ദുരന്തനാടകങ്ങളിൽ വീണ്ടും വീണ്ടും ആവിഷ്കരിക്കപ്പെടുന്നു — "ആന്റണിയും ക്ളിയോപാട്രയും", "റോമിയോവും ജൂലിയററും" എന്നീ നാടകങ്ങളിൽ, ഏററവും ലളിതവും ഏററവും വിക്ഷുബ്ധവുമായ ചോദന, യാതൊരു ബന്ധനവും തടസ്ഥവും അംഗീകരിക്കാതെ സ്നേഹിക്കുക എന്നതാണു്. ഈ സ്നേഹം കാമിനീകാമുകന്മാരുടെ വിനാശം ഉറപ്പുവരുത്തുന്നു. ദേശീയത, കുടുംബവിധേയത്വം, യുക്തിബോധം, സ്വാർത്ഥത എന്നിവയെ അവഗണിക്കുന്നതും നിസ്സീമവുമായ അവരുടെ സ്നേഹത്തിന്റെ പേരിൽ, അവർ നീതിമത്കരിക്കപ്പെടുന്നു. അവരുടെ മരണം ധീരോചിതമാണു്, സാഹസികമാണു്. കാരണം അതു് ചരിത്രത്തിന്റെ ജീവതത്വമാകുന്നു: ഈ മരണം അനിവാര്യവും നടക്കേണ്ടതുമാണെന്നു നമുക്കു തോന്നുന്നു. "കണ്ണീരൊഴുക്കാൻ ഇവിടെ യാതൊന്നുമില്ല.

ഇതുപോലെയുള്ള വിമർശന പ്രസ്താവങ്ങൾ ഉപയോഗപ്രദമാണു്. എങ്കിലും ഇവ കോഡ്വലിന്റെ തന്നെ "ധർമ്മ"സിദ്ധാന്തത്തെ തെളിയിക്കുന്നില്ല. ഈ പരിമിതി ചിലപ്പോൾ അദ്ദേഹം തന്നെ അംഗീകരിക്കുന്നു. ഉദാഹരണമായി കീററ്സിനെ മഹാകവി എന്നു് അദ്ദേഹം വിളിക്കുന്നു. ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ കീററ്സിനെ നീതീകരിക്കാൻ അദ്ദേഹം ശ്രമിക്കുന്നില്ല, സ്വന്തം സിദ്ധാന്തങ്ങൾ തന്നെ പ്രത്യേക കലാസൃഷ്ടികളുടെ വെളിച്ചത്തിൽ വികസിപ്പിക്കാൻ സാധിച്ചില്ലെന്നല്ലേ ഇതു് ദ്യോതിപ്പിക്കുന്നതു്?

സ്വന്തം സമൂഹത്തിലെ കലയെക്കുറിച്ചു ചിന്തിക്കുമ്പോൾ കലയുടെ ധർമ്മത്തെ ആശ്രയിച്ചു് നിരൂപണം നടത്താൻ കോഡ്വലിനു കഴിയുന്നില്ല. ജനക്കൂട്ടത്തിനുവേണ്ടിയുള്ള കലയെ പരാമർശിക്കുമ്പോൾ മാത്രമേ അദ്ദേഹം അതല്പമെങ്കിലും ചെയ്യുന്നുള്ളൂ. കല ധർമ്മാനുഷ്ഠാനപരമല്ലെന്ന ബൂർഷ്വാ കലാകാരന്മാരുടെ വീക്ഷണത്തെ അദ്ദേഹം വിമർശിക്കുന്നു. പക്ഷേ ആധുനികസമൂഹത്തിൽ കല എങ്ങിനെ ധർമ്മനിർവ്വഹണം ചെയ്യുന്നുവെന്നു പറയാതെ, മററു പറഞ്ഞിട്ടും കാര്യമുണ്ടോ? ബൂർഷ്വാകലയെ അദ്ദേഹം ചരിത്രപരമായി വീക്ഷിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ ഉത്ഭവം വ്യക്തിയുടെ ഹൃദയമാണെന്ന മിഥ്യയിൽ നിന്നാണു് ബൂർഷ്വാകല വന്നതു്. വികസിതവർഗ്ഗങ്ങളുള്ള ഒരു സമുദായത്തിൽ, ഈ സ്വാതന്ത്ര്യം ഭരണവർഗ്ഗത്തിന്റെ സ്വാതന്ത്ര്യമായിരിക്കും. ഇതുപറയുമ്പോൾ "അസ്തിത്വം അവബോധത്തെ നിർണ്ണയിക്കുന്നു" എന്ന വാക്യത്തിന്റെ യാന്ത്രികമായ പ്രയോഗവല്ക്കരണമാണു് കോഡ്വൽ സ്വീകരിക്കുന്നതു്. പത്തൊൻപതാം നൂററാണ്ടിലെ നോവലിസ്റ്റുകളെക്കുറിച്ചു് കോഡ്വൽ പറയുന്നു: "ലോകത്തിന്റെ ദുരിതം അവരെ ശ്രാന്തരാക്കുന്നു; എന്നാൽ അതു് സൃഷ്ടിക്കുന്ന വർഗ്ഗത്തെ പരിരക്ഷിക്കാൻ കാലത്തിന്റെ ശക്തികൾ അവരെ നിർബ്ബന്ധിക്കുകയും ചെയ്യുന്നു." പക്ഷേ ആ കലാസൃഷ്ടികളുടെ ധർമ്മമെന്തു്? കോഡ്വൽ ഉത്തരം പറഞ്ഞിട്ടില്ല.

മലയാളനാട്
വാരിക
വരിസംഖ്യാനിരക്കു്
ഒരുവർഷത്തേക്കു് 40-00രൂ.
ആറുമാസത്തേക്കു് 20-00രൂ.
ഒററപ്രതി 00-75സ.
വിദേശങ്ങളിൽ അയയ്ക്കുന്നതിനു് വരിസംഖ്യാനിരക്കിൽനിന്നും പോസ്റ്റേജ് കൂടുതലായിരിക്കുന്നതാണു്.
—മാനേജർ.

* * *

(11-ൽനിന്നു തുടർച്ച)

"എന്താ ഡോക്ടറേ, എന്റെ മോന്റെ രോഗം?"

ഡോക്ടറുടെ ചുണ്ടുകൾ അനങ്ങുന്നതും നോക്കിനിൽക്കാൻ എനിക്കു് കഴിഞ്ഞില്ല. എന്റെ തല കറങ്ങി.

എന്നെ ആരോ താങ്ങി.

ബോധം വന്നപ്പോൾ എന്റെ തല താങ്ങിയതു് എന്റെ [illegible]യാണെന്നു് ഞാനറിഞ്ഞു.

* * *



എന്റെ ആദ്യത്തെ പ്രസംഗം....

ഞാൻ ആദ്യമായി ഒരു പ്രസംഗം ചെയ്തതു് ഇരുപതാമത്തെ വയസ്സിൽ, തഴവാ മഹാദേവദേശായി സ്മാരകവായനശാലയുടെ ഉദ്ഘാടനയോഗത്തിലാണു് എന്നെക്കൊണ്ടു് അങ്ങനെ ഒരു സാഹസം പ്രവർത്തിപ്പിച്ചതു് ശ്രീ. കുമ്പളത്തുശങ്കുപ്പിള്ളയും. ഇതു് 1943-ലാണു്.

വിദ്യാർത്ഥികൾക്കിടയിൽനിന്നു് "ക്വിറ്റിന്ത്യാ"പ്രക്ഷോഭണത്തിൽ പങ്കെടുത്തു് ജയിൽവാസംവരിച്ച ഒരു പയ്യനെന്നനിലയ്ക്കു് കുമ്പളത്തിനു് എന്നോടു് ഒരു പ്രത്യേക സ്നേഹംതന്നെ തോന്നി. ഞാൻ ലോക്കപ്പിൽനിന്നു മടങ്ങിയെത്തിയ ഉടനേ കുമ്പളം ഒരാളെ അയച്ചു് എന്നെ കാണണമെന്നു് ആവശ്യപ്പെട്ടു. ഞാൻ സൈക്കിൾമാർഗ്ഗേണ പന്മനയിലുള്ള അദ്ദേഹത്തിന്റെ ആശ്രമത്തിലെത്തി. അതൊരു തീരുമാനത്തിന്റെ തുടക്കം കുറിക്കലായിരുന്നു. സ്റ്റേറ്റ് കാൺഗ്രസ്സിന്റെ ഡിവിഷൻ കമ്മിറ്റി സിക്രട്ടറിയായി എന്നെ അവരോധിക്കാനുള്ള തീരുമാനം അദ്ദേഹം അതിനിടെ എടുത്തുകഴിഞ്ഞിരുന്നു. കുമ്പളത്തിന്റെ തീരുമാനം: അഴിക്കാനോ ആജ്ഞലംഘിക്കാനോ അന്നു് ഈ രാജ്യത്തു് ആരും ശക്തരായിരുന്നില്ല.

അദ്ദേഹം എന്നോടു് ആദ്യമായി ആവശ്യപ്പെട്ടതു്. അടുത്ത ഞായറാഴ്ച തഴവായിൽ ഒരു വായനശാല ഉദ്ഘാടനംചെയ്യുന്നുണ്ടു്, ഞാൻ അതിൽ ഒരു സ്വാഗതപ്രസംഗംചെയ്യണം എന്നായിരുന്നു. മഹാത്മാഗാന്ധിയുടെ പ്രൈവറ്റ് സിക്രട്ടറിയായിരുന്നു. ആയിടെ അന്തരിച്ച മഹാദേവദേശായിയുടെ സ്മാരകമായി തുറക്കുകയാണു് ആ വായനശാല.

പ്രസംഗമെന്നതു് എന്നെ സംബന്ധിച്ചിടത്തോളം അന്നു് ഒരു പേടിസ്വപ്നം തന്നെയായിരുന്നു. അതിനുമുൻപു് ഞാൻ ചെയ്തു എന്നു അവകാശപ്പെടാവുന്ന ഏക പ്രസംഗം തലേവർഷം തിരുവനന്തപുരം സയൻസ് കാളേജുവളപ്പിൽ വലിഞ്ഞുകയറിചെയ്ത ഒരു നിയമലംഘനപ്രസംഗം മാത്രമാണു്. പ്രസംഗമെന്നു പറയത്തക്കപോലെ അന്നൊന്നും ചെയ്തില്ല ഒരു പാതിരാത്രിയ്ക്കു് സ്വയമെഴുതി കാണാപ്പാഠം പഠിച്ച മൂന്നോ നാലോ വാചകങ്ങൾമാത്രം സയൻസ് കാളേജിന്റെ പോർട്ടിക്കോവിൽ ഉയർന്ന ആ കൽക്കെട്ടിൽ കയറിനിന്നു് മൂന്നോ നാലോ ആവർത്തി അതേവാചകങ്ങൾ ഞാൻ വിളിച്ചുപറഞ്ഞു. അറസ്റ്റുചെയ്യാനുള്ള പോലീസെത്താൻ വീണ്ടും താമസം നേരിട്ടെങ്കിൽ, അതേ പ്രസംഗം വീണ്ടുമെനിക്കു് പല ആവർത്തി പറയേണ്ടിവന്നേനെ സ്റ്റോക്കു് അത്ര പരിമിതമായിരുന്നു.

വായനശാലാപ്രസംഗത്തിനുള്ള ചാൻസ് ശരിക്കു് പ്രയോജനപ്പെടുത്താൻ തന്നെ ഞാൻ നിശ്ചയിച്ചു: അക്കാലത്തു് വായിച്ച പല പുസ്തകങ്ങളിലും നിന്നു് എന്നെ ആകർഷിച്ച പല വാചകങ്ങളും ഞാൻ കടലാസ്സിൽ പകർത്തിയെടുത്തു. എന്നിട്ടു്, സുദീർഘമായ ഒരു പ്രസംഗമായി അതെല്ലാംകൂടി ജോടിച്ചേർക്കുകയും ശരിക്കു് കാണാപ്പാഠമാക്കുകയും ചെയ്തു. അതോടൊപ്പം ഒരു മേലേക്കിടനേതാവിനു ചേർന്നവിധം നീണ്ട ഖദർജുബ്ബായിട്ടു്, ഷാൾ പുതച്ചു്, ഗാന്ധിത്തൊപ്പിയണിഞ്ഞു് വേഷം ഗംഭീരമാക്കുകയും ചെയ്തു.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പിയായിരുന്നു യോഗാദ്ധ്യക്ഷൻ. അന്നു് അദ്ദേഹം എം. എൽ. ഏ. യുമായിരുന്നു. എന്റെ സ്വാഗതപ്രസംഗം അദ്ധ്യക്ഷന്റെ പ്രതീക്ഷയേയും കവച്ചുവച്ചു് വളരെ നീണ്ടു: വാസ്തവത്തിൽ, അതു് എന്റെ പ്രതീക്ഷയിലും വളരെ കവിഞ്ഞുപോയിരുന്നു. നിർത്തേണ്ടതു് എവിടെയെന്നോ എങ്ങനെയെന്നോ, എനിക്കറിഞ്ഞുകൂടായിരുന്നു: നല്ല ഓർമ്മശക്തി ഉണ്ടായിരുന്ന കാലമാകയാൽ, കാണാപ്പാഠം: പഠിച്ചതൊക്കെ മുറപോലെ പറയാൻ കഴിഞ്ഞു. പക്ഷേ, അതിന്റെ നീളം പ്രതീക്ഷയേയെല്ലാം കവച്ചുവച്ചുകളഞ്ഞു.

ശ്രീ. കുമ്പളം അദ്ധ്യക്ഷവേദിയിൽതന്നെ ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹമൊരു പിതാവിന്റെ കൗതുകത്തോടെ എന്റെ വാഗ്വൈഭവത്തിൽ സന്തോഷിക്കുന്നതായി എനിക്കനുഭവപ്പെട്ടു. അതെനിക്കൊരു പ്രോത്സാഹനവുമായി. ഏതായാലും സ്വാഗതപ്രസംഗം കഴിഞ്ഞു് ഞാൻ പിന്മാറിയപ്പോൾ, തമ്പിസാർ തന്റെ ഉപക്രമമാരംഭിച്ചു. "പാൽപ്പായസമായാലും അധികമായാൽ മടുത്തുപോകും" എന്ന ആമുഖത്തോടുകൂടിയാണു് അദ്ദേഹം ഉപക്രമമാരംഭിച്ചതു്. അതായതു്, എന്റെ പ്രസംഗം ഒരു ബോറടിയായിപ്പോയി എന്നു് സൂചന. കാര്യമെപ്പോഴും എവിടെയും തുറന്നുപറയുന്നതിൽ ഒരു ദാക്ഷിണ്യവുമുള്ളയാളല്ല ശങ്കരനാരായണൻ തമ്പി. എങ്കിലും അദ്ദേഹം എന്നെ കൂടുതൽ നോവിച്ചില്ല. പിന്നീടു് വളരെക്കാലത്തോളം തമ്പിസ്സാറിന്റെ അനുയായിയായി പ്രസംഗിക്കാനും പ്രവർത്തിക്കാനും എനിക്കു് ഇടയായിട്ടുണ്ടു്. അദ്ദേഹം ആദ്യം നൽകിയ ആ താക്കീതു് എനിക്കു് ഔചിത്യബുദ്ധിയുണ്ടാകുവാൻ വളരെ സഹായകമാവുകതന്നെ ചെയ്തു.

ഈ പ്രസംഗദിവസംതന്നെ ശ്രീ. കുമ്പളം എനിക്കു മറ്റൊരു ജോലികൂടിതന്നു. അതും ഒരു പ്രസംഗം തന്നെ. അക്കാലത്തു് എസ്. എൻ. ഡി. പി. യോഗത്തെ സ്റ്റേറ്റ് കാൺഗ്രസ്സിന്റെ പക്ഷത്തേക്കു് അടുപ്പിക്കാനുള്ള ഒരു ശ്രമം നടന്നുവരികയായിരുന്നു. അതിന്റെ ഭാഗമായി ഓച്ചിറവച്ചു് കരുനാഗപ്പള്ളി എസ്. എൻ. ഡി. പി. യൂണിയന്റെ വാർഷികയോഗം നടത്തുകയാണു്. സി. കേശവൻ യോഗാദ്ധ്യക്ഷൻ. ആ യോഗത്തിൽ ഞാൻകൂടി ചെന്നു് ഒരു പ്രസംഗം ചെയ്യണമെന്നാണു് മൂപ്പിലാന്റെ (ഞങ്ങളൊക്കെ ശ്രീ. കുമ്പളത്തിനെ ബഹുമാനസൂചകമായി വിശേഷിപ്പിച്ചിരുന്നതു് "മൂപ്പിൽ" എന്നാണു്) നിർദ്ദേശം. അങ്ങനെ പറഞ്ഞതിനു് ഒരു പ്രത്യേകകാരണം കൂടി ഉണ്ടായിരുന്നു. എന്റെ അച്ഛൻ എസ് എൻ ഡി പി യുടെ ഒരു പ്രമുഖനേതാവും സ്റ്റേറ്റ് കാൺഗ്രസ്സ് വിരോധിയുമായിരുന്നു: ആ നിലയ്ക്കു് സ്വന്തം സ്ഥലത്തു് ഇങ്ങനെയൊന്നു് നടക്കുന്നതു് നല്ലതാണെന്നു് അവർ കരുതി.

ഓച്ചിറ വകയ്ക്കും ഞാനൊരു പ്രസംഗമെഴുതി കാണാതെ പഠിച്ചു. പക്ഷേ, അതിനു് ദൈർഘ്യം വളരെ കുറഞ്ഞിരുന്നു. തമ്പിസ്സാറിന്റെ താക്കീതു് വളരെ ഫലിച്ചു. കഷ്ടിച്ചു പത്തു മിനിട്ടിലൊതുങ്ങുന്നൊരു നല്ല പ്രസംഗം ഞാൻ ചെയ്തു എന്നാണു് എന്റെ ഭാവം. അതു സാധൂകരിക്കുന്ന വിധം യോഗാദ്ധ്യക്ഷനായ ശ്രീ. സി. കേശവൻ എന്നെ തോളിൽ തട്ടി പ്രോത്സാഹിപ്പിക്കുകയും ഉപസംഹാരപ്രസംഗത്തിൽ എന്നെ വ്യക്തിപരമായി പ്രശംസിച്ചു പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

അവിടെ അന്നത്തെ എന്റെ സഹപ്രസംഗകനായിരുന്ന കെ. ബാലകൃഷ്ണൻ, സി. കേശവന്റെ മകനെന്ന നിലയ്ക്കു മാത്രമല്ല, ശക്തനായൊരുപ്രസംഗകനെന്നനിലയ്ക്കും ബാലൻ അന്നു് സദസ്യരുടെ പ്രീതി നേടുകയുണ്ടായി. ബാലകൃഷ്ണൻ അന്നുചെയ്ത മാതിരി ഒരു മലയാളപ്രസം

ശ്രീചക്രഗീതി

നെല്ലിക്കൽ മുരളീധരൻ

നൃത്തമാടുക, മന്ത്രമോതി
മദന്തരംഗതമസ്സിലിന്നു
വരച്ച "ചക്ര"മതിന്റെ കേന്ദ്ര-
സമാധി ബിന്ദുവിലംബികേ!
ക്ഷുത്തൃഡാദി പുകഞ്ഞുമങ്ങിയ
ചിത്തമോടെയലഞ്ഞു ഞാൻ
ക്ഷുദ്രമാംക്ഷര ലൗകികങ്ങളി-
ലെന്നുമെന്നു—മഹന്തതൻ
നീലശൃംഗതരംഗമാലക-
ളിളകിയാടി ഞരമ്പിലങ്ങിനെ...
കാമലോഭമദങ്ങൾ തന്നിരു-
ളാണ്ടുമങ്ങി മിഴിയങ്ങിനെ...
നിടിലഹുതവഹശോണദീപ്തി
ചൊരിഞ്ഞു, കുന്തളമുന്നഴിഞ്ഞു, വി-
ടർന്ന കൺകളിലാദിശുദ്ധി-
ദയാമൃതങ്ങൾ വിളങ്ങി, നൂപുര-
കങ്കണങ്ങൾകിലുങ്ങി, മുഗ്ദ്ധ
കപോലകാന്തിയിലിന്ദ്രചാപ-
നിറങ്ങളേഴുമിണങ്ങി നർത്തന-
മാടൂ, നർത്തനമാടുനീ!
അന്ധകാരമുടഞ്ഞു, ദുഃഖ-
മടങ്ങി, ഭീതിയൊതുങ്ങി, യാന-
മൊടുങ്ങിഞാനനിമേഷലോക-
സുഖങ്ങളിൽ വിലയിച്ചിടട്ടെ
വിലാസിനീ!
ചണ്ഡനൃത്തമിതിന്റെതാള-
മതായിമാറി വസുന്ധര;
ഗഗനമോശ്രുതിയായി; ഭൂത-
ഗണങ്ങൾ നന്തുണിമീട്ടവേ,
നാഡിയേഴുമുരുക്കി, യസ്ഥി-
യുരുക്കി, മോഹമുരുക്കി, രാഗ-
മുരുക്കി, ജന്മമുരുക്കിയഗ്നി-
വളർത്തി ജീവനിലംബികേ!
അർച്ചനാകുസുമങ്ങളായ്തവ
പാദപത്മദലങ്ങളിൽ
താരകങ്ങളിറുത്തെറിഞ്ഞിത,
കുമ്പിടുന്ന നിശീഥിനി...
ഭക്തിനിർഭരമുച്ചരിച്ച
മഹർഷികൾ തവ നാമമേക-
മനാരതം ശ്രുതിശുദ്ധമക്ഷര-
മംബികേ...ജഗദംബികേ!
അംബികേ! തുടികൊട്ടിയാടുക;
പ്രളയമേഘനിനാദമാം
അട്ടഹാസമുണർത്തി ദിക്കുക-
ളെട്ടുമാദിമഹസ്സിലാഴ്ത്തി-
യ മംഗലങ്ങളറുത്തെറിഞ്ഞു-
നിരർത്ഥജന്മകഥാന്തരങ്ങ-
ളഴിച്ചു സത്യമുഖാഭയും വെളി
വാക്കി നിർവൃതിയേകി നീ
നൃത്തമാടുക, മന്ത്രമോതി
മദന്തരംഗതമസ്സിലിന്നു
വരച്ച "ചക്ര"മതിന്റെ കേന്ദ്ര-
സമാധിബിന്ദുവിലംബികേ!

—o—

ഗം, പിന്നീടൊരിക്കലും അദ്ദേഹത്തിൽനിന്നു് ഞാൻ കേട്ടിട്ടില്ല, എന്നാൽ കുറേനാൾ കഴിഞ്ഞു് ശ്രീമതി അരുണാഅസഫലി തിരുവനന്തപുരത്തു വന്ന ദിവസം ലോ കോളേജ് പരിസരത്തു വച്ചു് ബാലൻ ചെയ്ത ഇംഗ്ലീഷ് പ്രസംഗം ശൈലീഭംഗികൊണ്ടും ഊഷ്മളത കൊണ്ടും ഹൃദ്യാകർഷകമായി എനിക്കു തോന്നി.

കഴിഞ്ഞ മുപ്പത്തഞ്ചു വർഷത്തിനുള്ളിൽ ഞാൻ അനേകശതം പ്രസംഗങ്ങൾ ചെയ്തിട്ടുണ്ട്. ചില പ്രസംഗങ്ങൾ മണിക്കൂറുകളോളം നീണ്ടുനിന്നിട്ടുണ്ട്. എന്നാൽ, ഇന്നു് ഒരു സമ്മേളനത്തിലും പത്തുമിനിട്ടിലധികം നേരം പ്രസംഗിക്കാനുള്ള കഴിവ് എനിക്കില്ല. സ്വയം വിശ്വസിക്കാത്തതു പറയാനുള്ള പ്രയാസമല്ലാതെ മറെറാന്നുമല്ല ഇതിനു കാരണം. മററുള്ളവർ ചെയ്യണമെന്നു് നമ്മൾ ആവശ്യപ്പെടുന്നതു്, സ്വയം ചെയ്യാൻ നമ്മൾ തയ്യാറാണോ എന്നു് ആലോചിക്കുമ്പോൾ, പറയാനുള്ള വാക്കുകൾ ചുരുങ്ങിപ്പോകുന്നു. ഇക്കണക്കിനു് ഇനി ഒരിക്കലും ഒരു നല്ല പ്രസംഗകനാകാൻ എനിക്കാവില്ല എന്നും സ്വയം ഉറപ്പായിരിക്കുന്നു.

***

ഏകാകിനി

മംഗലശ്ശേരി

മധുവിധുവിന്റെ ആദ്യരാത്രിയിൽത്തന്നെ മനസ്സിലുയർത്തിയ സ്വപ്നങ്ങളെ ബലികഴിക്കേണ്ടിവന്ന നിസ്സഹായയായ ഒരു പെൺകുട്ടിയുടെ കരുണാർദ്രമായ കഥയാണു് എം. ടി. കറുത്തചന്ദ്രനിൽ പറയുന്നതു്. "രാജാവിന്റെ മെത്തയുടെ അരുകിൽ അല്പമാത്രം സ്ഥലമെടുത്തു് നനയുന്ന കണ്ണുകൾ ജാലകമറയ്ക്കപ്പുറത്തെ ഇരുണ്ട രാത്രിയിലേക്കുയർത്തി അവൾ വെറുങ്ങലിച്ചപോലെ കിടന്നു" എന്നവസാനിക്കുന്ന ആ കഥ ഞാൻ പലയാവർത്തി വായിച്ചിട്ടുള്ളതാണു്. നവാഗതനായ ഒരു സംവിധായകൻ ഈ കഥയെ ആസ്പദമാക്കി ഒരു ചിത്രം നിർമ്മിക്കുന്നുവെന്നു് കേട്ടനാൾമുതൽ ആർത്തിയോടെ കാത്തിരിക്കയായിരുന്നു. ഇന്നലെയാണു് "കറുത്തചന്ദ്ര"ന്റെ വെള്ളിത്തിരരൂപം കണ്ടതു്. ചിത്രത്തിന്റെ പേരു് ഏകാകിനി. രാജാവിന്റെ മെത്തയിൽ കിടന്നു് അസഹ്യതയോടെ വെറുപ്പോടെ "എന്നെ തൊടരുതു്" എന്നു് പത്മം പറയുന്നടത്തു് എം. ടി. യുടെ ഭാവാത്മകമായ കഥ അവസാനിക്കുന്നു. പക്ഷേ പണിക്കർ ചിത്രം ഇവിടെ അവസാനിപ്പിക്കുന്നില്ല. വർണ്ണദീപങ്ങൾ പിടിപ്പിച്ച ജലധാരകൾ മഴവില്ലുകൾ നിർമ്മിക്കുന്ന പ്രസിദ്ധമായ ആ ഉദ്യാനം കാണാൻ ഭർത്താവിനോടൊത്തു് മധുവിധുവിന്റെ ആദ്യനാളുകളിൽ ഇറങ്ങിത്തിരിച്ച ആ പെൺകുട്ടിയുടെ മനസ്സിന്റെ ചലനങ്ങളെ കുറേക്കൂടി ഒപ്പിയെടുക്കാൻ സംവിധായകൻ ശ്രമിച്ചിരിക്കുന്നു. മുഗ്ദ്ധമോഹങ്ങൾ നെയ്തെടുത്ത ആ സാങ്കല്പികോദ്യാനം ഒരിക്കലുംവരാത്ത അതിഥിയാണെന്നു മനസ്സിലായ ശോഭ തന്നോടുതന്നെ നീതികാട്ടാൻവേണ്ടി എല്ലാററിനോടും വിടപറഞ്ഞു് അനശ്വരതയിലേക്ക് നടന്നകലുന്നു. തികഞ്ഞ ഭാവാത്മകത ഈ അന്ത്യത്തിനുണ്ടു്. സിനിമയെന്ന മാദ്ധ്യമത്തെക്കുറിച്ചു് തികഞ്ഞ ബോധമുള്ള ഒരു സംവിധായകനെ ഈ ചിത്രത്തിൽ കണ്ടു എന്നതിൽക്കവിഞ്ഞു് ആവേശത്തോടും അഭിമാനത്തോടും മൊത്തത്തിൽ ഒരഭിപ്രായം പറയാൻ എനിക്കു കഴിയുകയില്ല.

അവ്യക്തതയിൽ അലിഞ്ഞുനില്ക്കുന്ന ടൈററിൽ ദൃശ്യങ്ങൾ നമ്മുടെ മനസ്സിലുയർത്തുന്ന ഭാവങ്ങളുടെ തീവ്രത ചെറുതല്ല.

ചിറകുയർത്തി പറക്കുന്ന പ്രാവും പരിശുദ്ധിയുടേയും നിഷ്കളങ്കതയുടേയും പര്യായമായ മുയലും പ്രത്യേകം ശ്രദ്ധിക്കുക. സമരസപ്പെടാൻ കഴിയാത്ത സംസ്കാരത്തിന്റെ സന്തതിയായ രവിയുടേയും, സ്വപ്നങ്ങളെ മാത്രം മനസ്സിനുള്ളിൽ താലോലിച്ചുകഴിയുന്ന ശോഭയുടേയും വ്യത്യസ്തങ്ങളായ വീക്ഷണഗതികൾ സംവിധായകൻ ഇവിടംമുതൽ വരച്ചുകാട്ടുകയാണു്. "അതിർത്തിയിലേക്ക് ആറുനാഴികയുണ്ടെന്നു് ചൂണ്ടുപലക രേഖപ്പെടുത്തുന്ന അങ്ങാടിയുടെ തുടക്കത്തിൽ കരിങ്കല്ലു് നിറക്കുന്ന ഒരു ലോറിയുടെ പിന്നിൽ അയാൾ കാർ നിർത്തി" എം. ടി. യുടെ കഥയാരംഭിക്കുന്നതിങ്ങനെയാണു്: ചിത്രത്തിലെ കല്യാണവും കരവയിടീലും കണ്ടപ്പോൾ കഥയുടെ തുടക്കംതന്നെയാണു് നന്നെന്നു തോന്നി സിനിമയ്ക്കു്. സ്വപ്നങ്ങൾക്ക് ചിറകുതുന്നാനും ചിരിക്കാനുമുള്ള കഴിവുനഷ്ടപ്പെട്ട ആദ്യരാത്രിയുടെ ചിത്രീകരണം അസ്സലായി. ശോഭയുടെ മനസ്സിലൂടെനമുക്ക് കടന്നു

പോകാൻഒരു പാതയാണ് പണിക്കർ ഒരുക്കുന്നത്. ശോഭ ഒരിക്കലും തന്റെ മനസ്സിലുള്ളത് വിശദീകരിക്കുന്നില്ല, മററാരും ശോഭയ്ക്കുവേണ്ടി പറയുന്നുമില്ല. പക്ഷേ പണിക്കരും രാമചന്ദ്രബാബുവും കൂടി ആ ഏകാകിനിയുടെ മനസ്സിന്റെ ഒരു നെടുവീർപ്പും ഗദ്ഗദവും ഒരു കണ്ണാടിയിലെന്നപോലെ നമുക്ക് കാട്ടിത്തരുന്നു. ചലച്ചിത്രത്തിന് ഒരു വ്യാകരണമുണ്ടെങ്കിൽ ആ വ്യാകരണം നല്ലപോലെമനസ്സിലാക്കാൻ ശ്രമിക്കുന്ന ആത്മാവിഷ്ക്കാരതല്പരവുമായ പ്രതിഭാശാലിയായ സംവിധായകനാണ് ജി. എസ്. പണിക്കർ എന്നു തീർത്തുപറയാം.

ജീവിതം എന്നും ഒരു മന്ദഹാസത്തിലൊതുക്കാൻ ശ്രമിച്ച നിഷ്ക്കളങ്കയായ ശോഭ, രവിയെ കണ്ടുമുട്ടുന്നതും അവർ തമ്മിൽ അനുരക്തരാവുന്നതും മററും ഫ്ളാഷ്ബാക്കിൽ ഒതുക്കത്തോടെ ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്. "പുസ്തകങ്ങൾക്കുള്ളിൽ കത്തുകൾ വരാൻ തുടങ്ങിയകാലത്ത് വേലിക്ക് മുകളിലൂടെ വാടകപ്പണം വാങ്ങിയസമയം വിരൽത്തുമ്പ് കൈത്തലത്തിൽ തൊട്ടപ്പോൾ തോന്നിയ കോരിത്തരിപ്പ്"ന്ന് എം. ടി. എഴുതിയത് വായിച്ചപ്പോൾ ഞാൻ കോരിത്തരിച്ചിരുന്നു. പക്ഷേ അത്തരം കോരിത്തരിപ്പ് ഏകാകിനി കണ്ടുകൊണ്ടിരുന്നപ്പോൾ ഉണ്ടായോ? ഞാൻ സംശയിക്കുന്നു. ആ സംശയം ഒരുപക്ഷേ പ്രായത്തിന്റേതാവാം. എങ്കിലും തിരക്കഥാരചയിതാവും സംവിധായകനും കുറേക്കൂടി ശ്രദ്ധയും മനോധർമ്മവും ഇവിടെ കാട്ടേണ്ടിയിരുന്നു.

ആദ്യത്തെ രാത്രി. കഥകളിൽകേട്ട മണിയറ. മധുവിധുവിന്റെ മാദകരാവുകളെന്ന വാക്കുകൾ മനസ്സിൽ പടുത്തുയർത്തിയ വികാരപ്രപഞ്ചം. പക്ഷേ, ആ അവിസ്മരണീയമായ രാത്രിയിൽ തന്റെ മാംസം മാത്രം ഞെരിഞ്ഞുതകർന്നപ്പോൾ താൻ കണ്ടതു മുഴുവൻ ദുഃസ്വപ്നങ്ങളായിരുന്നുവെന്ന് അവൾ ഊഹിച്ചു. ചെവിടോർത്ത് കാത്തിരിക്കാറുള്ള, കാൽവിരൽത്തുമ്പിൽനിന്ന് കോരിത്തരിപ്പിന്റെ അലകളുയർത്തുന്ന ആ മധുരമായ ചിരി, അടഞ്ഞ വാതിലിന്റെയും, നാലുചുമരുകളുടേയും സ്വാതന്ത്ര്യത്തിൽ, അവൾക്ക് ഭയപ്പെടുത്തുന്ന അട്ടഹാസമായാണ് അനുഭവപ്പെട്ടത്. മാംസത്തിന്റെ ദാഹംതീർന്ന് രവി തളർന്നുറങ്ങുമ്പോൾ, കരയുന്ന മനസ്സുമായി അവൾ തന്റെ നഷ്ടപ്പെട്ട സ്വപ്നങ്ങളുടെ ശവക്കല്ലറയിൽ തലതല്ലി ഏങ്ങുകയായിരുന്നു. രാമചന്ദ്രബാബു തന്റെ ക്യാമറയെ ശോഭയുടെ കണ്ണീരുനിറഞ്ഞ വികാരഭാവങ്ങളുടെ മുഖത്തേക്കാണ് തിരിക്കുന്നത്. രാധേടത്തിയേയും കുട്ടികളേയും, താഴത്തും കോലായിലും ഒതുങ്ങാത്ത വിരുന്നുകാരെയും മററും ഒരു മിന്നലായിട്ടെങ്കിലും കാണിച്ചിരുന്നെങ്കിൽ ശോഭയുടെ ഏകാന്തമനസ്സിന് കുറേക്കൂടി വ്യക്തത ലഭിക്കുമായിരുന്നു എന്നെനിക്കുതോന്നി,

തന്റെ എല്ലാമായ ശോഭയുടെ ഒരു നിശ്വാസത്തിനുപോലും അഭയംനല്കാൻ [illegible]കാട്ടാത്ത ക്രൂരനായ രവി. (ബാലചന്ദ്രമേനോൻ)

ജീവിതം എന്നും ഒരു മന്ദഹാസത്തിലൊതുക്കാൻ ശ്രമിച്ച പാവം പെൺകുട്ടി (ശോഭ)

ആദർശസുന്ദരമായ പൂവാടിയെത്തേടിയുള്ള അവരുടെ യാത്ര എം. ടി. യുടെ കഥയിലേതുപോലെമാത്രമേ പണിക്കർ പകർത്തിയുള്ളു. സംഭാഷണങ്ങൾ മിക്കവാറും അദ്ദേഹത്തിന്റേതുതന്നെ. ദീർഘമായ ഒരു യാത്രകഴിഞ്ഞ് ഗസ്റ്റ്ഹൗസിലെത്തിയ രവി, മാംസാഹാരം മാത്രമേ അവിടുള്ളു എന്നറിയുമ്പോൾ സസ്യഭുക്കായ ശോഭയെക്കുറിച്ച് പ്രത്യേകിച്ചൊരു ഉത്ക്കണ്ഠയും കാണുന്നില്ല. ഒരു ചായയിൽ അവൾ വിശപ്പിന് അഭയം നൽകുമ്പോൾ, കോഴിയുടെ തുടകളുമായി മല്ലിടുകയാണ് രവി. സമരസപ്പെടാൻ കഴിയാത്ത വ്യക്തിത്വമായതുകൊണ്ട് ഇതംഗീകരിക്കാനാവുമോ? ഗസ്റ്റ്ഹൗസിൽനിന്നും ബാലന്റെ വർക്ക്ഷാപ്പുവരെയുള്ള ദൃശ്യങ്ങൾ സിനിമയുടെ വ്യാകരണത്തിൽ നിന്നുകൊണ്ടാണ് എടുത്തിട്ടുള്ളതെങ്കിലും പലപ്പോഴും ഡ്രാഗുചെയ്യുന്നതായാണനുഭവപ്പെട്ടത്. മെക്കാനിക്കായ രവിയുടെ സുഹൃത്ത് ബാലൻ ശോഭയുടെ കൈപിടിച്ച് ഇന്റിമേററ് സ്പ്രേചെയ്യുന്നതും, പൂവെ

ടുത്തു് തലയിൽവെയ്ക്കാൻ ശ്രമിക്കുന്നതും വിശ്വസനീയമായില്ല. ബാലന്റെ ദാഹാർത്തമായ നോട്ടത്തിലും; "എനിക്കു് പെൺകുട്ടികളെയാണിഷ്ടം, ശോഭ എന്റെ ഭാര്യയേക്കാൾ സുന്ദരിയാണു്" എന്നു പറയുന്നതു് കേട്ടു് അതുമായി ലയിച്ചു് ചിരിച്ചു് ആഹ്ലാദിക്കുമ്പോഴും ഏകാകിനിയായ ശോഭയുടെ മുഖത്തു് നിഴലുകൾ വീണുപോവുന്നു. ഒരു കാര്യത്തിൽനിന്നു് സംവിധായകന്റെ ശ്രദ്ധ ഒരു നിമിഷം പോലും പാളിപോകുന്നില്ല. സങ്കല്പവും യാഥാർത്ഥ്യവും തമ്മിലുള്ള നിരന്തരസംഘട്ടനമാണല്ലോ ഏകാകിനിയുടെ സത്ത. നിറഞ്ഞുതുവുന്ന നയനങ്ങളോടെ നിശ്ശബ്ദവേദനയോടെ താക്കോൽക്കൂട്ടം രവിയുടെനേക്കു് വലിച്ചെറിഞ്ഞു്, തന്നോടുതന്നെയുള്ള അവഗണനയ്ക്കു് പരിഹാരമായി, പൊരുത്തപ്പെടാത്ത ആ അന്തരീക്ഷത്തിൽനിന്നു് രക്ഷപ്പെടുന്നതുവരെ ആ സത്തയുടെ ആത്മാവിൽ മുറുകെ പുണർന്നു നില്ക്കുവാൻ പണിക്കർക്കു് കഴിഞ്ഞു, ഇതു് സാധിച്ചിട്ടുള്ള സംവിധായകർ ഇൻഡ്യയിൽ കൈവിരലിലെണ്ണാവുന്നതേയുള്ളു. പക്ഷേ, രവിയുടെ സ്വഭാവരൂപീകരണത്തിൽ ആദ്യന്തം കൃത്രിമത്വമാണു് നിറഞ്ഞുനില്ക്കുന്നതു് എന്ന സത്യം വിസ്മരിക്കാനാവുന്നില്ല.

വിഷ്വൽസിനു് നൂറുശതമാനം പ്രാധാന്യം നൽകിയ ഒരു ചിത്രമാണു് ഏകാകിനി. സംഭവങ്ങൾ നിരവധിയുണ്ടിതിൽ. രണ്ടു മാനസികസംസ്കാരങ്ങളുടെ സംഘട്ടനത്തെപ്രതിബിംബിപ്പിക്കുന്നആ സംഭവങ്ങൾ എത്രയധികം സൂക്ഷ്മതയോടെയാണെന്നോ കൈകാര്യംചെയ്തിരിക്കുന്നതു്. എല്ലാം മനസ്സിലൊതുക്കി വീർപ്പുമുട്ടുന്ന ശോഭയുടെ സങ്കല്പങ്ങളെ, നിമിഷംതോറും ഗർഭംധരിക്കുന്ന സംഭവങ്ങൾ ആർത്തിയോടെ വിഴുങ്ങുന്നതു് പ്രേക്ഷകരെ ത്രസിപ്പിക്കുംവിധം പകർത്തിയിരിക്കുന്നതിൽ കാണിച്ചിരിക്കുന്ന ഔചിത്യവും ഭാവനയും പ്രശംസാർഹമാണു്. ശോഭയുടെ മനസ്സാണു്, തുഷാരബിന്ദുപോലെ പരിശുദ്ധമായ മനസ്സാണു്, ആ മനസ്സിൽ വീഴുന്ന രക്തത്തുള്ളികളാണു് ഏകാകിനിയുടെ ക്യാൻവാസ്. ചിത്രം തീരുമ്പോൾ മാത്രമേ ആ ക്യാൻവാസ് പൂർണ്ണമായി നിറയുന്നുള്ളു. ഒരു രാത്രികൊണ്ടു് ചിരിക്കാനുള്ള കഴിവു് നഷ്ടപ്പെട്ട ആ പെൺകുട്ടിയുടെ മനസ്സിന്റെ പൂർണ്ണരൂപം അപ്പോൾ മാത്രമാണു് പൂർണ്ണമാവുന്നതു്. പക്ഷേ, തീയേറ്റർവിട്ടു പുറത്തുപോകുന്ന പ്രേക്ഷകരുടെ മനസ്സിൽ ദൃശ്യബിംബങ്ങളുടെ അപൂർവ്വസൗന്ദര്യവും, ആ സൗന്ദര്യത്തിന്റെ കാമ്പോവിഷനു പിന്നിൽ നില്ക്കുന്ന കഴിവുറ്റ ഒരു സംവിധായകൻ മാത്രമേ നമ്മുടെ മനസ്സിലുള്ളു. ലോകോത്തരമായ ചലച്ചിത്രങ്ങളുടെ വിജയരഹസ്യം ഈ മിച്ചങ്ങൾ മാത്രമല്ലേ എന്നുവേണമെങ്കിൽ വാദിക്കാം. പക്ഷേ നമ്മുടെ മിച്ചങ്ങളുടെ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ നമുക്കിതുന്യായീകരിക്കാനാവുമോ? കഴിയില്ല. തീർച്ചയായും കഴിയില്ല.

ഏകാന്തമുഖിയായ ശോഭയെന്ന മാടപ്പിറാവിനെ തന്റെ വലയിലാകർഷിക്കാൻ ശ്രമിച്ച വിഡ്ഢി. ബാലൻ (ഇന്ദ്ര ബാലൻ)

രാമചന്ദ്രബാബുവാണു് ഛായാഗ്രഹണം നിർവ്വഹിച്ചിരിക്കുന്നതു്. നമ്മുടെ സിനിമകളിൽ ഭൂരിഭാഗവും ക്യാമറ അത്ഭുതം കാണിക്കുകയാണു് പതിവു്. പക്ഷെ രാമചന്ദ്രബാബു ക്യാമറയ്ക്കു് ഒരു ലക്ഷ്യമുണ്ടെന്നും, ആ ലക്ഷ്യത്തിലേക്കു് ഒരു ക്യാമറാമാൻ ഏതുരീതിയിൽ ചലിക്കണമെന്നും കാണിച്ചുതരുന്നു. ആദ്യഭാഗങ്ങളിൽ ശോഭയുടേയും രവിയുടേയും ക്ലോസ്സപ്പുകളും എക്സ്ട്രീം ക്ലോസ്സപ്പുകളുമാണു് അധികം. രണ്ടുപേരും അടുത്തറിയാനാഗ്രഹിക്കുകയാണു്, അടുക്കാനാഗ്രഹിക്കുകയാണു്. ആദ്യ മധുവിധുരാത്രികൾക്കുശേഷം അവർ അകലാനാരംഭിക്കുമ്പോൾ രാമചന്ദ്രബാബുവിന്റെ ക്ലോസ്സപ്പുകളും എക്സ്ട്രീം ക്ലോസ്സപ്പുകൾക്കും സ്ഥാനഭ്രംശം സംഭവിക്കുന്നു. മീഡിയം ഷോട്ടുകളിൽക്കൂടി ഒടുവിൽ ലോങ്ങ്ഷോട്ടുകളിലെത്തുന്നു. ചലച്ചിത്രത്തെ ഗൗരവമായെടുക്കുന്ന ഒരു വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം, ഒരാസ്വാദകനെ സംബന്ധിച്ചിടത്തോളം ഈ ചിത്രം വിലപ്പെട്ടതാണു്.

സ്വന്തം ജീവിതമൂല്യങ്ങൾക്കും വിശ്വാസങ്ങൾക്കുമിടയിൽ താൻ ഇഷ്ടപ്പെട്ടു് പ്രേമിച്ചിരുന്ന തന്റെ ഭാര്യയുടെ ഒരുനിശ്വാസത്തിനുപോലും ഇടംനൽകാത്ത രവിയുടെ റോളിൽ രവിമേനോൻ അനായാസമായി പിടിച്ചുനിന്നു. രവിമേനോന്റെ രൂപവും ഭാവവും ആ കഥാപാത്രത്തിനു് അനുയോജ്യമായി. മോഹമുഗ്ദ്ധമായ മനസ്സിൽ എന്നും തനതായ സങ്കല്പത്തിന്റെ പീലികൾ വിടർത്തിയിരുന്ന ശോഭ, ആ ഏകാന്തപഥിക മലയാളസിനിമയ്ക്കു് ആദ്യമാണു്. നാലുചുമരുകൾക്കുള്ളിൽ, തന്റെ മനസ്സിൽ ഒരു വർണ്ണപ്രപഞ്ചമായി പടർന്നുകയറിയ തന്റെ കാമുകന്റെ പുഞ്ചിരി പുഷ്പിക്കുന്നതുകാണാൻ കാത്തിരുന്ന ആ ഹതഭാഗ്യയെ; ആദ്യരാത്രിയുടെ ആദ്യയാമത്തിൽത്തന്നെ കട്ടിലിന്റെ ഞെട്ടിപ്പിക്കുന്ന ഞരക്കത്തിൽ ആ ചിരി കൊ

ദേശാഭിമാനി ലൈബ്രറി

സെപ്റ്റംബർ പുസ്തകങ്ങൾ

1. ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രം ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്.
2. ആഫ്രിക്കൻ കഥകൾ
വിവിധ ആഫ്രിക്കൻ എഴുത്തുകാരുടെ തിരഞ്ഞെടുത്ത കഥകൾ.
3. മിടുക്കൻ ബാബു
എം. എസ്സ്. കുമാർ എഴുതിയ കുട്ടികൾക്കുള്ള നോവൽ

മൂന്നു പുസ്തകങ്ങൾക്കുംകൂടി വില 16 രൂപ. അംഗങ്ങൾ അടക്കേണ്ടതു്.
തപാലിൽ 10 രൂ നേരിട്ടു് 9. 50 രൂ
പുതിയ അംഗങ്ങൾ അംഗത്വഫീസ്സ് 2 രൂപകൂടി അടക്കണം.
ബുക്ക് ഹൗസിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്ട്, കണ്ണൂർ ശാഖകൾ തൃശ്ശൂർ പീപ്പിൾസ്സ് ബുക്ക്ഹൗസ്സ്, ചിറ്റൂർ ബുക്ക്സെന്റർ, പാലക്കാട്ട് സി. എ. മുത്താൻ, മഞ്ചേരി ശ്രീനിലയം പ്രിന്റേഴ്സ്സ്, കോട്ടയത്തു് ടി. എസ്സ്. ഡൊമാനിക് എന്നിവര വരിസംഖ്യ സ്വീകരിക്കുന്നു.

ദേശാഭിമാനി ബുക്കു്ഹൗസു്.
ഹെഡ്ഡ് ഓഫീസ്സ്: തിരുവനന്തപുരം

ലുന്ന ഒരലർച്ചയായി മാറിയപ്പോൾ തകർന്നുപോയ ആ മാടപ്പിറാവിനെ; ദിവസങ്ങളോളം പൊരുത്തപ്പെടാൻ ശ്രമിച്ച് ഒടുവിൽ സ്വയം പരാജയപ്പെട്ട് തന്റെ സങ്കല്പങ്ങൾക്ക് പററിയ മുറിവുകളുണക്കാൻവേണ്ടി അനന്തതയിലെവിടെയോ ഒരഭയകേന്ദ്രം തേടിപ്പോകുന്ന ഏകാകിനിയായ ആ കഥാപാത്രത്തെ ശോഭയെന്ന കൊച്ചുപെൺകുട്ടി തന്റേതായ മുദ്രകൾ പതിപ്പിച്ചുകൊണ്ടഭിനയിച്ചു. ഒരു ബാലനടിയായി മാത്രം പ്രത്യക്ഷപ്പെട്ടിരുന്ന ശോഭയെ പണിക്കർ പ്രതീക്ഷയുണർത്തിയ ഒരു നായികയായി അവതരിപ്പിച്ചിരിക്കുന്നു. അധികം സംസാരിക്കാത്ത ശോഭയുടെ അസഹ്യതനിറഞ്ഞ, ഒരിക്കലും അലിയാൻകഴിയാത്ത അലിയുന്നു എന്നഭിനയിക്കുന്ന നോട്ടങ്ങൾ മനസ്സിൽനിന്നും മായുന്നില്ല. ഏകാകിനിയിൽ മൂന്നാമതൊരു കഥാപാത്രം കൂടിയേയുള്ളു, മെക്കാനിക്കായ ബാലൻ. വളരെക്കുറച്ചു രംഗങ്ങളേ ബാലനുള്ളു, പക്ഷേ ഇന്ദ്രബാലൻ അഭിനയിക്കാതെ ബാലനെ തൃപ്തികരമാക്കി. ഹോട്ടൽദൃശ്യങ്ങളിലെ അസ്വാഭാവികതയ്ക്ക് ഇന്ദ്രബാലനല്ലല്ലോ കാരണക്കാരൻ.

പി. ആർ. നായരും ജി. എസ്. പണിക്കരുംകൂടിയാണ് തിരക്കഥയും സംഭാഷണവും തയ്യാറാക്കിയിരിക്കുന്നത്. എം. ടി.–യുടെ കഥയ്ക്ക് തിരക്കഥയെഴുതുക എളുപ്പമുള്ള കാര്യമല്ല. അനായാസമാണെന്ന് വിശ്വസിച്ച ആസാദ് "പാതിരാവും പകൽവെളിച്ച"ത്തിൽ തറപററിയത് നാം കണ്ടതാണല്ലോ. "കറുത്തചന്ദ്ര"ന് തിരക്കഥാരചയിതാക്കൾ നീളം വർദ്ധിപ്പിച്ചെങ്കിലും, എം. ടി.–യുടെ ആർദ്രമായ വികാരഭാവങ്ങളുടെ നിറം അധികം മങ്ങിയിട്ടില്ല. സംഭാഷണത്തിന് തികഞ്ഞ സ്വാഭാവികതയുണ്ട്. പക്ഷേ, ഉച്ചരിക്കുന്നതിൽ പററിയ അപാകതകൾ കരടുകളായി മുഴച്ചുനിൽക്കുന്നു. സുരേഷ്ബാബുവാണ് ചിത്രം എഡിററുചെയ്തിരിക്കുന്നത്. മലയാളസിനിമയ്ക്ക് കഴിവുള്ള എഡിററന്മാരുടെ കുറവ് വളരെയാണ്. സുരേഷ്ബാബു ആ കുറവ് നികത്താൻ ശേഷിയുള്ള കലാകാരനാണെന്ന് തെളിയിച്ചിരിക്കുന്നു. പ്രഗത്ഭനായ എഡിററാണ് രവി. പക്ഷേ, സ്ട്രെയിററ്കട്ടുകൾ പലപ്പോഴും രവിയുടെ ചിത്രങ്ങളിൽ ജർക്ക്ചെയ്യുന്നതു കാണാം. ചിത്രത്തിന്റെ സ്വാഭാവികമായ താളത്തിനും ലയത്തിനും അനുയോജ്യമായിപ്പോകുന്ന ഈ സ്ട്രെയിററ്കട്ടുകൾ പലപ്പോഴും നമ്മെ മോഹിപ്പിക്കുന്നു. പുതിയ സിനിമയാണ്. സിനിമയ്ക്ക് ഒരു വ്യാകരണമുണ്ടെങ്കിൽ ആ വ്യാകരണത്തെ എഡിററായ സുരേഷ്ബാബു നല്ലപോലെ ഉൾക്കൊണ്ടിരിക്കുന്നു. ക്ഷേത്രത്തിൽ തൊഴുതുകൊണ്ടുനിൽക്കുന്ന ശോഭയുടെ ഫ്രെയിം ഓടിക്കൊണ്ടിരിക്കുന്ന കാറിന്റെ മീഡിയംഷോട്ടിലേയ്ക്ക് കട്ടുചെയ്തുചേർക്കുന്ന ഒരു ദൃശ്യംമാത്രമേയുള്ളു ഏകാകിനിയിൽ ജർക്ക്ചെയ്യുന്നതായി തോന്നിച്ചത്. എം. ബി. ശ്രീനിവാസനാണ് സംഗീതം പകർന്നിരിക്കുന്നത്. ഒരു ഗാനംപോലും ഏകാകിനിയിലില്ല. അതില്ലാതെതന്നെ ആദ്യന്തം ഇതിൽ സംഗീതം നിറസ്സുമായിരുന്നു, കാററിന്റേയും കടലിന്റേയും പൂവിന്റേയും മരങ്ങളുടേയും മനുഷ്യന്റേയും മനസ്സിന്റേയും സംഗീതംകൊണ്ട്. ഉത്തരായണം, നിർമ്മാല്യം, സ്വപ്നാടനം എന്നീ ചിത്രങ്ങൾ മുന്നിൽ കാണുമ്പോൾ എം. ബി. ശ്രീനിവാസൻ ഏകാകിനിയിൽ പരാജയപ്പെട്ടതായി തോന്നുന്നു.

ജാലിം
ലോഷൻ
ചൊറിച്ചിലിനും
പുഴക്കടിക്കും
ഒരുപുതിയ ഔഷധം
Oriental Chemical Works, RAO (Indore)

ജയഭാരതി, സോമൻ, റീന—രാജാങ്കണം എന്ന ചിത്രത്തിൽ

കഥാഖ്യാനത്തിന് ആധുനികസിനിമയിൽ സ്ഥാനമില്ല എന്നും, ദൃശ്യബിംബങ്ങളുടെ അപൂർവ്വതയിൽമാത്രം ഈ പുതിയ കലാകാരന്മാർ വിശ്വസിക്കുന്നുവെന്നും മലയാളത്തിലുള്ള, കൈവിരലിലെണ്ണാവുന്ന മാതൃകകളിൽ മുൻനിരയിൽനിൽക്കുന്ന ചിത്രമാണ് ഏകാകിനി. ന്യൂവേവ്, അണ്ടർഗ്രൗണ്ട് സിനിമ, ഫ്രീസിനിമ, പെർസണൽസിനിമ എന്നിങ്ങനെ പുതിയ സിനിമയുടെ ചാലുകൾ പലതാണ്. ഞാൻ ഈ ഭപതുകളിൽ വിശ്വസിക്കുന്നില്ല. നല്ല സിനിമയാണ് ഇവിടെ ആവശ്യം. ഏററവും വലിയ ദൃശ്യമാദ്ധ്യമമായ സിനിമയുടെ സിദ്ധികൾ പൂർണ്ണമായി ചൂഷണംചെയ്യുന്നവരെയാണ് പുതിയ സിനിമയുടെ വക്താക്കൾ എന്നു നാം വിശേഷിപ്പിക്കുന്നത്. ഇതാ പുതിയ സിനിമയുടെ പുതിയൊരു പാത കണ്ടെത്തിയ കുറേ ചെറുപ്പക്കാരായ ഏകാന്തപഥികരെ—ഏകാകിനിയിൽ കാണുക.

കാലത്തിന്റെ മാററത്തിൽ ജീവിതത്തിനു നേരിട്ട സങ്കീർണ്ണതയും, മാററത്തിനുവേണ്ടിയുള്ള ദാഹവും എല്ലാ കലകളിലും പ്രതിഫലിച്ചേ കഴിയൂ. നമ്മുടെ പ്രക്ഷോഭകാരികളായ ചലച്ചിത്രകാരന്മാരിൽ സിനിമയെന്ന ഏററവും വലിയ ബഹുജനമാദ്ധ്യമത്തെ ഏററവും കൂടുതൽ അടുത്തറിഞ്ഞയാളാണ് താനെന്ന് ജി. എസ്. പണിക്കർ ഏകാകിനിയിലൂടെ തെളിയിച്ചിരിക്കുന്നു. ഏകാകിനി മികച്ച ഒരു ചിത്രമായില്ലെങ്കിലും ലോകത്തെവിടെയും സിനിമ സ്വന്തമായ ഒരുമുഖം ഇനിയും നേടേണ്ടിയിരിക്കയാണ്. പുതിയ പാതകൾതേടുന്ന പുതിയ കലാകാരന്മാർ നിരന്തരം അതിനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ കൊച്ചുകേരളത്തിൽനിന്ന് പണിക്കർ എന്ന ഈ ചെറിയമനുഷ്യന് വലിയ സംഭാവനകൾ നൽകാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു. ആ വിശ്വാസം തെററല്ലെന്ന് ഏകാകിനി തെളിയിക്കുന്നു. നിർമ്മാല്യം, സ്വയംവരം, സ്വപ്നാടനം, ഉത്തരായണം, കബനീനദി ചുവന്നപ്പോൾ ഏററവുമൊടുവിൽ ഏകാകിനി, സമ്പൂർണ്ണസിനിമയിലേയ്ക്കുള്ള നമ്മുടെ പ്രയാണം വേഗതയിലാണെന്ന് തീർത്തുപറയാം.

—•—

മലയാളനാട്

അടുത്തലക്കം

തകഴിക്ക് പതിനഞ്ചുവയസ്സായപ്പോൾ, 1927ൽത്തന്നെ സാഹിത്യത്തിലെ അന്നത്തെ തമ്പുരാക്കന്മാർ "കേരളസാഹിത്യപരിഷത്" എന്ന സംഘടന സ്ഥാപിച്ചു. സ്വന്തംനിലനില്പായിരുന്നു; അതിന്റെ പ്രധാനലക്ഷ്യമെന്ന് ഓരോ പരിഷത്സമ്മേളനങ്ങളും തെളിയിച്ചു. പരിഷത്സമ്മേളനങ്ങളിൽ അന്നു നടന്ന പ്രസംഗങ്ങളേയും തീരുമാനങ്ങളേയും കുറിച്ച് കേസരി എ. ബാലകൃഷ്ണപിള്ള എഴുതിയ മുഖപ്രസംഗങ്ങൾ വായിച്ചാൽ ഇതു ബോദ്ധ്യമാകും. ആ മുഖപ്രസംഗങ്ങൾ അക്കാലത്തെ ദന്തഗോപുരസങ്കല്പങ്ങളുടെയുംഅജീർണ്ണതയുടേയും ബുദ്ധിപരമായ അസത്യത്തിന്റേയും അയുക്തിയുടേയും തനിനിറം വെളിപ്പെടുത്തുന്നതാണ്.

പി. ഭാസ്കരനുണ്ണിയുടെ
ലേഖനം
"തകഴി പതിനഞ്ചിലെത്തിയപ്പോൾ"

❖

എം. കൃഷ്ണൻനായരുടെ
സാഹിത്യവാരഫലം.

❖

തൊഴിലാളിവർഗ്ഗകലയ്ക്ക് മറെറാരു ന്യൂനതയുണ്ട് ഭാവപരമായ ദൗർബല്യം. ബൂർഷ്വാസിയുമായി തെററിപ്പിരിഞ്ഞ് തൊഴിലാളിവർഗ്ഗവുമായി കൂട്ടുകൂടുന്ന കലാകാരന്മാർക്ക് വിനാശകരമായവീക്ഷണമാണുള്ളതെന്നും കലാകാരന്മാർ എന്ന നിലയ്ക്ക് സൃഷ്ടിപരമായ ഒരു വീക്ഷണം അവർക്കില്ലെന്നും
നരേന്ദ്രപ്രസാദ്
സമർത്ഥിക്കുന്നു.
"അനുഭൂതിയുടെ ആഴങ്ങളിൽ
എന്തു സംഭവിക്കുന്നു?"
ലേഖനം തുടരുന്നു.

സ്വാമിയുടെ പ്രതിമ തകർത്ത രാത്രിയെക്കുറിച്ചാണ്
കാമ്പിശ്ശേരിയുടെ
"കണ്ടതും കേൾക്കാത്തതും

❖

വി. കെ. എൻ, സി. രാധാകൃഷ്ണൻ, സാറാതോമസ് എന്നിവരുടെ നോവലുകൾ

❖

സച്ചിദാനന്ദന്റെയും വി. സുന്ദരേശന്റെയും കവിതകൾ

❖

"നമുക്ക് ഉള്ള സ്ഥലത്തു വയ്ക്കാൻ പററിയ വീതി കുറഞ്ഞ വീടിനു പ്ലാൻ വരയ്ക്കാൻ ഏർപ്പാടു ചെയ്യൂ." അമ്മയുടെ കണ്ണുകളിൽ തിളക്കം. അകത്തെ മുറിയിലേക്കു നടക്കുമ്പോൾ തറയിൽ അഴിഞ്ഞു കിടക്കുന്ന ഉടുതുണിയിൽ നിറയെ ചെമ്മണ്ണു മായി അന്തോനി ബോധമില്ലാതെകിടന്നുരുളുന്നു
ജോയിക്കുട്ടി പാലത്തുങ്കലിന്റെ നോവലെററ്
"അതിത്തിയുടെ വേരുകൾ."

❖

ഒരു കറുത്തപെൺകുട്ടി കുതിരവാലുപോലെ തലമുടി റിബ്ബൺകൊണ്ട് കെട്ടിമുമ്പിൽവന്നുനില്ക്കുന്നു: കാമം കത്തിനീറുന്നചുണ്ടുകളിൽ വെളുത്തഅണപ്പല്ലുകളുരസുന്നു. കാൽമുട്ടുകളിൽ തങ്ങിനില്ക്കുന്ന പുള്ളിപ്പാവാട. കൃഷ്ണൻ അത്ഭുതപ്പെട്ടു.
പി. ആർ. നാഥന്റെ ചെറുകഥ
"കൃഷ്ണഗാഥ"

കെ. രാമചന്ദ്രന്റെ കഥകൂടി
"നിലാവസ്തമിച്ച രാവുകൾ"

❖

വി. ബി. സി നായരുടെ
മുഖഭാഗചിത്രങ്ങൾ
മംഗലശ്ശേരിയുടെ സിനിമ.

❖

ഗ്രന്ഥനിരൂപണം — ഗോപിനാഥ് കൊടുങ്ങല്ലൂർ, കത്തുകൾ

Edited Printed & Published by S. K. Nair, at New India Printers, Quilon.